# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

JUNE 2026 | Vol - 6 ● Issue - 6 ● 16 Page Tabloid | www.syromalabarvision.com

# കേരളത്തിലെ വിദ്യാഭ്യാസ മേഖല: വെല്ലുവിളികളും അപചയങ്ങളും



**റവ. പ്രൊഫ. ഡോ. ജയിംസ് ജോൺ മംഗലത്ത്**
**ഡയറക്ടർ, സെന്റ് ജോസഫ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, പാലാ**



> **കേരളം വിദ്യാഭ്യാസത്തിന്റെ ഹബ് എന്നും മാതൃകാസംസ്ഥാനം എന്നും സാക്ഷരതയുടെ പറുദീസ എന്നും വിശേഷിപ്പിക്കപെടുമ്പോഴും ഈ അവകാശവാദങ്ങളൊക്കെയും പൊള്ളത്തരമാണെന്നതിന്റെ സൂചനകൾ നമുക്ക് കാണാൻ സാധിക്കും. ഉന്നതവിദ്യാഭ്യാസത്തിനായി മലയാളികൾ ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങളിലേക്കും വിദേശത്തേക്കും ഒഴുകുമ്പോൾ കേരളത്തിന് വെളിയിലുള്ളവർ കേരളത്തിലേക്ക് വിദ്യാഭ്യാസം തേടി വരുന്നില്ല എന്നത് ഇതിനെ സാധുകരിക്കുന്നതാണ്.**

കേരളത്തിലെ വിദ്യാഭ്യാസമേഖല ഏറെ സങ്കീർണ്ണതകളും വെല്ലുവിളികളും നേരിടുന്ന കാലഘട്ടമാണിത്. 2020 ലെ നൂതന വിദ്യാഭ്യാസ മാർഗരേഖ നടപ്പിലാക്കപ്പെടുന്ന കാലഘട്ടം എന്ന നിലയിലും ആഗോളവത്കരണത്തിന്റെ ഫലമായുണ്ടാകുന്ന സാമൂഹിക സാംസ്കാരിക സമ്പദ് വ്യവസ്ഥയുടെയും മാറ്റത്തിന്റെ കാലഘട്ടമെന്ന നിലയിലും കേരളത്തിലെ പൊതു വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും ഏറെ പ്രതിസന്ധികളെ ഇന്ന് നേരിടുന്നുണ്ട്.

കേരളം വിദ്യാഭ്യാസത്തിന്റെ ഒരു ഹബ് എന്നും മാതൃകാസംസ്ഥാനം എന്നും സാക്ഷരതയുടെ പറുദീസ എന്നും വിശേഷിപ്പിക്കപെടുമ്പോഴും ഈ അവകാശവാദങ്ങളൊക്കെയും പൊള്ളത്തരമാണെന്നതിന്റെ സൂചനകൾ നമുക്ക് കാണാൻ സാധിക്കും. ഉന്നത വിദ്യാഭ്യാസത്തിനായി മലയാളികൾ ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങളിലേക്കും വിദേശത്തേക്കും ഒഴുകുമ്പോൾ കേരളത്തിന് വെളിയിലുള്ളവർ കേരളത്തിലേക്ക് വിദ്യാഭ്യാസം തേടി വരുന്നില്ല എന്നത് ഇതിനെ സാധുകരിക്കുന്നതാണ്.

കേരളത്തിലെ പൊതുവിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും ഗുണത്തിലും എണ്ണത്തിലും തകർച്ച നേരിടുന്നു എന്നുള്ളത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. സ്കൂൾ വിദ്യാഭ്യാസത്തിലെ പാഠ്യപദ്ധതിയിലെയും അധ്യാപന രീതികളിലെയും പോരായ്മകൾ പരിഹരിക്കപ്പേടേണ്ടതാണ്. പത്താം ക്ലാസ് മുഴുവൻ എ പ്ലസ്സോടെ വിജയിക്കുന്ന പല വിദ്യാർഥികൾക്കു പോലും മലയാളമോ ഇംഗ്ലീഷോ തെറ്റുകൂടാതെ പ്രയോഗിക്കുവാൻ കഴിയുന്നില്ല. എന്തിനേറെ, ചില വിദ്യാർഥികൾക്കെങ്കിലും തങ്ങളുടെ പേരും പഠിക്കുന്ന വിദ്യാഭ്യാസസ്ഥാപനത്തിന്റെ പേരും തെറ്റുകൂടാതെ എഴുതാൻ സാധിക്കുന്നില്ല എന്നത് നമ്മുടെ പതനത്തിന്റെ വ്യാപ്തി കാണിക്കുന്നതാണ്. മലയാളി വിദ്യാർഥികൾ നേരിടുന്ന മറ്റൊരു വെല്ലുവിളി ആശയവിനിമയത്തിലുള്ള അപചയമാണ്. ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളിലുള്ള 'വില്ലേജ് സിസ്റ്റം' കേരളത്തിൽ ഇല്ലാത്തതിനാലും ഓരോ വീടും ഒറ്റപ്പെട്ട് നിൽക്കുന്നതിനാലും കേരളത്തിൽ 'സോഷ്യലൈസേഷൻ' വളരെ കുറവാണ് എന്ന യാഥാർഥ്യം കുട്ടികളുടെ ആശയവിനിമയത്തെ പലപ്പോഴും ബാധിക്കുകയും വിദ്യാർഥികളെ അന്തർമുഖരും നാണം കുണുങ്ങികളുമാക്കി മാറ്റുകയും ചെയ്യുന്നുണ്ട്. മാറിമാറി വരുന്ന സർക്കാരുകൾ ഒളിഞ്ഞും തെളിഞ്ഞും തങ്ങളുടെ ആശയസംഹിതകൾ കുട്ടികളിൽ അടിച്ചു കയറ്റുന്നതിനാവശ്യമായ സിലബസുകൾ രൂപപ്പെടുത്തു മ്പോൾ ജനാധിപത്യം, സെക്കുലറിസം, സത്യം, നീതി, സ്നേഹം, സഹിഷ്ണുത, ഈശ്വരചിന്ത, സമത്വം, പൗരബോധം, മാതാപിതാക്കൾ, മുതിർന്നവർ, അധ്യാപകർ, സ്ത്രീകൾ, നിരാലംബർ മുതലായവർക്ക് നൽകേണ്ട ആദരവ്, തുടങ്ങിയ മൂല്യങ്ങൾ മറന്നുപോകുന്നുണ്ട്. പാഠ്യപദ്ധതിയുടെ ഭാഗമായി പഠിക്കുന്ന കാര്യങ്ങൾ, പരിശീലിക്കുന്നതിനുള്ള സംവിധാനങ്ങളുടെ കുറവും എടുത്തു പറയേണ്ടതാണ്.

പൊതുവിദ്യാഭ്യാസ മേഖലയിൽ ഓൾ പ്രമോഷൻ നിർത്തലാക്കുന്നതും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളെങ്കിലും നന്നായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും പറ്റിയ രീതിയിൽ പഠിപ്പിക്കുന്നതും വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് സഹായിക്കും. അന്തർദേശീയ ഭാഷയായ ഇംഗ്ലീഷിന്റെ പ്രാധാന്യം കുറയ്ക്കുന്നത് ഒരു രീതിയിലും വിദ്യാർഥികൾക്ക് ഗുണകരമാവുകയില്ല. വിദ്യാർഥികളുടെ ക്രിട്ടിക്കൽ തിങ്കിങ്, മൂല്യബോധം ഇവ വളർത്തുന്നതിനാവശ്യമായ സിലബസ് രൂപീകരിക്കണം.

കുട്ടികളുടെ ആശയവിനിമയം സമ്പുഷ്ഠമാക്കുന്ന തരത്തിലുള്ള പാഠ്യേതര പ്രവർത്തനങ്ങളും അവരെ ബഹിർമുഖരാക്കുന്നതിനുള്ള സംവിധനങ്ങളും വിദ്യാഭ്യാസത്തിൽ ഉണ്ടായേ തീരൂ.

അതോടൊപ്പം തന്നെ ഫിസിക്കൽ എഡ്യൂക്കേഷൻ ക്ലാസ്സുകൾ കുട്ടികൾക്ക് നിർബന്ധമായും നൽകണം. പ്രകൃതിയോടും നാടിനോടും ഇണങ്ങിച്ചേർന്ന് ജീവിക്കുന്നതിനുള്ള പരിശീലവും നൈപുണ്യവികസനത്തിനുള്ള സംവിധാനങ്ങളും സ്കൂൾതലം മുതൽ ഉണ്ടാവണം.

ഉന്നതവിദ്യാഭ്യാസ മേഖല നേരിടുന്ന വെല്ലുവിളികൾ ഇതിന്റെയെല്ലാം തുടർച്ചയാണ്. അടിസ്ഥാനപരമായ അറിവുകളും വേണ്ടത്ര ഭാഷാസ്വാധീനവുമില്ലാത്ത കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിലേക്ക് വരുമ്പോൾ നിലവാരത്തകർച്ച സ്വാഭാവികമാണ്. ചില യൂണിവേഴ്സിറ്റികളിലെങ്കിലും ഇന്റേണൽ അസസ്മെന്റിന് ഹാജർ കണക്ക് കൂട്ടാതിരിക്കുമ്പോൾ വിദ്യാർഥികൾ ക്ലാസിൽ കയറാതെ നടക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നുണ്ട്. പല ക്യാമ്പസ് സിനിമകളും നല്കുന്ന വികലമായ ആശയങ്ങളിൽപ്പെട്ട് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്ലാസുകൾ നാമമാത്രമായേ ഉള്ളു എന്നും ക്ലാസിൽ കയറേണ്ടതില്ലെന്നും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എപ്പോഴും പാട്ടും ഡാൻസും പാഠ്യേതര പ്രവർത്തനങ്ങളുമാണ് ഉള്ളതെന്നും ധരിച്ചുവശായ വിദ്യാർഥികളുടെ എണ്ണം കുറവല്ല. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സിലബസ് മികച്ച യൂണിവേഴ്സിറ്റികളുടേതാക്കുന്നതിന് പകരം 'ഇസങ്ങളേയും' സ്വാർത്ഥ താത്പര്യങ്ങളേയും സംരക്ഷിക്കുന്നതിന് ഉപയുക്തമായ സിലബസ് രൂപികരിക്കുന്നതിനു മാത്രം രൂപപ്പെടുത്തുന്ന പഠനബോർഡുകൾ കാണുമ്പോൾ പരിണിതപ്രഞ്ജരായ അധ്യാപകരും പണ്ഡിതരും മുക്കത്ത് വിരൽവച്ച് പോകാറുണ്ട്. യൂണിവേഴ്സിറ്റിയുടെ പഠന ബോർഡുകളിൽ പാണ്ഡിത്യവും അനുഭവജ്ഞാനവും ഉള്ളവരെ മാറ്റി നിർത്തി അധ്യാപക യൂണിയൻ പ്രവർത്തകരെ പ്രതിഷ്ഠിക്കുമ്പോൾ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശവക്കുഴി തോണ്ടിക്കഴിഞ്ഞിരിക്കുന്നു എന്ന് മനസ്സിലാക്കുക. അത് മനസ്സിലാക്കുന്നവർ തങ്ങളുടെ മക്കളെ ഡൽഹി യൂണിവേഴ്സ്സിറ്റിയുടേയും മറ്റ് സെൻട്രൽ യൂണിവേഴ്സിറ്റികളുടേയും സിലബസ് പഠിപ്പിക്കുവാൻ കേരളത്തിൽ നിന്ന് മാറ്റുന്ന പ്രവണത വർദ്ധിച്ചുവരുന്നുണ്ട്. പുതിയ സിലബസ് പഠിച്ച് പഠിപ്പിക്കാൻ കഴിവില്ലാത്തവരും അതിന് മെനക്കെടാൻ തയ്യാറല്ലാത്തവരുമായ അധ്യാപകർ ഈ പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നവരാണ്.

കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൂതനങ്ങളായ പ്രോഗ്രാമുകൾ, (വിശിഷ്യാ എയ്ഡഡ് മേഖലയിൽ) ആരംഭിക്കുന്നതിനും അധ്യാപക പോസ്റ്റുകൾ അനുവദിക്കുന്നതിനും ഗവൺമെന്റുകൾ ശ്രദ്ധിക്കാറില്ല. 2020-ൽ 105 എയ്ഡഡ് കോളേജുകളിൽ അനുവദിച്ചു നല്കിയ എയ്ഡഡ് കോഴ്സുകൾക്ക് ഇതുവരേയും സ്ഥിരം അധ്യാപക തസ്തികൾ അനുവദിച്ച് നൽകിയിട്ടില്ല. തുടർച്ചയില്ലാത്ത അതിഥി അധ്യാപകർ ക്ലാസ്സുകളെടുക്കുമ്പോൾ ക്ലാസ്സുകളുടെ ഗുണനിലാവാരവും അച്ചടക്കവും വിട്ടുവീഴ്ച ചെയ്യപ്പെടാറുണ്ട്. സാമ്പത്തിക ഞെരുക്കത്തിന്റെ പേരു പറഞ്ഞ് ബിരുദാനന്തര ബിരുദഅധ്യാപകരുടെ ആനുപാതിക മൂല്യം എടുത്ത് കളഞ്ഞപ്പോൾ അത് ബിരുദാനന്തര ബിരുദത്തിന്റെ നിലവാരത്തെയും വിദ്യാർഥികളുടെ പ്രോജക്ടുകളുടെ ഗുണനിലവാരത്തെയും അധ്യാപകരുടെ ഗവേഷണത്തെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇതുമൂലം ആവിർഭവിച്ച അധ്യാപക വിദ്യാർഥി അനുപാതത്തിലെയും ഗവേഷണത്തിലെയും ഇടിവ് വിദ്യാർഥികളേയും അവരുടെ മെന്ററിംഗിന്റെ നിലവാരത്തെയും സ്ഥാപനങ്ങളുടെ അക്രഡിറ്റേഷനെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്.

കേരളത്തിന് പുറത്ത്, ഗുണനിലവാരമുള്ള കോളേജുകൾ സ്വയംഭരണ കോളേജുകളും പ്രൈവറ്റ് യൂണിവേഴ്സിറ്റികളും ഡീംഡ് യൂണിവേഴ്സിറ്റികളുമായി മാറുമ്പോൾ കേരളത്തിലെ കോളേജുകൾക്ക്, രാഷ്ട്രീയ പാർട്ടികളുടെ കടുംപിടിത്തത്തിന്റെ ഫലമായി, അവ നോക്കി നിൽക്കാനേ സാധിക്കുന്നുള്ളു. ഇങ്ങനെ സ്ഥാപനങ്ങൾ വളർന്നു പോയാൽ, അവ തങ്ങളുടെ ചൊൽപ്പിടിക്ക് നിൽക്കാതാവുമോ എന്ന അധികാരികളുടെ ആശങ്കയാണ് കേരളത്തെ ഈ പ്രക്രിയയിൽ നിന്നും പിന്നോട്ടടിക്കുന്നത്. പുതിയ ഗവൺമെന്റ് ഈ രംഗത്ത് മാറ്റങ്ങൾ കൊണ്ടുവരുമെന്ന് പ്രതീക്ഷിക്കുന്നു.

വിവിധങ്ങളായ സാമൂഹിക മാനസിക ചുറ്റുപാടുകളിലുള്ള വിദ്യാർഥികളെ സംസ്കാരസമ്പന്നരും അച്ചടക്കബോധവുമുള്ളവരാക്കുന്ന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലുണ്ടാകുന്ന ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളെ മുൾമുനയിൽ നിർത്താൻ സംഘടനകളും പാർട്ടികളും മത്സരിക്കുമ്പോൾ അവയെ നേരിടുവാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തങ്ങളുടെ ഊർജ്ജവും സമയവും പണവും വ്യയം ചെയ്യുന്നത് സമൂഹത്തിന് വലിയ നഷ്ടമുണ്ടാക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളെ ചൊൽപ്പടിയിൽ നിർത്താൻ ഗവൺമെന്റുകളും യൂണിവേഴ്സിറ്റികളും തങ്ങളുടെ അധികാരം പ്രയോഗിക്കുമ്പോഴും തങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിയമനടപടികളിലേക്ക് പോകുമ്പോഴും സമൂഹത്തിനായി ചിലവഴിക്കപ്പെടേണ്ട ഊർ

ശേഷം പേജ് 4-ൽ

## എഡിറ്റോറിയൽ

# വിദ്യാഭ്യാസം: സമഗ്രമനുഷ്യനെ രൂപപ്പെടുത്തുന്ന പ്രക്രിയ

മനുഷ്യസമൂഹത്തിന്റെ വളർച്ചയുടെയും പുരോഗതിയുടെയും അടിസ്ഥാനശിലയാണ് വിദ്യാഭ്യാസം. അതിനാൽത്തന്നെ വിദ്യാഭ്യാസത്തെ കേവലം തൊഴിൽ നേടുന്നതിനുള്ള യോഗ്യതയായോ പരീക്ഷകളിൽ ഉന്നത വിജയം കൈവരിക്കുന്നതിനുള്ള മാർഗമായോ മാത്രം കാണാൻ കഴിയില്ല. യഥാർഥ വിദ്യാഭ്യാസം മനുഷ്യനെ സമഗ്രമായി രൂപപ്പെടുത്തുകയും അവന്റെ ബുദ്ധിയെയും ഹൃദയത്തെയും മനസ്സാക്ഷിയെയും ഒരുപോലെ വളർത്തുകയും ചെയ്യുന്നതാണ്.

ഇന്നത്തെ ലോകം അതിവേഗ മാറ്റങ്ങളിലൂടെ കടന്നുപോകുകയാണ്. സാങ്കേതികവിദ്യയുടെ വളർച്ചയും വിവരങ്ങളുടെ പ്രളയവും മനുഷ്യന് അനന്തമായ സാധ്യതകൾ തുറന്നുകൊടുക്കുമ്പോൾ, അതോടൊപ്പം മൂല്യച്യുതിയുടെയും വ്യക്തികേന്ദ്രീകൃത ജീവിതശൈലിയുടെയും വെല്ലുവിളികളും ഉയർത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസം അറിവ് പകരുന്നതിലുപരി വിവേകം വളർത്തുകയും സത്യവും നന്മയും തിരിച്ചറിയാനുള്ള കഴിവു നല്കുകയും വേണം.

കത്തോലിക്കാ സഭ എന്നും വിദ്യാഭ്യാസത്തെ ഒരു വിശുദ്ധ ദൗത്യമായി കണ്ടിട്ടുണ്ട്. വിദ്യാർഥികളെ മികച്ച പ്രൊഫഷണലുകളാക്കുന്നതിനേക്കാൾ നല്ല മനുഷ്യരാക്കുക എന്നതാണ്ക്രൈസ്തവ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. കരുണയും നീതിബോധവും സാമൂഹിക ഉത്തരവാദിത്വവും ദൈവവിശ്വാസവും ജീവിതത്തിൽ വളർത്തിയെടുക്കാൻ സഹായിക്കുന്നതാണ് യഥാർഥ വിദ്യാഭ്യാസം. കുടുംബം, വിദ്യാലയം, സമൂഹം എന്നീ മൂന്നു ഘടകങ്ങളും വിദ്യാഭ്യാസപ്രക്രിയയിൽ നിർണായക പങ്കുവഹിക്കുന്നു. മാതാപിതാക്കൾ കുട്ടികളുടെ ആദ്യ അധ്യാപകരാണ്. അധ്യാപകർ അറിവിന്റെ വെളിച്ചം പകരുന്ന വഴികാട്ടികളാണ്. സമൂഹം വിദ്യാഭ്യാസത്തിന്റെ ഫലങ്ങൾ അനുഭവിക്കുകയും അതിനെ പിന്തുണയ്ക്കുകയും ചെയ്യുന്ന വലിയ വേദിയാണ്. ഇവരുടെ കൂട്ടായ പരിശ്രമത്തിലൂടെയാണ് ഒരു നല്ല തലമുറ രൂപപ്പെടുന്നത്. വിദ്യാഭ്യാസരംഗത്ത് വലിയ നേട്ടങ്ങൾ കൈവരിച്ചിരിക്കുന്ന നമ്മുടെ സമൂഹം, അതിന്റെ ആത്മീയവും ധാർമികവുമായ അടിത്തറ കൂടുതൽ ശക്തിപ്പെടുത്തേണ്ട സമയമാണിത്. അറിവിനൊപ്പം മൂല്യങ്ങളും, കഴിവുകൾക്കൊപ്പം കരുണയും, വിജയത്തിനൊപ്പം സേവനമനോഭാവവും വളർത്തിയെടുക്കുമ്പോഴാണ് വിദ്യാഭ്യാസം അതിന്റെ യഥാർഥ ലക്ഷ്യം സാക്ഷാത്കരിക്കുന്നത്.

കൃത്രിമ ബുദ്ധിയുടെ കാലഘട്ടത്തിൽ മനുഷ്യമഹത്വത്തെ സംരക്ഷിക്കുന്നതിനെക്കുറിച്ചുള്ള തന്റെ ആദ്യ ചാക്രികലേഖനത്തിൽ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ ഇന്നു വിദ്യാഭ്യാസരംഗം അഭിമുഖീകരിക്കുന്ന അടിയന്തരവും ഗൗരവമേറിയതുമായ അനേകം വെല്ലുവിളികളെക്കുറിച്ചു പരാമർശിക്കുന്നതിനുമുൻപ് വിദ്യാലയങ്ങളുടെ പ്രാധാന്യത്തെയും വിദ്യാലയങ്ങൾ തെരഞ്ഞെടുക്കുന്നതിൽ മാതാപിതാക്കൾ പ്രദർശിപ്പിക്കേണ്ട ജാഗ്രതയെയുംകുറിച്ചു പറയുന്നുണ്ട്. പുതിയ തലമുറകൾക്കു സത്യത്തെ അന്വേഷിക്കാനും സ്നേഹിക്കാനും ജീവിതത്തിന്റെ അർഥത്തെക്കുറിച്ച് ചിന്തിക്കാനും ഓരോ വ്യക്തിയുടെയും അന്തസ്സും മഹത്വവും തിരിച്ചറിയാനും പഠിക്കാൻ കഴിയുന്ന സ്ഥലമാണ് വിദ്യാലയം. അതുകൊണ്ടുതന്നെ, ബന്ധങ്ങൾ സൃഷ്ടിക്കാനുള്ള കഴിവും വിമർശനാത്മക ചിന്താശേഷിയും ദൃഢമായ മൂല്യങ്ങളും സ്വന്തമാക്കി തങ്ങളുടെ മക്കൾ വളരണമെന്ന് ആഗ്രഹിക്കുന്ന മാതാപിതാക്കൾ, തങ്ങളുടെ ധാർമിക, സാംസ്കാരിക, മതവിശ്വാസങ്ങളോട് യോജിച്ച രീതിയിൽ മക്കൾക്കു ലഭിക്കേണ്ട വിദ്യാഭ്യാസവും രൂപീകരണവും തിരഞ്ഞെടുക്കണമെന്നു പരിശുദ്ധ പിതാവ് ലെയോ മാർപാപ്പ മാതാപിതാക്കളെ ഓർമിപ്പിക്കുന്നു (നം. 143).

വിദ്യാഭ്യാസം ഹൃദയത്തെ പാകപ്പെടുത്തുന്ന ഇടമാകണം; ഇല്ലെങ്കിൽ അറിവു വർധിച്ചാലും മനുഷ്യൻ ചുരുങ്ങിപ്പോകും. മനുഷ്യത്വം നഷ്ടപെടുന്ന മനുഷ്യർ വരുത്തിവച്ചുകൊണ്ടിരിക്കുന്ന തിന്മയുടെ വേലിയേറ്റങ്ങളെ തടുക്കാൻ നന്മ നിറഞ്ഞ ഹൃദയങ്ങൾ പ്രതിരോധം തീർക്കണം. വിദ്യാഭ്യാസം സമൂഹത്തിൽ ഫലം നല്കുന്നത് അപ്പോഴാണ്. പുതിയ അധ്യയനവർഷം എല്ലാ വിദ്യാർഥികൾക്കും അധ്യാപകർക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപെട്ടു പ്രവർത്തിക്കുന്ന എല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെ! ■

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**എക്സിക്യൂട്ടിവ് എഡിറ്റർ**
ഫാ. ടോം ഓലിക്കരോട്ട്
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ. ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ
**എഡിറ്റോറിയൽ ബോർഡ്**
ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ
ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ
ഫാ. ജിഫി മേക്കാട്ടുകളം
ഫാ. ജോഷി പാണംപറമ്പിൽ
ഫാ. സനൽ മാളിയേക്കൽ
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
സി. നവ്യ ടോം DST
സി. റോസ്മിത SMC
സി. ജെസ്സി മരിയ OP
**ഡിസൈൻ & പ്രിന്റ്** : ഡോൺ ബോസ്കോ IGACT, എറണാകുളം, Ph: 0484-2806411
**ഐ.ടി. സപ്പോർട്ട്** : ജോബ് ജോസഫ്
For Editorial queries: Email: syromalabarvision@gmail.com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

# ഓർമിക്കാനൊരു ദിനം

**ജൂൺ 1:** വിശുദ്ധ ജസ്റ്റിൻ

**ജൂൺ 2:** ധന്യൻ മാർ തോമസ് കുര്യാളശ്ശേരി മെത്രാന്റെ ചരമം (1925)

**ജൂൺ 4:** പരിശുദ്ധ കുർബാനയുടെ തിരുനാൾ

**ജൂൺ 8:** വിശുദ്ധ മറിയം ത്രേസ്യ

**ജൂൺ 9:** മാർ അപ്രേം

**ജൂൺ 11 :** മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി മെത്രാന്റെ ചരമം (1994), മാർ ബർണബാസ്

**ജൂൺ 12 :** ഈശോയുടെ തിരുഹൃദയതിരുനാൾ

**ജൂൺ 13:** പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയതിരുനാൾ

പാദുവായിലെ വിശുദ്ധ അന്തോണീസ്

**ജൂൺ 14:** മാർ കുര്യാക്കോസ് കുന്നശ്ശേരി മെത്രാപ്പോലീത്തയുടെ ചരമം (2017)

**ജൂൺ 18:** മാർ ജോൺ പെരുമറ്റം മെത്രാന്റെ ചരമം (2011)

മാർ പീറ്റർ കൊച്ചുപുരയ്ക്കൽ മെത്രാന്റെ അഭിഷേകം (2020)

**ജൂൺ 22:** വിശുദ്ധ ജോൺ ഫിഷർ, വിശുദ്ധ തോമസ് മൂർ

**ജൂൺ 24:** വിശുദ്ധ യോഹന്നാൻ മാംദാനയുടെ ജനനം

**ജൂൺ 27:** വിശുദ്ധ ഇരണേവൂസ്

**ജൂൺ 29:** വിശുദ്ധ പത്രോസ്, വിശുദ്ധ പൗലോസ് ശ്ലീഹന്മാർ (കടമുള്ള ദിവസം)


# നാമഹേതുകതിരുനാൾ മംഗളങ്ങൾ

**ജൂൺ 1**


മാർ ഗ്രേഷ്യൻ മുണ്ടാടൻ

**ജൂൺ 13**


ആർച്ചുബിഷപ് മാർ പ്രിൻസ് പാണേങ്ങാടൻ


ആർച്ചുബിഷപ് മാർ ആന്റണി കരിയിൽ


മാർ ആന്റണി ചിറയത്ത്


മാർ ടോണി നീലങ്കാവിൽ

**ജൂൺ 29**


മാർ പോളി കണ്ണൂക്കാടൻ


മാർ പോൾ ആലപ്പാട്ട്


മാർ പീറ്റർ കൊച്ചുപുരയ്ക്കൽ

# രക്തസാക്ഷിയായ വി. ജസ്റ്റിൻ

വഴികാട്ടികൾ

റവ.ഡോ. അലക്സ് സെബാസ്റ്റ്യൻ കൊല്ലംകളം



പാലസ്തീനായിലെ നെയാപ്പോളീസിൽ ഒരു വിജാതീയ കുടുംബത്തിൽ ക്രിസ്തുവർഷം 100-ൽ ജനിച്ച ജസ്റ്റിൻ, സത്യാന്വേഷണത്തിന്റെ ഭാഗമായി സ്റ്റോയിക് പ്ളേറ്റോണിക് തത്വശാസ്ത്ര ചിന്താധാരകളിൽ പരിശീലനം നേടി. എന്നാൽ ഇതിൽ സംതൃപ്തി ലഭിക്കാതിരുന്ന അദ്ദേഹം വിശുദ്ധ ഗ്രന്ഥ പഠനത്തിലേക്ക് തിരിഞ്ഞു. അത് അദ്ദേഹത്തെ ക്രിസ്തുമതത്തിൽ എത്തിച്ചു. ക്രിസ്തുവർഷം 132-ൽ എഫേസൂസിൽ വച്ച് ക്രിസ്തീയ വിശ്വാസം സ്വീകരിച്ച അദ്ദേഹം തുടർന്ന് ഈ പുതിയ തത്വശാസ്ത്രം (ക്രിസ്തീയ വിശ്വാസം) മറ്റുള്ളവരെയും പഠിപ്പിക്കുന്നതിനായി പല സ്ഥലങ്ങളിലൂടെയും യാത്ര ചെയ്ത് റോമിൽ എത്തി ഒരു ദൈവശാസ്ത്ര വിദ്യാക്ഷേത്രം ആരംഭിച്ചു. എന്നാൽ റോമിൽ ക്രൈസ്തവവിശ്വാസം പ്രചരിപ്പിച്ചതിന്റെ പേരിൽ റോമൻ പ്രീഫെക്ടിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ട അദ്ദേഹം തന്റെ ആറു സഹപ്രവർത്തകരോടൊപ്പം വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടു. ക്രിസ്തുവർഷം 165-ൽ ശിരച്ഛേദം ചെയ്യപ്പെട്ട് അദ്ദേഹം രക്തസാക്ഷിത്വം വരിച്ചു. 'വി. ജസ്റ്റിന്റെയും സഹപ്രവർത്തകരുടെയും രക്തസാക്ഷിത്വം' (Martyrium Sancti Jusini et Sociorum) എന്ന പ്രാചീനഗ്രന്ഥം അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തെ വിശദമായി അവതരിപ്പിക്കുന്നുണ്ട്.

വി. ജസ്റ്റിന്റെ രചനകളുടെ ഒരു നീണ്ട പട്ടിക വി. ജെറോം തന്റെ മഹത് വ്യക്തികളെക്കുറിച്ച് (De Viris Illustribus) എന്ന ഗ്രന്ഥത്തിൽ (DVI 23) നല്കുന്നുണ്ടെങ്കിലും, ക്രിസ്ത്യാനികളെ കാരണമില്ലാതെ പീഡിപ്പിക്കുന്നതിനെ ചോദ്യം ചെയ്തുകൊണ്ട് ചക്രവർത്തി അന്തോണിയസ് പയസിനും റോമൻ സെനറ്റിനും എഴുതിയ രണ്ടു അപ്പോളജികളും യഹൂദ വിശ്വാസത്തിന്മേൽ ക്രൈസ്തവവിശ്വാസത്തിന്റെ ശ്രേഷ്ഠത സ്ഥാപിക്കുന്ന ട്രീഫോയ്ക്കുള്ള കത്തുമാണ് ഏറ്റവും ശ്രദ്ധേയ കൃതികളായി അറിയപ്പെടുന്നത്.

തത്വശാസ്ത്രം ദൈവശാസ്ത്രത്തിലേക്കുള്ള ചൂണ്ടുപലകയാണെന്ന് സ്വന്തജീവിതത്തിൽ തിരിച്ചറിഞ്ഞ അദ്ദേഹം 'ലോഗോസ് സ്പെർമാറ്റിക്കോസ്' എന്ന ആശയത്തിലൂടെ ഈ പരസ്പരബന്ധത്തെ വിശദീകരിക്കുന്നു. വചനമായ ദൈവം ഒരു വിത്തിന്റെ രൂപത്തിൽ പഴയനിയമപ്രവാചകരിലുംഗ്രീക്കുതത്വചിന്തകരിൽ പോലും ഉണ്ടായിരുന്നു എന്നും അതിന്റെ പൂർണ്ണത ഈശോമിശിഹായാണെന്നും അദ്ദേഹം വ്യക്തമാക്കി.

വിശ്വാസപ്രഘോഷണത്തിനും വിശ്വാസസംരക്ഷണത്തിനുമായി ജീവൻ ബലിനല്കിയ അദ്ദേഹം ഗ്രീക്കു വിശ്വാസസംരക്ഷക പിതാക്കന്മാരിൽ പ്രധാനിയായി സഭയിൽ അംഗീകരിക്കപ്പെടുന്നു. ■

# വിദ്യാലയങ്ങൾ തണൽ മരങ്ങളാകട്ടെ!

വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

**മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ**

**വിദ്യാലയങ്ങൾ കേവലം പാഠപുസ്തകങ്ങൾ പഠിക്കുന്ന ഇടങ്ങളല്ല, മറിച്ച് സമൂഹത്തിൽ എങ്ങനെ ജീവിക്കണമെന്ന് പഠിപ്പിക്കുന്ന കേന്ദ്രങ്ങളാണ്. പൊതുമുതൽ സംരക്ഷിക്കാനും, നിയമങ്ങളെ അനുസരിക്കാനും, പരിസരം ശുചിയായി സൂക്ഷിക്കാനും, സ്വന്തം അവകാശങ്ങൾക്കൊപ്പം മറ്റുള്ളവരുടെ അവകാശങ്ങളെക്കൂടി മാനിക്കാനും നമ്മുടെ കുട്ടികൾക്ക് സാധിക്കണം. നാളത്തെ രാജ്യത്തെ കെട്ടിപ്പടുക്കേണ്ടത് ഇന്നത്തെ വിദ്യാലയമുറികളിലാണ്.**



പുതിയൊരു അധ്യയന വർഷത്തിന്റെ വാതിൽക്കൽ നാം എത്തിനിൽക്കുകയാണല്ലോ. വേനലവധിക്ക് ശേഷം വിദ്യാലയങ്ങളിലേക്ക് ചുവടുവെക്കുന്ന എല്ലാ പ്രിയപ്പെട്ട കുട്ടികൾക്കും, അവരെ അറിവിന്റെ ലോകത്തിലേക്ക് നയിക്കുന്ന അധ്യാപകർക്കും എന്റെ ഹൃദയം നിറഞ്ഞ പ്രാർഥനകളും ആശംസകളും ആശംസിക്കുന്നു.

'ഒരു കുട്ടിക്ക് നൽകാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനം അവനെ ചിന്തിക്കാൻ പഠിപ്പിക്കുക എന്നതാണ്' എന്ന ചിന്ത മുൻനിർത്തി വേണം നാം ഈ അധ്യയന വർഷത്തെ വരവേൽക്കേണ്ടത്. കാരണം, വിദ്യാഭ്യാസം എന്നത് കേവലം അക്ഷരങ്ങൾ പഠിക്കുന്നതിലോ ഉയർന്ന മാർക്കുകൾ നേടുന്നതിലോ മാത്രം ഒതുങ്ങുന്ന ഒന്നല്ല; അത് വ്യക്തിത്വ രൂപീകരണത്തിന്റെയും നന്മയുള്ള തലമുറയെ വാർത്തെടുക്കുന്നതിന്റെയും വലിയൊരു പ്രക്രിയയാണ്. കേവലമായ വിവരശേഖരണത്തിനപ്പുറം, നന്മയും കരുണയും നീതിബോധവുമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാനാണ് നമ്മുടെ വിദ്യാഭ്യാസം ലക്ഷ്യമിടേണ്ടത്. അപരനെ ബഹുമാനിക്കാനും, പ്രകൃതിയെ സ്നേഹിക്കാനും, സഹജീവികളോട് അനുകമ്പ കാണിക്കാനും കുട്ടികളെ പ്രാപ്തരാക്കുന്ന മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഇന്നത്തെ കാലഘട്ടത്തിന്റെ വലിയ ആവശ്യമാണ്. പരീക്ഷയിലെ റാങ്കുകളേക്കാൾ പ്രധാനം ജീവിതത്തിലെ നന്മയാണെന്ന് നാം തിരിച്ചറിയണം. വിശുദ്ധ ഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ, 'ജ്ഞാനത്തിന്റെ ആരംഭം ദൈവഭയമാണ്; പരിശുദ്ധനായവനെ അറിയുന്നതാണ് വിവേകം' ഈ ദൈവഭയത്തിലും ദൈവാവബോധത്തിലുമാണ് നമ്മുടെ കുട്ടികൾ വളരേണ്ടത്.

മികച്ച അക്കാദമിക നിലവാരത്തോടൊപ്പം തന്നെ ഇന്നത്തെ കുട്ടികളിൽ ഉത്തരവാദിത്തമുള്ള പൗരബോധം വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വിദ്യാലയങ്ങൾ കേവലം പാഠപുസ്തകങ്ങൾ പഠിക്കുന്ന ഇടങ്ങളല്ല, മറിച്ച് സമൂഹത്തിൽ എങ്ങനെ ജീവിക്കണമെന്ന് പഠിപ്പിക്കുന്ന കേന്ദ്രങ്ങളാണ്. പൊതുമുതൽ സംരക്ഷിക്കാനും, നിയമങ്ങളെ അനുസരിക്കാനും, പരിസരം ശുചിയായി സൂക്ഷിക്കാനും, സ്വന്തം അവകാശങ്ങൾക്കൊപ്പം മറ്റുള്ളവരുടെ അവകാശങ്ങളെക്കൂടി മാനിക്കാനും നമ്മുടെ കുട്ടികൾക്ക് സാധിക്കണം. നാളത്തെ രാജ്യത്തെ കെട്ടിപ്പടുക്കേണ്ടത് ഇന്നത്തെ വിദ്യാലയമുറികളിലാണ്. അതുകൊണ്ട് തന്നെ സ്വാർത്ഥതയില്ലാത്ത, സമൂഹത്തോട് പ്രതിബദ്ധതയുള്ള നല്ല പൗരന്മാരായി നമ്മുടെ കുട്ടികളെ വളർത്താൻ അധ്യാപകരും മാതാപിതാക്കളും പ്രത്യേക ശ്രദ്ധ ചെലുത്തണം.

കേരളത്തെ ഇന്നത്തെപ്പോലെ സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഉന്നതിയിലെത്തിക്കുന്നതിൽ കത്തോലിക്കാ സഭ വഹിച്ച പങ്ക് വിസ്മരിക്കാനാവാത്തതാണ്. 'പള്ളിക്കൂടങ്ങൾ' എന്ന വിപ്ലവകരമായ ആശയം പ്രാവർത്തികമാക്കിക്കൊണ്ട്, ജാതി-മത-സാമൂഹിക ഭേദമന്യേ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും അറിവിന്റെ വെളിച്ചം പകർന്നുനൽകാൻ സഭയ്ക്ക കഴിഞ്ഞു. ഒരുകാലത്ത് വിദ്യ നിഷേധിക്കപ്പെട്ടവർക്ക് അറിവിന്റെ വാതായനങ്ങൾ തുറന്നുകൊടുത്തുകൊണ്ട്, വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെപ്പോലെയുള്ള പുണ്യാത്മാക്കൾ തെളിച്ച ആ ദീപം കേരളത്തിന്റെ സാക്ഷരതാ ചരിത്രത്തിലെ സുവർണ്ണ അധ്യായമാണ്. ഈ മഹത്തായ പൈതൃകം നെഞ്ചേറ്റിക്കൊണ്ടാണ് ഇന്നും നമ്മുടെ വിദ്യാലയങ്ങൾ മുന്നോട്ട് പോകുന്നത്. പ്രശസ്ത തത്ത്വചിന്തകനായ അരിസ്റ്റോട്ടിൽ പറഞ്ഞതുപോലെ, 'ഹൃദയത്തെ വിദ്യ അഭ്യസിപ്പിക്കാതെയുള്ള മസ്തിഷ്കത്തിന്റെ വിദ്യാഭ്യാസം യഥാർഥത്തിൽ വിദ്യാഭ്യാസമേയല്ല.' ഈ സന്ദേശം ഉൾക്കൊണ്ട് കുട്ടികളുടെ ഹൃദയനന്മയ്ക്കായിരിക്കണം നാം മുൻഗണന നൽകേണ്ടത്.

വിദ്യാഭ്യാസ രംഗത്തെ വിജയം എന്നത് വിദ്യാർഥി, അധ്യാപകൻ, മാതാപിതാക്കൾ, മാനേജ്മെന്റ് എന്നീ നാല് ഘടകങ്ങളുടെ പരസ്പര പൂരകമായ ചതുർമുഖ സൗഹൃദത്തിലാണ് നിലകൊള്ളുന്നത്. മാതാപിതാക്കൾ കുട്ടികളുടെ ആദ്യത്തെ ഗുരുക്കന്മാരാണ്. അധ്യാപകർ മാതാപിതാക്കളുടെ വാത്സല്യത്തോടെ വിദ്യാലയങ്ങളിൽ കുട്ടികളെ വഴികാട്ടണം. അധ്യാപകരും മാതാപിതാക്കളും തമ്മിലുള്ള സജീവമായ ആശയവിനിമയവും, അതിന് എല്ലാ പിന്തുണയും നൽകുന്ന മാനേജ്മെന്റും ചേരുമ്പോഴാണ് ഒരു വിദ്യാർഥിക്ക് സുരക്ഷിതവും ആരോഗ്യകരവുമായ അന്തരീക്ഷം ലഭിക്കുന്നത്. 'കുട്ടിയെ അവൻ നടക്കേണ്ട വഴിയിൽ വളർത്തുക; വാർദ്ധക്യത്തിൽ പോലും അവൻ അത് വിട്ടുമാറുകയില്ല' എന്ന ബൈബിൾ വചനം മാതാപിതാക്കൾക്കും അധ്യാപകർക്കും ഒരുപോലെ മാർഗ്ഗരേഖയാകണം.

സ്നേഹം, സമാധാനം, ക്ഷമ, സേവനസന്നദ്ധത എന്നീ ക്രിസ്തീയ മൂല്യങ്ങളാണ് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിത്തറ. യേശുക്രിസ്തു എന്ന മഹാഗുരുവിനെ മാതൃകയാക്കിക്കൊണ്ട്, വിദ്യാലയങ്ങളെ വെറും കോച്ചിംഗ് സെന്ററുകളാക്കാതെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും തണൽ മരങ്ങളാക്കി മാറ്റാൻ നമുക്ക് സാധിക്കണം. തോൽവികളിൽ തളരാതെ മുന്നേറാനും, സഹപാഠികളെ ശത്രുക്കളായല്ല സഹോദരങ്ങളായി കാണാനും കുട്ടികളെ പഠിപ്പിക്കുന്നത് ഈ ക്രിസ്തീയ പശ്ചാത്തലമാണ്.

ഈ പുതിയ അധ്യയന വർഷം നമ്മുടെ എല്ലാ വിദ്യാലയങ്ങൾക്കും കുട്ടികൾക്കും അറിവിന്റെയും ഈശ്വരാനുഗ്രഹത്തിന്റെയും നല്ല നാളുകളായിരിക്കട്ടെ എന്ന് ആശംസിക്കുന്നു. വിജ്ഞാനത്തിന്റെ സിംഹാസനമായ പരിശുദ്ധകന്യാകാമറിയത്തിന്റെ മദ്ധ്യസ്ഥം ഏവർക്കും കോട്ടയായിരിക്കട്ടെ. ■

# ദൈവഹിതമറിയാൻ കുറിയിടാമോ? അപ്പസ്തോലന്മാരുടെ നറുക്കിടലും സഭാപാരമ്പര്യവും

ബൈബിൾ സംശയങ്ങൾ

**റവ. ഡോ. ടോം ഓലിക്കരോട്ട്**

യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം പരിശുദ്ധ മറിയത്തോടും മറ്റു സ്ത്രീകളോടുമൊപ്പം അപ്പസ്തോലന്മാർ ജറുസലമിലെ സെഹിയോൻ ഊട്ടുശാലയിൽ ഏകമനസ്സോടെ പ്രാർഥനയിൽ മുഴുകിയിരിക്കുകയായിരുന്നു. ആ സമയത്താണ് വിശ്വസ്തത പുലർത്താതെ പ്രേഷിതത്വം നഷ്ടപ്പെടുത്തി ആത്മഹത്യ ചെയ്ത യൂദാസിന് പകരം മറ്റൊരാളെ തിരഞ്ഞെടുക്കണമെന്ന നിർദ്ദേശം വി. പത്രോസ് മുന്നോട്ട് വെക്കുന്നത് (അപ്പ. 1:15- 21). അപ്പസ്തോലനാകുന്നതിന് രണ്ട് പ്രധാന ഉപാധികളാണ് പത്രോസ് ശ്ലീഹാ നിശ്ചയിച്ചത്:

1) യേശുവിന്റെ സ്നാപനപ്രസംഗം മുതൽ സ്വർഗ്ഗാരോഹണം വരെ അവിടുത്തെ പരസ്യജീവിതത്തിൽ കൂടെയുണ്ടായിരുന്നവനായിരിക്കണം.

2) യേശുവിന്റെ പുനരുത്ഥാനത്തിന് സാക്ഷിയായിരിക്കണം.

ഈ യോഗ്യതകളുള്ള രണ്ടുപേർ അവരുടെ ഇടയിലുണ്ടായിരുന്നു: മത്തിയാസും ജോസഫ് ബാർസബാസും. എന്നാൽ ഇവരിൽ നിന്ന് ആരെ തിരഞ്ഞെടുക്കണമെന്ന് നിശ്ചയിക്കാൻ അപ്പസ്തോലന്മാർക്ക് സാധിച്ചില്ല. തുടർന്ന്, അവർ പ്രാർഥിച്ചുകൊണ്ട് നറുക്കിടുകയും കുറി മത്തിയാസിന് വീഴുകയും ചെയ്തു. അന്നുമുതൽ അദ്ദേഹം പന്ത്രണ്ടാമത്തെ അപ്പസ്തോലനായി എണ്ണപ്പെട്ടു (അപ്പ. 1:26).

പലരിലും ഉയരുന്ന ചില സംശയങ്ങളുണ്ട്: കുറിയിടൽ ദൈവഹിതം അറിയാനുള്ള യഥാർഥ മാർഗമാണോ? എന്തുകൊണ്ടാണ് ഇന്ന് സഭ ഇത്തരം മാർഗങ്ങൾ സ്വീകരിക്കാത്തത്? മത്തിയാസിന്റെ തിരഞ്ഞെടുപ്പ് ദൈവഹിതപ്രകാരമായിരുന്നോ? ഈ ചോദ്യങ്ങൾക്കുള്ള ബൈബിൾ വിജ്ഞാനീയത്തിൽ നിന്നുള്ള ഉത്തരങ്ങൾ താഴെ പറയുന്നവയാണ്.

യേശു തന്റെ ശിഷ്യന്മാർക്ക് ഒരു വാഗ്ദാനം നൽകിയിരുന്നു: 'നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിൽനിന്നു ഭക്ഷിക്കുകയും പാനം ചെയ്യുകയും സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളെ വിധിക്കുകയും ചെയ്യും' (ലൂക്കാ 22:30). പന്ത്രണ്ട് എന്ന സംഖ്യ ഇസ്രായേൽ ഗോത്രങ്ങളുടെ പൂർണ്ണതയെയാണ് സൂചിപ്പിക്കുന്നത്. പെന്തക്കോസ്ത് നാളിൽ പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ സഭയുടെ ഔദ്യോഗിക പ്രേഷിത പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യപ്പെടുന്നതിന് മുൻപ്, ഈ അംഗസംഖ്യ വീണ്ടും പന്ത്രണ്ടാക്കി ഉയർത്തേണ്ടത് സഭയുടെ ഘടനയ്ക്ക് ആവശ്യമായിരുന്നു.

### എന്തുകൊണ്ട് യൂദാസിന് മാത്രം പകരക്കാരൻ?

ഇവിടെ ഒരു ചോദ്യമുയരാം: പിന്നീട് സെബദിപുത്രനായ യാക്കോബ് ശ്ലീഹാ രക്തസാക്ഷിത്വം വരിച്ചപ്പോൾ (അപ്പ. 12:2) എന്തുകൊണ്ട് പകരക്കാരനെ കണ്ടെത്തിയില്ല? കാരണം, യാക്കോബ് ശ്ലീഹാ മരണം വരെ ക്രിസ്തുവിനോട് വിശ്വസ്തത പുലർത്തിയവനാണ്. അപ്പസ്തോലന്മാർ മരിച്ചവരുടെ ഉയിർപ്പിൽ വിശ്വസിച്ചിരുന്നതിനാൽ, സ്വർഗീയ സിംഹാസനത്തിൽ യാക്കോബിന്റെ സ്ഥാനം സുരക്ഷിതമാണെന്ന് അവർക്കറിയാമായിരുന്നു. എന്നാൽ യൂദാസ് ഗുരുവിനെ ഒറ്റിക്കൊടുക്കുകയും ആത്മഹത്യ വഴി തന്റെ അപ്പസ്തോലിക പദവി (കൂട്ടായ്മ) നഷ്ടപ്പെടുത്തുകയും ചെയ്തു. അതുകൊണ്ടാണ് യൂദാസിന്റെ സിംഹാസനത്തിലേക്ക് മറ്റൊരു പകരക്കാരൻ അനിവാര്യമായിത്തീർന്നത്.

### പഴയനിയമത്തിലെ നറുക്കിടൽ പാരമ്പര്യം

വേദപുസ്തക ചരിത്രത്തിൽ നറുക്കിടൽ എന്നത് കേവലമൊരു ഭാഗ്യപരീക്ഷണമല്ലായിരുന്നു; മറിച്ച് ദൈവഹിതം മനസ്സിലാക്കാനുള്ള ഒരു വിശുദ്ധ മാർഗമായിരുന്നു. പ്രത്യേകിച്ച് പ്രവാചകന്മാരുടെ സാന്നിധ്യം ഇല്ലാതിരുന്ന കാലഘട്ടങ്ങളിൽ ഇസ്രായേൽ ജനത ഈ രീതി അവലംബിച്ചിരുന്നു.

പാപപരിഹാരബലി: ബലിയർപ്പിക്കേണ്ട ആടുകളെ നിശ്ചയിച്ചിരുന്നത് നറുക്കിട്ടായിരുന്നു (ലേവ്യർ 16:8).

ദേശവിഭജനം: ജോഷ്വ ഇസ്രായേൽ ഗോത്രങ്ങൾക്ക് ദേശം വിഭജിച്ചു നൽകിയത് കർത്താവിന്റെ മുൻപിൽ നറുക്കിട്ടാണ് (ജോഷ്വ 18:10).

പ്രവാസാനന്തര കാലം: ബാബിലോൺ പ്രവാസത്തിനു ശേഷം ജറുസലമിലേക്ക് മടങ്ങിയെത്തിയ ജനവും ദൈവഹിതത്തിനായി നറുക്കിട്ടു (നെഹമ്യാവ് 10:34).

നറുക്കിടലിന് പിന്നിലെ ആത്മീയരഹസ്യം സുഭാഷിതങ്ങളുടെ പുസ്തകം വ്യക്തമാക്കുന്നുണ്ട്:

'തർക്കങ്ങൾ അവസാനിപ്പിക്കാൻ നറുക്കിടൽ സഹായിക്കുന്നു; അത് പ്രബലരായ പ്രതിയോഗികളെപ്പോലും തീരുമാനത്തിലെത്തിക്കുന്നു.' (സുഭാഷിതങ്ങൾ 18:18). 'കാര്യങ്ങൾ തീരുമാനിക്കാൻ മനുഷ്യർ കുറിയിടുന്നു; എന്നാൽ അന്തിമമായ തീരുമാനം കർത്താവിന്റേതാണ്.' (സുഭാഷിതങ്ങൾ 16:33).

അപ്പസ്തോലന്മാർ പഴയനിയമ പ്രമാണങ്ങളെയും പാരമ്പര്യങ്ങളെയും ആഴത്തിൽ വിശ്വസിച്ചിരുന്നതുകൊണ്ടാണ്, മനുഷ്യസാധ്യമായ വിവേചനത്തിനപ്പുറം ദൈവത്തിന്റെ മനസ്സ് അറിയാനായി അവർ പ്രാർഥനയോടെ നറുക്കിട്ടത്. അതിനാൽ അവരുടെ ആ പ്രവൃത്തി പൂർണ്ണമായും നിയമാനുസൃതവും ശരിയുമായിരുന്നു.

### ഇന്ന് സഭയിൽ എന്തുകൊണ്ട് നറുക്കിടലില്ല?

അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളുടെ പുസ്തകത്തിൽ നറുക്കിടലിലൂടെ ഒരു തീരുമാനമെടുക്കുന്ന അവസാനത്തെ സംഭവം ഇതാണ്. ഒന്നാം അധ്യായത്തിന്റെ അവസാനം ഈ തിരഞ്ഞെടുപ്പ് നടക്കുമ്പോൾ, രണ്ടാം അധ്യായത്തിന്റെ ആരംഭത്തിൽ സഭയിലേക്ക് പരിശുദ്ധാത്മാവ് അഗ്നിനാവുകളുടെ രൂപത്തിൽ ഇറങ്ങിവരുന്നതായി നാം കാണുന്നു. പഴയനിയമ കാലത്ത് പ്രവാചകന്മാരില്ലാത്തപ്പോൾ ദൈവഹിതം തേടാൻ നറുക്കിട്ടിരുന്നെങ്കിൽ, പുതിയനിയമ സഭയിൽ കർത്താവ് തന്റെ 'പരിശുദ്ധാത്മാവിനെ' തന്നെ സഭയ്ക്ക് തുണയായി നൽകി. പെന്തക്കോസ്ത് നാൾ മുതൽ പരിശുദ്ധാത്മാവാണ് സഭയെ നയിക്കുന്നതും തീരുമാനങ്ങൾ വെളിപ്പെടുത്തുന്നതും. അതുകൊണ്ടാണ് പിൽക്കാലത്ത് സഭയിലെ തീരുമാനങ്ങൾ ആത്മാവിന്റെ വെളിപ്പെടുത്തലുകളിലേക്ക് മാറിയത്:

'ആത്മാവിന്റെ നിർദ്ദേശം എനിക്കുണ്ടായി...' (അപ്പ. 11:12)

'പരിശുദ്ധാത്മാവ് അവരോട് പറഞ്ഞു: ബാർണബാസിനെയും സാവൂളിനെയും എനിക്കായി മാറ്റിവെക്കുവിൻ...' (അപ്പ. 13:2)

'പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി...' (അപ്പ. 15:28)

യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനും പെന്തക്കോസ്തിനും മധ്യേയുള്ള ആ പത്തു ദിവസങ്ങളിൽ പരിശുദ്ധാത്മാവിന്റെ ഔദ്യോഗികമായ ആഗമനം നടക്കാതിരുന്നതിനാലാണ് ശ്ലീഹന്മാർ പഴയനിയമ മാർഗ്ഗമായ നറുക്കിടൽ സ്വീകരിച്ചത്. ഇന്ന് പരിശുദ്ധാത്മാവിന്റെ സജീവ സാന്നിധ്യം സഭയിലുള്ളതിനാൽ ദൈവഹിതം തിരിച്ചറിയാൻ നമുക്ക് മറ്റ് ബാഹ്യമായ ഉപായങ്ങളുടെ ആവശ്യമില്ല.

### ഉപസംഹാരം

നമുക്ക് ദൈവവുമായി നേരിട്ട് ബന്ധപ്പെടാനും അവിടുത്തെ തിരുച്ചിത്തം വിവേചിച്ചറിയാനും പരിശുദ്ധാത്മാവ് എപ്പോഴും നമ്മെ സഹായിക്കുന്നുണ്ട്. സഭാധികാരികളുടെ പ്രാർഥനയിലൂടെയും ആത്മീയ വിവേചനത്തിലൂടെയുമാണ് ഇന്ന് ദൈവം സഭയിൽ തീരുമാനങ്ങൾ എടുക്കുന്നത്. അതിനാൽ, നമ്മെ നയിക്കുന്ന പരിശുദ്ധാത്മാവിനോട് നന്ദിയുള്ളവരായിരിക്കാനും ആത്മാവിന്റെ അദൃശ്യമായ ആന്തരിക സ്വരത്തിന് കാതോർത്ത് ജീവിക്കാനും നാം ബാധ്യസ്ഥരാണ്. ■

# വരുതിയിൽ നിറുത്തി ബോൺസായികളാക്കണോ സ്വാതന്ത്ര്യം നല്കി വടവൃക്ഷങ്ങളാക്കണോ?



ഫാദർ ഡോക്ടർ മാർട്ടിൻ കൊളമ്പ്രത്ത്
പ്രിൻസിപ്പൽ, സെന്റ് തോമസ് കോളേജ് തൃശ്ശൂർ



> ഉന്നതവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പ്രബുദ്ധകേരളം ഏറെ പുറകിലാണെന്ന് അല്പം കയ്പോടെയാണെങ്കിലും അംഗീകരിക്കാതെ തരമില്ല. കാലഹരണപ്പെട്ട സിലബസും കോഴ്സുകളും തന്നെ മുഖ്യസാക്ഷികൾ. കലാലയ രാഷ്ട്രീയത്തിന്റെ അതിപ്രസരവും കലുഷിതമായ കലാലയാന്തരീക്ഷങ്ങളും എപ്പോഴും കൂച്ചുവിലങ്ങിട്ട് വരുതിയിൽ നിർത്തേണ്ട ഒന്നാണ് വിദ്യാഭ്യാസ മേഖല എന്ന് ധരിച്ചുവശായ മാറിമാറി വന്ന സർക്കാരുകളും ഇതിലേക്ക് സംഭാവന ചെയ്തിട്ടുള്ളവരാണ്. സമരം ചെയ്യലും തച്ചുടക്കലും അരക്ഷിതാവസ്ഥ സൃഷ്ടിക്കലും വിദ്യാർഥികൾ കേരളം വിടുന്നതിനുള്ള പ്രധാന കാരണങ്ങളിൽ ഒന്നാണ്.

ആദ്യ കാഴ്ചയിൽ കൗതുകം ഉണർത്തുമെങ്കിലും രണ്ടാമത്തെ നോട്ടത്തിൽ ഹൃദയം തകർക്കുന്ന വേദനയാണ് ബോൺസായികൾ സമ്മാനിക്കുന്നത്. ഒന്നിനെ ഇത്തിരി വട്ടത്തിൽ തളച്ചിട്ടതിന്റെ ക്രൂരത ചെറുതല്ല. കേരള രൂപീകരണത്തിന്റെ ആദ്യ ദശകങ്ങളിൽ അസൂയാർഹമായ വളർച്ച സമ്മാനിച്ച വിദ്യാഭ്യാസരംഗം പിന്നീടങ്ങോട്ട് വളർച്ച മുരടിച്ച് ബോൺസായികളായി മാറിയോ എന്ന് ചിന്തിക്കുന്നത് നല്ലതാണ്. ഉത്തരവാദികളെ കണ്ടുപിടിക്കുന്നതിനുള്ള ഊർജ്ജം പാഴാക്കാതെ പ്രശ്നപരിഹാരം തേടുന്നതാണ് കൂടുതൽ ക്രിയാത്മകം.

സ്വന്തം പേരും മേൽവിലാസവും, എന്തിനെക്കുറിച്ചെങ്കിലും, ഏതാനും വാചകങ്ങളും അക്ഷരത്തെറ്റും വ്യാകരണ പിശകും കൂടാതെ, മലയാളത്തിലോ ആംഗലേയത്തിലോ എഴുതാൻ അറിയാതിരുന്നിട്ടും ഫുൾ A+ വാങ്ങി പുറത്തുവരുന്ന പത്താം ക്ലാസുകാർ നിരന്തരം വിസ്മയിപ്പിക്കുന്നു. മലയാളത്തിൽ ഒരു ഖണ്ഡികപോലും തപ്പി തടയാതെ വായിക്കാനും ഇവർക്കറിയുന്നില്ല എന്നത്, മലയാള ഭാഷയുടെ ആസന്നമായ അന്ത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. ഇംഗ്ലീഷ് എങ്ങനെയും പിടിച്ചുനിൽക്കുമായിരിക്കും. മലയാളം തീർച്ചയായും അന്യം നിന്നുപോകും. അല്ല, ഒന്നും പേടിക്കാനില്ല, എല്ലാം അക പരിഹരിച്ചോളും എന്നാണെങ്കിൽ കാത്തിരുന്നു കാണാം.

പ്രാഥമിക വിദ്യാഭ്യാസത്തിൽ, ഏതാനും പതിറ്റാണ്ടുകൾക്കു മുൻപ് വരെ ചെയ്തിരുന്നതുപോലെ, അക്ഷരങ്ങളും അക്കങ്ങളും ഉറയ്ക്കാത്ത കുട്ടിക്ക് രണ്ടാം ക്ലാസിലേക്ക് സ്ഥാനക്കയറ്റം ഇല്ലെന്ന ശാഠ്യം തിരിച്ചുപിടിക്കേണ്ടത് അത്യാവശ്യമാണ്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിൽ ഉയർന്ന വിജയശതമാനം എന്ന ക്ഷണഭംഗുരമായ ഊതി വീർപ്പിച്ച ബലൂണുകളോട് വിട പറയാൻ തയ്യാറാകണം. പകരം, മണ്ണിന്റെ ഉറവുതരകളിൽ നിന്നു മുളപൊട്ടി കാറ്റും വെയിലും വേനലും വർഷവും ഗ്രീഷ്മവുമാകുന്ന പ്രതികൂല കാലാവസ്ഥകളോട് എതിരിട്ട്, വെള്ളവും വളവും സ്വാംശീകരിച്ച്, പടിപടിയായി സമയമെടുത്ത് വളർന്ന് ദൃഢമാകുന്ന തരുവാൻ, ഓരോ വിദ്യാർഥിക്കും ഉതകുന്ന വിദ്യാഭ്യാസ ശൈലികൾ കണ്ടെത്തി അവതരിപ്പിക്കേണ്ടതുണ്ട്.

ഉന്നതവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പ്രബുദ്ധകേരളം ഏറെ പുറകിലാണെന്ന് അല്പം കയ്പോടെയാണെങ്കിലും അംഗീകരിക്കാതെ തരമില്ല. കാലഹരണപ്പെട്ട സിലബസും കോഴ്സുകളും തന്നെ മുഖ്യസാക്ഷികൾ. കലാലയ രാഷ്ട്രീയത്തിന്റെ അതിപ്രസരവും കലുഷിതമായ കലാലയാന്തരീക്ഷങ്ങളും എപ്പോഴും കൂച്ചുവിലങ്ങിട്ട് വരുതിയിൽ നിർത്തേണ്ട ഒന്നാണ് വിദ്യാഭ്യാസ മേഖല എന്ന് ധരിച്ചുവശായ മാറിമാറി വന്ന സർക്കാരുകളും ഇതിലേക്ക് സംഭാവന ചെയ്തിട്ടുള്ളവരാണ്. സമരം ചെയ്യലും തച്ചുടക്കലും അരക്ഷിതാവസ്ഥ സൃഷ്ടിക്കലും വിദ്യാർഥികൾ കേരളം വിടുന്നതിനുള്ള പ്രധാന കാരണങ്ങളിൽ ഒന്നാണ്.

ഇനിയെങ്കിലും വെറുതെ ബോൺസായികൾ ആക്കാതെ വിദ്യാഭ്യാസ മേഖലയ്ക്ക് വടവൃക്ഷങ്ങൾ ആകാനുള്ള സ്വാതന്ത്ര്യം നൽകണം. ഇതിനകം കഴിവ് തെളിയിച്ച മികച്ച കലാലയങ്ങളെ ഓട്ടോണമസ് ആക്കുകയും ഓട്ടോണമസ് ആയി പ്രാപ്തി തെളിയിച്ചവയെ അടുത്ത പടിയായ ഡീംഡ് യൂണിവേഴ്സിറ്റികൾ ആക്കുകയും ചെയ്യണം. ഉന്നതവിദ്യാഭ്യാസരംഗത്ത് മുൻപന്തിയിൽ പോകുന്ന സംസ്ഥാനങ്ങൾ ഇക്കാര്യങ്ങൾ പതിറ്റാണ്ടുകൾക്ക് മുൻപേ ചെയ്തു കഴിഞ്ഞു. ബോൺസായി സംസ്കാരം വിദ്യാഭ്യാസ മേഖലകളിൽ അവസാനിക്കേണ്ടതും വടവൃക്ഷങ്ങൾ ആകാൻ അവയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുമെന്നും പ്രത്യാശിക്കാം. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. ■

---

1-ാം പേജ് തുടർച്ച

ജ്ജവും പണവും സമയവുമാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നഷ്ടമാവുന്നത്.

പരീക്ഷയിൽ കോപ്പിയടിക്കുന്നത് തെറ്റാണെന്നുള്ള ചിന്ത മാറി കോപ്പിയടി പിടിക്കുന്ന അധ്യാപകരും നടപടിയെടുക്കാൻ ബാധ്യതയുള്ള അധികാരികളുമാണ് യഥാർഥ തെറ്റുകാർ എന്ന ചിന്തയിലേക്ക് മാറുന്ന വിദ്യാർഥികളും മാതാപിതാക്കളും സമൂഹവും ഇന്നിന്റെ പ്രത്യേകതയാണ്. ഈ സംസ്കാരത്തിന് കുടപിടിക്കുന്ന രാഷ്ട്രീയക്കാരും മീഡിയായും ഇന്നിന്റെ ശാപമാണ്. അധ്യാപകരെയും അധികാരികളെയും അവരുടെ കടമകൾ ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും കോപ്പിയടിക്കുന്നത് തെറ്റാണെന്ന് വിദ്യാർഥികളെ പറഞ്ഞു മനസ്സിലാക്കുകയും ചെയ്യുക എന്നത് ഇന്നിന്റെ ആവശ്യമാണ്. അല്ലെങ്കിൽ ഈ സംസ്കാരം പല അധ്യാപകരേയും നിസ്സംഗരാക്കി മാറ്റിയെന്ന് വരാം. അച്ചടക്കരഹിതമായ ഒരു തലമുറയായിരിക്കും അതിന്റെ സ്വാഭാവിക പരിണാമം.

വിദ്യാഭ്യാസ മേഖലയിൽ പണം മുടക്കാൻ മടികാണിക്കുന്ന സർക്കാർ മനസ്സിലാക്കേണ്ട യാഥാർത്ഥ്യമുണ്ട്, മാനവ വിഭവ വികസനത്തിൽ കേരളം ഒരു കാലത്ത് മുൻപന്തിയിൽ നിന്നിട്ടുണ്ടങ്കിൽ അതിന്റെ പ്രധാന കാരണം ഗവൺമെന്റുകളും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്തിയിട്ടുള്ള മുതൽ മുടക്കാണ്. വിദ്യാഭ്യാസസെസ്സും മറ്റു നികുതികളും പിരിച്ചെടുക്കുന്ന സർക്കാരുകളുടെ ഉത്തരവാദിത്വമാണ് തങ്ങൾ പിരിച്ചെടുക്കുന്ന പണം ആ ലക്ഷ്യത്തിനു വേണ്ടി ചിലവഴിക്കുക എന്നത്. വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും വേണ്ടി മാറ്റിവയ്ക്കുന്ന തുക ഒരിക്കലും നഷ്ടമല്ല, അത് സമൂഹത്തിലുള്ള നിക്ഷേപമാണ്. അതിനാൽ വിദ്യാഭ്യാസ മേഖലയിൽ സർക്കാരുകൾ പണം മുടക്കുന്നതിന് യാതൊരു ലോഭവും കാണിക്കരുത്.

എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിവിധങ്ങളായ നിയമ ചട്ട നിർമ്മാണങ്ങളിലൂടെ കുച്ചുവിലങ്ങിടുന്ന രീതി നമ്മുടെ സർക്കാരുകളും യൂണിവേഴ്സിറ്റികളും സ്വീകരിക്കുന്നതായി കണ്ടുവരുന്നു. എയ്ഡഡ് സ്ഥാപനങ്ങൾക്ക് അർഹമായ സ്വാതന്ത്രത്തോടെ പ്രവർത്തിക്കുന്നതിനും ഒഴിച്ചിട്ടിരിക്കുന്ന അധ്യാപക സ്ഥാനങ്ങൾ നികത്തുന്നതിനും പുതിയ കോഴ്സുകൾക്ക് തസ്തികകൾ അനുവദിക്കുന്നതിനും സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനും സർക്കാരുകൾ തയ്യാറായാൽ വിദ്യാഭ്യാസ മേഖലയിൽ അതൊരു പുതിയ പന്ഥാവിനു തുടക്കമാകും.

മറ്റൊരു സുപ്രധാന വിഷയം ഭാരതത്തിന്റെ ഭരണഘടന 30ാം ആർട്ടിക്കിളിലൂടെ നല്കുന്ന ന്യൂനപക്ഷ അവകാശമാണ്. മതമോ ഭാഷയോ അടിസ്ഥാനമാക്കിയുള്ള എല്ലാ ന്യൂനപക്ഷങ്ങൾക്കും തങ്ങളുടെ ഇഷ്ടാനുസൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും നടത്തുന്നതിനും പ്രസ്തുത ആർട്ടിക്കിൾ സംരക്ഷണം നല്കുമ്പോൾ ന്യൂനപക്ഷ അവകാശങ്ങളെ ധ്വംസിക്കുവാനുള്ള ഒരു ത്വര അധികാരികളിൽ കണ്ടുവരുന്നുണ്ട്. നിർദ്ദിഷ്ട യോഗ്യത ഉള്ള സ്ഥാപനാധികാരികളെ തിരഞ്ഞെടുക്കുന്നതിനുള്ള ന്യൂനപക്ഷ സ്ഥാപനങ്ങളുടെ അവകാശത്തെ നിഷേധിക്കുന്നതോ ചോദ്യം ചെയ്യുന്നതോ തെരഞ്ഞെടുത്ത ഒരു സർക്കാരിനും ഭൂഷണമല്ല. ന്യൂനപക്ഷ സ്ഥാപനങ്ങളെ സംരക്ഷിക്കുമ്പോഴാണ് ഓരോ സർക്കാരും മഹത്വീകൃതരാകുന്നത്. പൊതു വിദ്യാഭ്യാസത്തിലും ഉന്നത വിദ്യാഭ്യാസത്തിലും കുട്ടികളുടെ എണ്ണം കുറയുമ്പോൾ അധ്യാപക സ്ഥാനങ്ങൾ നഷ്ടപ്പെടുത്തുന്ന രീതി നിർത്തലാക്കണം. പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുമ്പോൾ വിദ്യാർഥികളെ മാതാപിതാക്കൾ താരതമ്യേന ചെലവ് കുറഞ്ഞ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തിരികെ എത്തിക്കും.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുറ്റും മദ്യവും മയക്കുമരുന്നും സംലഭ്യമാകുന്ന ഇന്നത്തെ രീതി കൊച്ചു കുട്ടികളെപ്പോലും വഴിതെറ്റിക്കാറുണ്ട് എന്നത് യാഥാർഥ്യമാണ്. കലാലയങ്ങളിലും അവയുടെ പരിസരത്തും മേൽ പറഞ്ഞ സാമൂഹ്യതിന്മകൾക്കുള്ള സാഹചര്യങ്ങളെ ഒഴിവാക്കുവാൻ ഭരിക്കുന്ന ഗവൺമെന്റുകൾ സത്വര നടപടികൾ സ്വീകരിക്കണം. ഈ കാലഘട്ടത്തിലെ മറ്റൊരു വില്ലൻ മൊബൈൽ ഫോൺ ആണ്. നിയമത്തിന്റെ പിൻബലമില്ലാത്തതിനാൽ ക്ലാസുകളിൽ മൊബൈൽ വിലക്കാൻ അദ്ധ്യാപകർക്കു പോലും കഴിയുന്നില്ല. ഫലമോ ഗയിമുകൾക്കും അസന്മാർഗികതക്കും, സോഷ്യൽ മീഡിയാക്കും വിദ്യാർഥികൾ അടിമകളാകുന്ന അവസ്ഥ സംജാതമാകുന്നു. ഭരിക്കുന്ന സർക്കാരുകൾ ഇതിനെതിരെ നടപടികളെടുക്കുവാൻ ആർജ്ജവം കാണിക്കണം.

മറ്റൊന്ന് അധാപകർക്ക് ആവശ്യമായ സ്വാതന്ത്രവും ശിക്ഷണത്തിനുള്ള അവകാശവും നൽകുക എന്നതാണ്. ഇന്നത്തെ മുതിർന്ന തലമുറയ്ക്ക് അച്ചടക്കത്തിന്റെ സുമാതൃക ലഭിച്ചത് അവരുടെ അധ്യാപകരുടെ പ്രേരണയിലും ശിക്ഷണത്തിലൂടെയുമാണെന്ന് വീമ്പടിക്കുന്ന പല മാതാപിതാക്കളും അവരുടെ മക്കളെ അധ്യാപകർ ഒന്നു വഴക്കുപറഞ്ഞാൽ മക്കളെ ന്യായീകരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തി പ്രശ്നങ്ങളുണ്ടാക്കുന്ന കാഴ്ച ധാരാളമുണ്ട്. ഇത് പലപ്പോഴും അധ്യാപകരെ നിസംഗരാക്കിക്കളയും. അധ്യാപകർ അവർക്ക് നല്കപ്പെട്ടിട്ടുള്ള പ്രവർത്തനസീമ ചിലപ്പോഴെങ്കിലും ലംഘിക്കാറുണ്ടെന്നതും ഇവിടെ പ്രത്യേകം ഓർമ്മിക്കേണ്ടതാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വഴിവിട്ട രാഷ്ട്രീയവും അതിന് കൂട്ടുനിൽക്കുന്ന രാഷ്ട്രീയ പാർട്ടികളും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനാന്തരീക്ഷവും അച്ചടക്കവും തകർക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നതും കേരളത്തിലെ മാത്രം പ്രത്യേകതയാണ്.

കേരളത്തിലെ പൊതു ഉന്നത വിദ്യാഭ്യാസരംഗത്തെ വെല്ലുവിളികളും അപചയങ്ങളും പൊതുസമൂഹത്തിന്റെയും അധികാരികളുടെയും സത്വര ശ്രദ്ധയിൽ പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ലേഖകൻ തന്റെ അനുഭവത്തിലൂന്നിയ ഈ വിദ്യാഭ്യാസചിന്തകൾ പങ്ക് വയ്ക്കുന്നത്. ഈ മേഖലയിലുള്ള ചതിക്കുഴികളെയും അപചയങ്ങളെയും ഗവൺമെന്റും പൊതുസമൂഹവും വിദ്യാഭ്യാസ ഏജൻസികളും തിരിച്ചറിഞ്ഞ് അതിനുള്ള പരിഹാരമാർഗ്ഗങ്ങളിലേക്ക് കടന്നാൽ പുതിയൊരു വിദ്യാഭ്യാസ സംസ്കാരത്തിനും അതുവഴി സമൂഹത്തിന്റെ ഉയർത്തെഴുന്നേൽപ്പിനും അത് കാരണമാവും. ■

# സമഗ്ര പരിസ്ഥിതിയും കുടുംബവും

**പ്രബോധനപാത**

**റവ. ഡോ. സജി മാത്യു കണയങ്കൽ CST**

2025 ഒക്ടോബർ 04ന് പ്രസിദ്ധീകരിച്ച സമഗ്രപരിസ്ഥിതിയും കുടുംബവും എന്ന ലഘുഗ്രന്ഥം ദരിദ്രരുടെയും ഭൂമിയുടെയും നിലവിളിക്ക് ഏറ്റവും ഉചിതമായ രീതിയിൽ പ്രതികരിക്കണമെന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനത്തെ മാനിച്ചുകൊണ്ട് വത്തിക്കാനിലെ അത്മായർക്കും കുടുംബങ്ങൾക്കും സമഗ്രമാനവ പുരോഗതിക്കുമായുള്ള കാര്യാലയങ്ങൾ സംയുക്തമായി പുറപ്പെടുവിച്ചതാണ്. തന്റെ പ്രബോധനങ്ങളിലൂടെ ലെയോ പതിനാലാമൻ മാർപാപ്പയും സൃഷ്ടിയെ ധ്യാനിക്കുന്നതിന്റെ പ്രാധാന്യം ഉറപ്പിച്ചുകൊണ്ട്, സ്രഷ്ടാവിന്റെ ആദിമപദ്ധതിയെ മനസ്സിലാക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നു.

സഭാപ്രബോധനങ്ങളെ ആധാരമാക്കി സമഗ്രപരിസ്ഥിതിയെ സംബന്ധിച്ച് കുടുംബങ്ങൾക്ക് നിർവഹിക്കാനുള്ള സവിശേഷമായ കടമയെ ഓർമ്മപ്പെടുത്തുന്ന ഈ പ്രബോധനം, ഓരോ സൃഷ്ടിക്കും ദൈവത്തിന്റെ പദ്ധതിയിൽ അതിന്റേതായ പ്രാധാന്യമുണ്ടെന്ന് ആവർത്തിക്കുന്നു. ദൈവം സൃഷ്ടിച്ചതെല്ലാം നല്ലതായതുകൊണ്ട് അവയെ സംരക്ഷിക്കേണ്ടത് ഓരോരുത്തരുടെയും ദൗത്യമാണ്. സൃഷ്ടികളിൽ ഒന്നു മാത്രമായ മനുഷ്യൻ മറ്റ് ജീവജാലങ്ങൾക്കൊപ്പമാണ് ഈ ഭൂമിയിൽ വസിക്കുന്നതെന്ന യാഥാർഥ്യം വിസ്മരിക്കരുത്. പ്രപഞ്ചത്തോട് നമുക്കുള്ള ഉത്തരവാദിത്വം ഇതരജീവജാലങ്ങളോട് ചേർന്നുനിന്ന് വേണം നിർവഹിക്കാൻ. അതുകൊണ്ടു തന്നെ നമ്മുടെ പൊതുഭവനത്തെയും അതിലെ ഓരോ സൃഷ്ടിയെയും കരുതലോടെ സംരക്ഷിക്കുന്ന മൂല്യങ്ങളെ വളർത്തുകയും അവ തലമുറകളിലേക്ക് പകർന്നു നൽകുകയും ചെയ്യുന്നതിൽ കുടുംബങ്ങൾക്ക് സുനിശ്ചിതമായ പങ്കുണ്ട്. ലൗദാത്തോ സി ഉദ്ബോധിപ്പിക്കുന്നതുപോലെ നമ്മുടെ പൊതുഭവനത്തെ പരിപാലിച്ചുകൊണ്ട് സമഗ്ര മനുഷ്യവികസനം സാധ്യമാക്കുന്ന മനോഭാവങ്ങളും പ്രവർത്തനങ്ങളും സ്വീകരിക്കാൻ കുടുംബങ്ങളെ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്നതാണ് ഈ ലഘുഗ്രന്ഥത്തിന്റെ ലക്ഷ്യം.

രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ പ്രബോധനത്തിന്റെ ഒന്നാം ഭാഗം ഫ്രാൻസിസ് മാർപാപ്പയുടെ പ്രധാന രചനകളെ ആധാരമാക്കി സമഗ്ര പരിസ്ഥിതിയെക്കുറിച്ചുള്ള അടിസ്ഥാന ആശയങ്ങൾ അവതരിപ്പിക്കുന്നു. രണ്ടാം ഭാഗമാകട്ടെ, ലൗദാത്തോ സിയിൽനിന്നും ഉൾക്കൊണ്ട പ്രമേയങ്ങളെ ആധാരമാക്കി ഏഴ് അധ്യായങ്ങളായി ക്രമീകരിച്ചിരിക്കുന്നു. ഓരോ പ്രമേയവും വികസിപ്പിച്ചിരിക്കുന്നത് കുടുംബത്തെക്കുറിച്ചുള്ള സഭയുടെ പഠനവുമായി ബന്ധപ്പെട്ടാണ്. വിഷയാവതരണത്തിലും വിശകലനത്തിലും സമകാലീന മാർപാപ്പമാരുടെ പഠനങ്ങളും ഉൾക്കാഴ്ചകളും സമഗ്രമായി ഒരുമിച്ചു ചേർത്തിരിക്കുന്നതാണ് ഈ രേഖയെ വേറിട്ടുനിർത്തുന്ന പ്രധാന ഘടകം. വിശദീകരണം, പരിണതഫലങ്ങൾ, വിചിന്തനത്തിനും ചർച്ചയ്ക്കുമായുള്ള ചോദ്യങ്ങൾ, പ്രായോഗിക നിർദ്ദേശങ്ങൾ എന്നിങ്ങനെ ഓരോ അധ്യായത്തിനും നാല് ഭാഗങ്ങളുണ്ട്.

സമഗ്രപരിസ്ഥിതി ദർശനത്തിന്റെ അടിസ്ഥാനങ്ങളായ സമഗ്ര പരിസ്ഥിതിശാസ്ത്രം, പൊതുനന്മ, അഖണ്ഡതയും സ്ഥിരതയും പോലുള്ള വിഷയങ്ങൾ വിശദീകരിക്കുന്ന ഒന്നാം ഭാഗത്തിൽ, Fratelli Tttui, Amorsi Laetitia, Gaudete te Exusltate എന്നീ പ്രബോധനങ്ങളിൽ പ്രതിപാദിക്കുന്ന മനുഷ്യകുടുംബത്തെക്കുറിച്ചുള്ള സഭയുടെ പഠനങ്ങളെ ഉൾച്ചേർത്തിരിക്കുന്നു. Laudate Deum അവതരിപ്പിക്കുന്ന താഴെതട്ടിൽനിന്നുള്ള പ്രതിബദ്ധത എന്ന ആശയത്തെ വിശദീകരിച്ചുകൊണ്ടാണ് ഇത് സമാപിക്കുന്നത്.

ഈ ലഘു ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിന് ഏഴ് അധ്യായങ്ങളുണ്ട്. ഭൂമിയുടെ നിലവിളി ശ്രവിക്കൽ, ദരിദ്രരുടെയും ബലഹീനരുടെയും രോദനത്തിനുള്ള കാതോർക്കൽ, പാരിസ്ഥിതിക ധനതത്വ ശാസ്ത്രത്തിന്റെ പ്രോത്സാഹനം, പാരിസ്ഥിതിക ജീവിതശൈലി, സമഗ്രപരിസ്ഥിതിയും വിദ്യാഭ്യാസവും, കുടുംബങ്ങളിലെ പാരിസ്ഥിതിക ആത്മീയത, സമൂഹജീവിതത്തിൽ കുടുംബത്തിന്റെ പങ്കാളിത്തം തുടങ്ങിയ ഏഴ് വിഷയങ്ങളാണ് ഈ അധ്യായങ്ങളിൽ പഠനവിഷയമാക്കുന്നത്. ഓരോ അധ്യായത്തിലെയും വിഷയാവതരണത്തിൽ സഭാപഠനങ്ങളെ സംക്ഷിപ്തമായി ഉൾക്കൊള്ളിക്കുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. കേവല വിശകലനത്തേക്കാൾ ഉപരിയായി ചർച്ചയ്ക്കും വിചിന്തനത്തിനുമായി ഓരോ അധ്യായത്തിലും നൽകിയിട്ടുള്ള ചോദ്യങ്ങളും അവയെ തുടർന്നുവരുന്ന പ്രായോഗികനിർദ്ദേശങ്ങളും പ്രായോഗികജീവിതത്തിന്റെ വ്യത്യസ്തതലങ്ങളിൽ പാലിക്കേണ്ട മാർഗനിർദേശങ്ങളുമാണ് ഓരോ അധ്യായത്തിലും ഉൾക്കൊള്ളിച്ചിരിക്കുന്നത്.



**സമഗ്രപരിസ്ഥിതി ദർശനത്തിന്റെ ഭാവാത്മകമായ ആവിഷ്കാരത്തിന് സാമ്പത്തികവും സാംസ്കാരികവും സാമൂഹികവുമായ വ്യത്യസ്ത ശാഖകളുടെ സമഗ്രമായ സമീപനം ഉൾച്ചേർന്നിരിക്കുന്നു എന്നതാണ് ഈ ഗ്രന്ഥത്തിന്റെ പ്രധാന സവിശേഷത. കുടുംബങ്ങൾ സമഗ്ര പരിസ്ഥിതി ദർശനത്തെ ഹൃദയത്തിൽ വഹിക്കട്ടെയെന്ന ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളിൽ ഈ ലഘുഗ്രന്ഥത്തിന്റെ സാരാംശം അടങ്ങിയിട്ടുണ്ട് എന്ന സന്ദേശത്തോടെയാണ് ലഘുഗ്രന്ഥം ഉപസംഹരിക്കുന്നത്.**

സമഗ്രപരിസ്ഥിതി ദർശനത്തിന്റെ ഭാവാത്മകമായ ആവിഷ്കാരത്തിന് സാമ്പത്തികവും സാംസ്കാരികവും സാമൂഹികവുമായ വ്യത്യസ്ത ശാഖകളുടെ സമഗ്രമായ സമീപനം ഉൾച്ചേർന്നിരിക്കുന്നു എന്നതാണ് ഈ ഗ്രന്ഥത്തിന്റെ പ്രധാന സവിശേഷത. കുടുംബങ്ങൾ സമഗ്ര പരിസ്ഥിതി ദർശനത്തെ ഹൃദയത്തിൽ വഹിക്കട്ടെയെന്ന ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളിൽ ഈ ലഘുഗ്രന്ഥത്തിന്റെ സാരാംശം അടങ്ങിയിട്ടുണ്ട് എന്ന സന്ദേശത്തോടെയാണ് ലഘുഗ്രന്ഥം ഉപസംഹരിക്കുന്നത്. ■

# ചെന്നൈ പട്ടണത്തിന്റെ മാർത്തോമാപാരമ്പര്യം

**ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര**

**റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ**

**ആധുനികകാലത്തിന്റെ ആരംഭത്തിൽ പോർച്ചുഗീസുകാർ ഇന്ത്യയിൽ വരുന്നതിനു മുൻപ് അറേബ്യ, സിറിയ, പേർഷ്യ, മെഡിറ്ററേനിയൻ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വളരെ യാത്രികരും തീർഥാടകരും സന്ദർശകരും മൈലാപ്പൂർ സന്ദർശിക്കുന്നത് അവരുടെ യാത്രാവിവരണങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ചിലർ കുറ്റപ്പെടുത്തുന്നതുപോലെ മൈലാപ്പൂരിലെ തോമസിന്റെ കബറിടം ഒരു പോർച്ചുഗീസ് കണ്ടുപിടിത്തമോ പോർച്ചുഗീസുകാർ കെട്ടിച്ചമച്ചതോ അല്ല ചരിത്രസത്യമാണ്. ആർക്കും നിഷേധിക്കാനാവാത്തതും കണ്ടു മനസ്സിലാക്കാൻ സാധിക്കുന്നതുമായ ചരിത്ര യാഥാർഥ്യം. മറ്റു 11 അപ്പസ്തോലന്മാരുടെ കബറിടങ്ങൾ ലോകത്ത് മറ്റു സ്ഥലങ്ങളിൽ ഉള്ളതുപോലെ തന്നെയാണ് തോമസിന്റെ കബറിടം ഇന്ത്യയിൽ മൈലാപ്പൂരിൽ ഉള്ളത്. ലോകത്ത് മറ്റൊരിടത്തും തോമാശ്ലീഹായുടെ കബറിടം ഉണ്ടെന്ന് ആരും അവകാശപ്പെടുന്നില്ല. മാത്രവുമല്ല, അങ്ങനെയൊരു അവകാശവാദത്തിന് യാതൊരു സാധ്യതയുമില്ല.**

ചെന്നൈ അഥവാ പഴയ മദ്രാസ്പട്ടണത്തിന്റെ ഒരു ഭാഗമാണ് അതിന്റെ നാല് മൈൽ തെക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന സാന്തോം (Santhome). മധ്യകാലഘട്ടത്തിൽ ഈ ഭാഗം അറിയപ്പെട്ടിരുന്നത് ബേത് തുമ (Beth Thuma) എന്നാണ്. അറേബ്യയിൽ നിന്ന് പട്ടണം സന്ദർശിക്കാൻ എത്തിയ യാത്രികരായിരുന്നു പ്രദേശത്തിന് ഈ പേര് നൽകിയത്. 'തോമായുടെ സ്ഥലം' എന്ന അർഥത്തിലാണ് പ്രദേശത്തെ ഈ പേരിൽ വിളിച്ചതെന്ന് അവരുടെ യാത്രാവിവരണങ്ങളിൽ കാണാം. പട്ടണത്തിൽ താമസിച്ചിരുന്ന മാർത്തോമാ ക്രിസ്ത്യാനികളെക്കുറിച്ചും തങ്ങളുടെ കൃതികളിൽ അവർ എഴുതുന്നുണ്ട്. പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇവിടെയെത്തിയ പോർച്ചുഗീസുകാർ ഈ പട്ടണത്തെ 'സാന്തോം' എന്ന് വിളിച്ചു. 'സാന്തോം' (St Thomas) എന്നത് അതിനാൽ 'ബേത് തുമ' യുടെ പോർച്ചുഗീസ് രൂപാന്തരമാണ്. തോമാശ്ലീഹായുടെ കബറിടം ഇവിടെ കണ്ടതുകൊണ്ടാണ് പോർച്ചുഗീസുകാർ സംശയലേശമെന്യേ ഈ പട്ടണത്തെ സാന്തോം എന്നു വിളിച്ചത്. ഒരു വലിയ വ്യക്തിയുടെ കബറിടം ആണ് ഈ പട്ടണത്തെ പ്രശസ്തമാക്കുന്നത്. അതിനാൽ ഇവിടെയുള്ള തോമസിന്റെ കബറിടം എന്ന ഒറ്റക്കാര്യം കൊണ്ട് തന്നെ ഈ പട്ടണത്തിന് പഴയ കാലത്ത് വലിയ പ്രശസ്തി യൂറോപ്പിൽ ഉണ്ടായി. പട്ടണം സന്ദർശിക്കാൻ എത്തിയ യൂറോപ്പിൽ നിന്നുള്ള സഞ്ചാരികളുടെ നീണ്ട പട്ടിക ഇക്കാര്യം സ്ഥിരീകരിക്കുന്നു.

ആധുനികകാലത്തിന്റെ ആരംഭത്തിൽ പോർച്ചുഗീസുകാർ ഇന്ത്യയിൽ വരുന്നതിനു മുൻപ് അറേബ്യ, സിറിയ, പേർഷ്യ, മെഡിറ്ററേനിയൻ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വളരെ യാത്രികരും തീർഥാടകരും സന്ദർശകരും മൈലാപ്പൂർ സന്ദർശിക്കുന്നത് അവരുടെ യാത്രാവിവരണങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ചിലർ കുറ്റപ്പെടുത്തുന്നതുപോലെ മൈലാപ്പൂരിലെ തോമസിന്റെ കബറിടം ഒരു പോർച്ചുഗീസ് കണ്ടുപിടിത്തമോ പോർച്ചുഗീസുകാർ കെട്ടിച്ചമച്ചതോ അല്ല ചരിത്രസത്യമാണ്. ആർക്കും നിഷേധിക്കാനാവാത്തതും കണ്ടു മനസ്സിലാക്കാൻ സാധിക്കുന്നതുമായ ചരിത്രയാഥാർഥ്യം. മറ്റു 11 അപ്പസ്തോലന്മാരുടെ കബറിടങ്ങൾ ലോകത്ത് മറ്റു സ്ഥലങ്ങളിൽ ഉള്ളതുപോലെ തന്നെയാണ് തോമസിന്റെ കബറിടം ഇന്ത്യയിൽ മൈലാപ്പൂരിൽ ഉള്ളത്. ലോകത്ത് മറ്റൊരിടത്തും തോമാശ്ലീഹായുടെ കബറിടം ഉണ്ടെന്ന് ആരും അവകാശപ്പെടുന്നില്ല. മാത്രവുമല്ല, അങ്ങനെയൊരു അവകാശവാദത്തിന് യാതൊരു സാധ്യതയുമില്ല.

ചെന്നൈ എന്ന പേര് അടുത്തകാലത്ത് സ്വീകരിക്കുന്നത് വരെ ഈ പട്ടണം അറിയപ്പെട്ടിരുന്നത് മദ്രാസ് എന്നായിരുന്നല്ലോ. മദ്രാസ് എന്നത് ഇംഗ്ലീഷ് കാലഘട്ടത്തിൽ ഉണ്ടായ പേരാണ്. ഇന്ന് മൈലാപ്പൂർ, മദ്രാസ് പട്ടണത്തിന്റെ ഭാഗമാണ്. പട്ടണത്തിന്റെ പഴയ ഭാഗം എന്നു പറയാം. മദ്രാസ് പട്ടണത്തിന് അങ്ങനെയൊരു പേരു ലഭിക്കാൻ കാരണം പട്ടണത്തിൽ ഉണ്ടായിരുന്ന ഒരു ക്രൈസ്തവ സന്യാസാശ്രമമാണ് (Monastery). സന്യാസാശ്രമം, സന്യാസ ഭവനം എന്നുള്ളതിന് സുറിയാനി പദം മദ്രാസ (മദ്രസ്ത) യും അറബിപദം 'മദ്രസ'യുമാണ്. ആദ്യകാല ഇംഗ്ലീഷ് രേഖകളിൽ മദ്രസ്ത് (Madrast) എന്ന പദമാണ് ഉപയോഗിച്ചു കാണുന്നത്. സാവധാനം അത് മദ്രാസ് ആയി മാറുകയായിരുന്നു. മൈലാപ്പൂരിൽ ഉണ്ടായിരുന്ന പ്രഖ്യാതമായ സന്യാസാശ്രമമാണ് ആ പട്ടണത്തിന് മദ്രാസ് എന്ന പേര് നൽകിയതെന്ന് ന്യായമായും അനുമാനിക്കാം. മാർത്തോമാ ശ്ലീഹായുടെ പേരിനെ അനുസ്മരിപ്പിക്കുന്ന ഒരു സന്യാസാശ്രമത്തെ പറ്റി മൈലാപ്പൂർ സന്ദർശിച്ച ചില വിദേശികളുടെ രേഖകളിൽ കാണുന്നത് ഇക്കാര്യത്തിന് ആക്കം കൂട്ടുന്നുണ്ട്. ശ്ലീഹായുടെ മരണത്തെപ്പറ്റി പറയുന്നിടത്ത് നാം വായിക്കുന്നത് അദ്ദേഹത്തിന്റെ ശിഷ്യന്മാർ തോമായുടെ ശരീരം താഴെ കടൽത്തീരത്തുള്ള (ഇപ്പോൾ ബസിലിക്ക സ്ഥിതി ചെയ്യുന്ന സ്ഥലം) ആശ്രമത്തിലേക്ക് കൊണ്ടുപോയി അവിടെ സംസ്കരിച്ചു എന്നാണ്. തോമസിന്റെ മൈലാപ്പൂരിലെ പ്രവർത്തനങ്ങളും രക്തസാക്ഷിത്വവും കബറിടവും ആണ് ഈ സ്ഥലത്തിന് ബേത് തുമ എന്ന പേര് കൊടുത്തതും തുടർന്ന് അത് സാന്തോം ആയിത്തീർന്നതും. മൈലാപ്പൂർ മദ്രാസ് ചെന്നൈ ബന്ധം ഇവിടെ വ്യക്തമാണ്.

# കരുണാപൂർവ്വമായ ശുശ്രൂഷയുടെ പിന്മുറക്കാർ

**യേശുവിന്റെ കരുണാപൂർവ്വമായ ശുശ്രൂഷയുടെ പിന്മുറക്കാരിലെ ഒരു സമൂഹമാണ് വില്ലൂന്നിയിലെ ജോസഫൈൻ സിസ്റ്റേഴ്സ്.**

വില്ലൂന്നിയിലെ ജോസഫൈൻ സിസ്റ്റേഴ്സ് സമൂഹം 1953 നവംബർ 25ന് ചങ്ങനാശ്ശേരി അതിരൂപതയുടെ അന്നത്തെ ആർച്ച് ബിഷപ്പായിരുന്ന അഭിവന്ദ്യ മാർ മാത്യു കാവുകാട്ട് പിതാവിന്റെ അനുമതിയോടും അംഗീകാരത്തോടും കൂടി ഫാ. സിറിയക് കോട്ടയരികിൽ സ്ഥാപിച്ചതാണ്. വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ പരിമിതികൾ കാരണം നിലവിലുണ്ടായിരുന്ന സന്യാസ സമൂഹങ്ങളിൽ ചേരാൻ കഴിയാതിരുന്ന, പ്രാർഥനയുടെയും സേവനത്തിന്റെയും ജീവിതം നയിക്കാൻ ആഗ്രഹിച്ചിരുന്ന വില്ലൂന്നി ഇടവകയിലെ ഭക്തരായ ചില സ്ത്രീകളുടെ ആത്മാർത്ഥമായ ആഗ്രഹമാണ് ഈ സ്ഥാപനം രൂപം കൊള്ളാൻ കാരണമായത്.

### ഉത്ഭവവും വളർച്ചയും

അതേ സമയം, വില്ലൂന്നി ഇടവകാംഗമായിരുന്ന ഔസേപ്പ് ചാക്കോ തുരുത്തുമാലിൽ തന്റെ വിവാഹത്തിന്റെ സുവർണ്ണ ജൂബിലി സ്മാരകമായി സ്വന്തം സ്ഥലം ദാനമായി നൽകി. ഈ ദൈവിക അവസരം മനസ്സിലാക്കിയ ഫാ. സിറിയക് കോട്ടയരികിൽ, സമർപ്പിത ജീവിതം ആഗ്രഹിക്കുന്ന സ്ത്രീകൾക്കായി ഒരു സ്ഥാപനം ആരംഭിക്കാൻ മുൻകൈ എടുത്തു. ആർച്ചുബിഷപ്പിന്റെ അനുമതിയോടെ 1952 ജനുവരി 15ന് മാർ മാത്യു കാവുകാട്ട് പിതാവ് ഈ സ്ഥാപനത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു.

സ്ഥാപനത്തിന്റെ നിർമ്മാണം പൂർത്തിയായ ശേഷം, 1953 നവംബർ 25ന് കേരള സന്ദർശനത്തിനിടെ കിഴക്കൻ സഭകൾക്കായുള്ള കോൺഗ്രിഗേഷന്റെ പ്രിഫെക്റ്റായിരുന്ന എമിനിൻസ് കാർഡിനൽ യൂജിൻ ടിസ്സറന്റ് ഈ സ്ഥാപനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. പിന്നീട് ഈ ഭവനം 'ജോസഫൈൻ സിസ്റ്റേഴ്സ്' എന്നറിയപ്പെട്ട സന്യാസ സമൂഹമായി വളർന്നു.

### വളർച്ചയും എപ്പാർക്കിയൽ അംഗീകാരവും

1978-ൽ ആർച്ച് ബിഷപ്പ് മാർ ആന്റണി പടിയറ സമർപ്പിത ജീവിതം ആഗ്രഹിക്കുന്ന സ്ഥാനാർത്ഥികൾക്കായി നോവീഷ്യറ്റ് ആരംഭിക്കാൻ അനുമതി നൽകിയതോടെ സമൂഹത്തിന്റെ വളർച്ചയിൽ ഒരു നിർണായക ഘട്ടം ആരംഭിച്ചു. പരിശീലനം പൂർത്തിയാക്കിയ ഇരുപത്തൊൻപത് അംഗങ്ങൾ 1978 നവംബർ 15ന് പ്രഥമ വ്രതവാഗ്ദാനം നടത്തി.

1988ൽ ക്രീം നിറത്തിലുള്ള പുതിയ സന്യാസ വസ്ത്രം സഭാ അധികാരികൾ ഔദ്യോഗികമായി അംഗീകരിച്ചു. അതേ വർഷം ജോസഫൈൻ സിസ്റ്റേഴ്സ് ഒരു സ്വതന്ത്ര സന്യാസ സമൂഹമായി. സിസ്റ്റർ ആൻസി ജോസ് മുണ്ടയ്ക്കൽ ആദ്യത്തെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടു.

### എപ്പാർക്കിയൽ കോൺഗ്രിഗേഷൻ പദവി

2026 ജനുവരി 16 ന് ജോസഫൈൻ സിസ്റ്റേഴ്സിന്റെ ചരിത്രത്തിൽ ഒരു സുപ്രധാന നാഴികക്കല്ല് കുറിക്കപ്പെട്ടു. ചങ്ങനാശ്ശേരി ആർച്ചുബിഷപ്പായിരുന്ന അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ഈ സമൂഹത്തെ ഔദ്യോഗികമായി ഒരു എപ്പാർക്കിയൽ കോൺഗ്രിഗേഷനായി ഉയർത്തി. ഈ അംഗീകാരം സമൂഹത്തിന് സീറോമലബാർ സഭയ്ക്കുള്ളിൽ ഔദ്യോഗികസഭാ പദവി നൽകുകയും ആത്മീയവും അപ്പസ്തോലികവുമായ ദൗത്യത്തിൽ ഒരു പുതിയ അധ്യായത്തിന് തുടക്കം കുറിക്കുകയും ചെയ്തു. സമൂഹത്തിന്റെ വളർച്ചക്കും സ്ഥിരതയ്ക്കും സഭയ്ക്കും സമൂഹത്തിനും നൽകിയ സമർപ്പിത സേവനത്തിനും ലഭിച്ച അംഗീകാരമായിരുന്നു ഈ ഉയർത്തപ്പെടൽ.






### കാരിസവും അപ്പസ്തോലിക പ്രവർത്തനങ്ങളും

ദരിദ്രർ, നിരാലംബർ, രോഗികൾ, വയോജനങ്ങൾ, ഉപേക്ഷിക്കപ്പെട്ടവർ എന്നിവരെ സേവിക്കുന്നതിലൂടെ ഈശോമിശിഹായുടെ കരുണയും ദയയും ജീവിതത്തിൽ പ്രകടമാക്കുകയും പങ്കുവെക്കുകയും ചെയ്യുന്നതാണ് ജോസഫൈൻ സിസ്റ്റേഴ്സിന്റെ കാരിസം. ഈ ആത്മാവിൽ പ്രചോദിതരായി സിസ്റ്റേഴ്സ് ദരിദ്രസേവനം, രോഗികളുടെയും വയോജനങ്ങളുടെയും പരിപാലനം, ഇടവക ശുശ്രൂഷ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സേവനം, മറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിവിധ അപ്പസ്തോലിക മേഖലകളിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

നിലവിൽ ഇന്ത്യയിലും വിദേശത്തുമായി 25 കമ്മ്യൂണിറ്റികളിൽ സേവനം ചെയ്യുന്ന 85 സിസ്റ്റേഴ്സ് സമൂഹത്തിലുണ്ട്. സമർപ്പിതമായ ശുശ്രൂഷയിലൂടെ സമൂഹത്തോടുള്ള കരുണാപൂർണ്ണ സേവനം തുടരുകയും ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. ■

# ഈശോയുടെ വേദന അറിഞ്ഞവൾ




**വിനായക് നിർമ്മൽ**

ഇളയസഹോദരൻ ഫ്രാങ്കോയിസിന്റെ ജ്ഞാനസ്നാനത്തിനായി ദേവാലയത്തിലേക്ക് പ്രവേശിക്കുമ്പോൾ അവൾക്ക് രണ്ടര വയസു മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. അപ്പോൾ ചുമരിലെ ചിത്രത്തിൽ അവളുടെ കണ്ണ് പതിഞ്ഞു.. കുരിശിൽ കിടക്കുന്ന, കൈകാലുകളിന്മേൽ ആണികൾ തറച്ച, മുൾമുടി ധരിച്ച, രക്തമൊഴുകുന്ന ക്രിസ്തു. ആ ദൃശ്യം അവളുടെ കുഞ്ഞുമനസ്സിനെ വല്ലാതെ മുറിപ്പെടുത്തി. അവൾ കരഞ്ഞുകൊണ്ട് ഉടനെ വിളിച്ചുപറഞ്ഞു. 'ഈശോയ്ക്ക് വേദനിക്കുന്നു.. ഈശോയ്ക്ക് വേദനിക്കുന്നു'

കുരിശിൽ കിടക്കുന്ന ഈശോയുടെ വേദന മനസ്സിലാക്കാൻ കഴിയുന്ന അപൂർവ്വം ചിലരിലൊരാൾ. അതായിരുന്നു ആനി ഗബ്രിയേൽ കരോൺ.

2002 ജനുവരി 29 ന് ഫ്രാൻസിലെ ടൗലോണിൽ ആയിരുന്നു ജനനം. പിതാവ് നാവിക ഉദ്യോഗസ്ഥനായ അലക്സാണ്ടർ കരോൺ. അമ്മ സാഹിത്യ അധ്യാപികയായ മേരി ഡൗഫിൻ. ആ ദമ്പതികൾക്ക് അഞ്ചാണ് മക്കൾ. അതിൽ മൂത്തവളായിരുന്നു ആനി ഗബ്രിയേൽ. ഈശോയെ കാണണം എന്നതായിരുന്നു ആനിയുടെ എപ്പോഴത്തെയും ആഗ്രഹം. മരിച്ചു സ്വർഗത്തിൽ ചെന്നാൽ



മാത്രമേ ഈശോയെ കാണാൻ കഴിയൂ എന്ന് ആരോ പറഞ്ഞുകൊടുത്തതുകൊണ്ടാവാം നാലു വയസുള്ളപ്പോൾ അവൾ മരിക്കാനാഗ്രഹിച്ചു.

ആറു വയസുള്ളപ്പോൾ മുതൽ അവൾ മുടന്തി നടക്കാൻ തുടങ്ങി. സ്ട്രോക്ക് വന്നതിനു ശേഷം പഴയജീവിതത്തിലേക്ക് തിരികെ വരാൻ ശ്രമിക്കുന്ന വല്യപ്പച്ചനെ അനുകരിക്കുകയാണ് അവൾ എന്നാണ് മാതാപിതാക്കൾ ആദ്യം തെറ്റിദ്ധരിച്ചത്. ആദ്യം അതിന്റെ പേരിൽ അവർ ആനിയെ ശകാരിച്ചു. പിന്നീട് മാതാപിതാക്കൾ തിരിച്ചറിഞ്ഞു അവൾ ആരെയും അനുകരിക്കുന്നതല്ല അവളുടെ കാലിന് എന്തോ കുഴപ്പമുണ്ട്. എക്സറേയെടുത്തു പരിശോധിച്ചപ്പോൾ പേടിക്കേണ്ടതില്ല എന്ന ഉറപ്പാണ് ഡോക്ടർ നല്കിയത്. പക്ഷേ ആനിയുടെ വേദനയ്ക്ക് ശമനമുണ്ടായില്ല. എന്നാൽ നടത്തത്തിലെ ബുദ്ധിമുട്ട് നടക്കുന്നതിലെ വേദനയായി മാറി. രാത്രികാലങ്ങളിൽ നടക്കാതെയും വേദന കലശലായി. 'എന്റെ കാൽ.. എനിക്ക് വേദനിക്കുന്നു'വെന്ന് അവൾ രാത്രികാലങ്ങളിൽ ഉറക്കെ നിലവിളിച്ചുതുടങ്ങി. രണ്ടുമാസത്തിനു ശേഷം മറ്റൊരു ഡോക്ടറുടെ അടുക്കൽ അവളെ കൊണ്ടുപോയി. അവിടെവച്ചാണ് ആനിക്ക് എവിംഗ്സ് സാർക്കോമ എന്ന മാരകമായ കാൻസർ ആണ് എന്ന് കണ്ടെത്തിയത്. പെൽവിസിന്റെയും കാലുകളുടെയും അസ്ഥികളെ ബാധിക്കുന്ന തരം കാൻസറായിരുന്നു അത്. 'ചിലപ്പോൾ വേദനകളിൽ നിന്ന് കുറവു നല്കാൻ ചികിത്സകൾക്ക് കഴിഞ്ഞേക്കാം. പക്ഷേ ഒരിക്കലും അവളുടെ അസുഖം ഭേദമാകാൻ പോകുന്നില്ല.' ഡോക്ടർ തീർത്തുപറഞ്ഞു.

ഖേദകരമെന്ന് പറയട്ടെ ആ വർഷം തന്നെയായിരുന്നു അവളുടെ പ്രഥമദിവ്യകാരുണ്യ സ്വീകരണവും. 'തീക്ഷണതയോടെ. ഈശോ എന്നെ കാത്തിരിക്കുകയാണ് എനിക്ക് വേഗം ഈശോയെ വേണം'. ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ആ ദിവസങ്ങളിലായിരുന്നു പ്രഥമദിവ്യകാരുണ്യസ്വീകരണദിനവും. ആശുപത്രിയിൽ നിന്ന് പള്ളിയിലെത്തിച്ചപ്പോഴേയ്ക്കും ചടങ്ങുകൾ ഏറെക്കുറെ അവസാനിക്കാറായിരുന്നു. എങ്കിലും അപ്പോഴത്തെ ചടങ്ങുകൾ നിർത്തിവച്ച് വൈദികൻ അവളുടെ നാവിൻത്തുമ്പിലേക്ക് തിരുവോസ്തി നല്കി.

രണ്ടുവർഷം ചികിത്സയിലൂടെ കടന്നുപോയി. നല്ലതുപോലെ അവൾക്ക് വേദനിക്കുന്നുണ്ടായിരുന്നു. 'അമ്മേ എനിക്ക് വേദന അനുഭവിക്കാൻ ഭയങ്കര പേടിയാ. അതുകൊണ്ട് ഞാൻ ഈശോയെ സഹായത്തിനു വിളിക്കും. ഈശോയുടെ കൈയിൽ പിടിക്കും. ഈശോ എന്നെ സഹായിക്കും' വേദനയുടെ നിമിഷങ്ങളിലൂടെ കടന്നുപോകുന്നതിനെക്കുറിച്ച് ആനി അമ്മയോട് പറഞ്ഞത് അങ്ങനെയായിരുന്നു. അസഹനീയമായ തന്റെ വേദനകൾ മാത്രമല്ല ആശുപത്രിയിലെ എല്ലാ കുട്ടികളുടെയും വേദനകൂടി തനിക്ക് സ്വീകരിക്കാൻ കഴിയണേയെന്നായിരുന്നു ആനിയുടെ പ്രാർഥനയും ആഗ്രഹവും. മകളുടെ ആ ആഗ്രഹം അറിഞ്ഞപ്പോൾ അമ്മ ചോദിച്ചു,' മോളേ നിനക്ക് നിന്റെ വേദന തന്നെ അധികമുണ്ടല്ലോ. പിന്നെയെന്തിനാണ് മറ്റുള്ളവരുടെ വേദനകൂടി ഏറ്റുവാങ്ങുന്നത്.'

അതിന് ആനിയുടെ മറുപടി ശ്രദ്ധേയമായിരുന്നു: 'അവർക്ക് വേദന സഹിക്കാൻ ബുദ്ധിമുട്ടായിരിക്കും അതുകൊണ്ട് അവർ കഷ്ടപ്പെടാതിരിക്കാൻ ഞാൻ കഷ്ടപ്പെടാമെന്ന് കരുതുന്നു'

ഒരു ദിവസം അവൾ അമ്മയോട് ചോദിച്ചു 'അമ്മേ ഞാൻ മരിച്ചുപോവുമോ' അത് ആദ്യത്തെ കീമോത്തെറാപ്പിയുടെ തലേന്നായിരുന്നുവെന്ന് അമ്മ ഇപ്പോഴും ഓർമ്മിക്കുന്നു. 'നിന്നെ സുഖപ്പെടുത്താൻ കഴിയുന്നതെല്ലാം ഞങ്ങൾ ചെയ്യും' എന്നുമാത്രമായിരുന്നു അമ്മയുടെ മറുപടി. 'മരിക്കാൻ എനിക്ക് സന്തോഷമാണമ്മേ കാരണം ഞാൻ ഈശോയുടെ കൂടെയുണ്ടാകുമല്ലോ' അവളുടെ ആഗ്രഹം സാധിച്ചു. 2010 ജൂലൈ 23 ന് രാവിലെ ഒമ്പതു മണിയോടെ വേദന രൂക്ഷമായി. രാത്രി 11.50 ന് അവൾ ആനി ഗബ്രിയേൽ ഈശോയെ നേരിൽക്കാണാനായി സ്വർഗത്തിലേക്ക് യാത്രയായി.

'ഞാൻ ശുദ്ധീകരണസ്ഥലത്തേക്കായിരിക്കുമോ പോകുക' അതായിരുന്നു ഫാ. ആർനോൾഡിനോട് അവൾ ചോദിച്ച അവസാന ചോദ്യം. 'അല്ല നീ നേരെ സ്വർഗത്തിലേക്ക് പോകും.' അച്ചൻ മറുപടി പറഞ്ഞു. 2020 സെപ്തംബർ 12 ന് ആനിഗബ്രിയേലിന്റെ നാമകരണനടപടികൾക്ക് രൂപതാതലത്തിൽ ആരംഭം കുറിച്ചു. ■

# രൂപതാ ചാൻസലറുടെ കാര്യാലയം

**രൂപതാ കാര്യാലയത്തിൽ നിർബന്ധമായും ഒരു ചാൻസലറെ രൂപതാ മെത്രാൻ നിയമിക്കേണ്ടതാണ്. അദ്ദേഹം ഒരു വൈദികനോ ഡീക്കനോ ആയിരിക്കണം. എന്നാൽ, ലത്തീൻ സഭയുടെ നിയമസംഹിത ഇത്തരത്തിലുള്ള യാതൊരു നിയന്ത്രണങ്ങളും വയ്ക്കുന്നില്ല. അതുകൊണ്ട് തന്നെ ലത്തീൻ സഭയിൽ സ്ത്രീപുരുഷവ്യത്യാസമില്ലാതെ ഏതൊരു അല്മായർക്കും വ്യക്തിക്കും ചാൻസലർ പദവി നല്കാൻ സാധിക്കുന്നതാണ്. ആവശ്യമെങ്കിൽ ചാൻസലർക്ക് ഒരു സഹായിയെ കൊടുക്കാവുന്നതാണ്. അദ്ദേഹത്തിന്റെ പേര് വൈസ് ചാൻസലർ എന്നായിരിക്കും.**

CANON LAW

റവ. ഡോ. ജോഷി കുളത്തുങ്കൽ

പൗരസ്ത്യ സഭകളുടെ കാനോൻ നിയമസംഹിതയിലെ (CCEO) 252 മുതൽ 261 വരെയുള്ള കാനോനകൾ, രൂപതാ കാര്യാലയത്തിലെ (eparchial curia) ചാൻസലറുടെ പദവിയെക്കുറിച്ചും രൂപതയുടെ രേഖാലയം (archives) സംരക്ഷിക്കുന്നതിൽ അദ്ദേഹത്തിനുള്ള ചുമതലകളെക്കുറിച്ചും പ്രതിപാദിക്കുന്നവയാണ്. ചാൻസലർ എന്ന വാക്ക് കൺചെല്ലാരിയൂസ് (cancellarius) എന്ന ലത്തീൻ ഭാഷയിലേതാണ്. 'കാവൽക്കാരൻ' (Gatekeeper) എന്നാണ് ഈ മൂലപദത്തിന്റെ അർഥം. യഥാർഥത്തിൽ അദ്ദേഹം രൂപതാ രേഖാലയം അല്ലെങ്കിൽ രൂപതയുടെ മൊത്തം രേഖാകേന്ദ്രത്തിന്റെ കാവൽക്കാരനാണ്. പുരാതന റോമാ സാമ്രാജ്യത്തിൽ, റോമൻ കോടതിയുടെ അഴികൾക്ക് മുന്നിൽ നിന്നിരുന്ന വാതിൽ കാവൽക്കാരനായിരുന്നു ചാൻസലർ; കാലക്രമേണ മജിസ്ട്രേറ്റിന്റെ സെക്രട്ടറിയുടെ ചുമതലകൾ ഇദ്ദേഹം ഏറ്റെടുക്കുകയാണുണ്ടായത്.

12-ാം നൂറ്റാണ്ടു മുതല്ക്കാണ് മെത്രാന്റെ ഓഫീസിനോട് ചേർന്ന് ചാൻസറി (കാര്യാലയം) എന്ന സമ്പ്രദായം രൂപംകൊണ്ടത്. പിന്നീട്, മെത്രാന്റെ കത്തുകളിൽ ഒപ്പുവെക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമുള്ള ഉത്തരവാദിത്തം ചാൻസലർക്കായി മാറി. ട്രെന്റ് സൂനഹദോസിന് (Council of Trent) ശേഷം കാര്യാലയത്തിലെ രേഖകൾ സൂക്ഷിക്കുന്ന ചുമതലയ്ക്ക് പുറമെ, രൂപതാ കാര്യാലയത്തിലെ പ്രധാന നോട്ടറിയായും (Principal Notary) ചാൻസലറെ നിയമപരമായി അംഗീകരിക്കുകയുണ്ടായി. 1917 ലെ സഭാ നിയമസംഹിതയിലാണ് ആദ്യമായി ചാൻസലർ പദവി സഭയുടെ നിയമനിർമ്മാണത്തിലേക്ക് ഔദ്യോഗികമായി ഉൾപ്പെടുത്തിയത്. ആവശ്യമായ മാറ്റങ്ങൾ വരുത്തിയാണ് നിലവിലുള്ള കാനോൻ നിയമസംഹിതയിൽ ഈ പദവി നിലനിർത്തിയിരിക്കുന്നത്.

രൂപതാ കാര്യാലയത്തിൽ നിർബന്ധമായും ഒരു ചാൻസലറെ രൂപതാ മെത്രാൻ നിയമിക്കേണ്ടതാണ്. അദ്ദേഹം ഒരു വൈദികനോ ഡീക്കനോ ആയിരിക്കണം. എന്നാൽ, ലത്തീൻ സഭയുടെ നിയമസംഹിത (CIC) ഇത്തരത്തിലുള്ള യാതൊരു നിയന്ത്രണങ്ങളും വെക്കുന്നില്ല. അതുകൊണ്ട് തന്നെ ലത്തീൻ സഭയിൽ സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ ഏതൊരു അൽമായർക്കും ചാൻസലർ പദവി നൽകാൻ സാധിക്കുന്നതാണ്. ആവശ്യമെങ്കിൽ ചാൻസലർക്ക് ഒരു സഹായിയെ കൊടുക്കാവുന്നതാണ്. അദ്ദേഹത്തിന്റെ പേര് വൈസ് ചാൻസലർ എന്നായിരിക്കും. ചാൻസലറെക്കുറിച്ച് പറയുന്ന കാര്യങ്ങളെല്ലാം വൈസ് ചാൻസലർക്കും ബാധകമാണ്. ചാൻസലറും വൈസ് ചാൻസലർമാരും നിയമത്താൽ തന്നെ (ipso iure) രൂപതാ കാര്യാലയത്തിന്റെ ഔദ്യോഗിക നോട്ടറിമാരാണ്.

ചാൻസലർ നല്ല സ്വഭാവഗുണമുള്ളയാളും കുറ്റാരോപണങ്ങൾക്ക് അതീതനുമായിരിക്കണം. അദ്ദേഹം സൽപ്പേരുള്ളവനും സംശയങ്ങൾക്ക് ഇടനൽകാത്തവിധം ജീവിക്കുന്നവനുമായിരിക്കണം. നിയമപരമായ രേഖകളുടെ ഔദ്യോഗികതയും വിശ്വാസ്യതയും സാക്ഷ്യപ്പെടുത്തുന്ന പദവി വഹിക്കുന്നതിനാൽതന്നെ, അദ്ദേഹം വിശ്വസ്തനല്ലെങ്കിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ.

പ്രത്യേകത നിയമം മറിച്ച് വ്യവസ്ഥ ചെയ്തിട്ടില്ലാത്ത പക്ഷം കാര്യാലയത്തിലെ രേഖകൾ ശേഖരിക്കുകയും ക്രമീകരിക്കുകയും, അതുപോലെതന്നെ രൂപതാ കാര്യാലയത്തിന്റെ രേഖാലയത്തിൽ അവ സുരക്ഷിതമായി സൂക്ഷിക്കുകയും ചെയ്യുക എന്നതാണ് ചാൻസലറുടെ പ്രധാന ചുമതല. സീറോമലബാർസഭയുടെ പ്രത്യേക നിയമം ഈ വിഷയത്തിൽ ഒന്നും ഉൾച്ചേർത്തിട്ടില്ല. രൂപതാ മെത്രാൻ പുറപ്പെടുവിക്കുന്ന രേഖകളിൽ ചാൻസലർ കൂടി ഒപ്പുവെക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ ഒപ്പ് പ്രസ്തുത രേഖകളുടെ വിശ്വാസ്യതയും ഔദ്യോഗികതയും സാക്ഷ്യപ്പെടുത്തുന്നു. ചാൻസലർ നിയമത്താൽ തന്നെ നോട്ടറി ആയതിനാൽ നോട്ടറിമാരുടെ കടമകളും അദ്ദേഹത്തിൽ നിക്ഷിപ്തമാണ്. ഡിക്രികൾ, തീരുമാനങ്ങൾ, കടമകൾ എന്നിവയെയോ, ഇടപെടൽ ആവശ്യമുള്ള മറ്റുകാര്യങ്ങളെയോ സംബന്ധിച്ച നടപടികളും രേഖകളും അദ്ദേഹം എഴുതി തയ്യാറാക്കേണ്ടതുണ്ട്. എല്ലാ ചെയ്തികളും വിശ്വസ്തതാപൂർവം രേഖപ്പെടുത്തുകയും നടപടികളിൽ സ്ഥലം, തീയതി, മാസം, വർഷം എന്നിവ ചേർത്ത് ഒപ്പുവയ്ക്കുകയും ചെയ്യേണ്ടത് അദ്ദേഹത്തിന്റെ ചുമതലയാണ്. നടപടികൾ രേഖകൾ എന്നിവ നിയമാനുസൃതം ആവശ്യപ്പെടുന്ന ഒരാൾക്ക് അവ ലഭ്യമാക്കുകയും അവയുടെ കോപ്പികൾ മൂലവുമായി (original) ഒത്തു പോകുന്നുവെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടത് അദ്ദേഹത്തിന്റെ കടമയാണ്.

രേഖാലയത്തിന്റെ നേരിട്ടുള്ള ഉത്തരവാദിത്തം ചാൻസലർക്ക് ആയതിനാൽ, അദ്ദേഹം കാനോൻ നിയമവിദഗ്ദ്ധനായിരിക്കുന്നതിനൊപ്പം തന്നെ യോഗ്യതയുള്ള ഒരു രേഖാസൂക്ഷിപ്പുകാരൻ കൂടിയായിരിക്കണം; കൂടാതെ പരമാവധി കൂടുതൽ ഭാഷകളിൽ പ്രായോഗിക ജ്ഞാനമുള്ള ആളുമായിരിക്കണം. രേഖാലയം എപ്പോഴും പൂട്ടിസൂക്ഷിക്കുന്ന കാര്യത്തിൽ ചാൻസലർ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അതിന്റെ താക്കോൽ മെത്രാന്റെയും ചാൻസലറുടെയും പക്കൽ മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. മെത്രാന്റെ മാത്രം അനുവാദത്തോടെയോ, അല്ലെങ്കിൽ പ്രോട്ടോസിഞ്ചെല്ലൂസിന്റെയും ചാൻസലറുടെയും സംയുക്ത അനുവാദത്തോടെയോ അല്ലാതെ ആർക്കും അതിനുള്ളിൽ പ്രവേശിക്കാൻ അനുമതിയില്ല. എന്നാൽ രഹസ്യരേഖാലയങ്ങളുടെയോ രഹസ്യ അറകളുടെയോ താക്കോൽ രൂപതാ മെത്രാന്റെ പക്കൽ മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. രേഖാലയത്തിൽ നിന്നും രേഖകൾ മാറ്റുവാൻ മെത്രാന്റെ അനുവാദമോ പ്രോട്ടോസിഞ്ചെല്ലൂസിന്റെയും ചാൻസലറുടെയും സംയുക്ത അനുവാദമോ ഇല്ലാതെ സാധ്യമല്ല. എന്നാൽ രഹസ്യ രേഖാലയത്തിൽ നിന്നും യാതൊരുവിധ രേഖകളും നീക്കം ചെയ്യുവാൻ പാടില്ലാത്തതാകുന്നു. ചുരുക്കത്തിൽ, രൂപതാ രേഖാശേഖരം സൂക്ഷ്മതയോടെ സംരക്ഷിച്ചുകൊണ്ടും, പ്രധാനപ്പെട്ട കാനോനിക രേഖകളുടെ ഔദ്യോഗികത സാക്ഷ്യപ്പെടുത്തിക്കൊണ്ടും, മെത്രാന്റെ വിശ്വസ്തനായ ഒരു സഹായിയായി സേവനമനുഷ്ഠിച്ചുകൊണ്ടും സഭയുടെ സുതാര്യതയും നിയമപരമായ സമഗ്രതയും തുടർച്ചയും നിലനിർത്താൻ ചാൻസലർ സഹായിക്കുന്നു. ■

# വ്യക്തിപരമായ പ്രാർഥന അത്യാവശ്യമാണോ?

**ദൈവത്തിന്റെ സ്നേഹം തിരിച്ചറിയാനുള്ള മാർഗമാണ് വ്യക്തിപരമായ പ്രാർഥന. നമ്മുടെ ധാരണ നാം ദൈവത്തിന്റെ കണ്ണുകളിൽ നിന്ന് മറഞ്ഞിരിക്കുന്നുവെന്നും പാപങ്ങൾ മൂലം ദൈവം നമ്മോട് അകന്നിരിക്കുന്നുവെന്നുമാണ്. എന്നാൽ അതു തെറ്റാണ്. ദൈവത്തോട് നാം പ്രാർഥനയിലൂടെ സംസാരിക്കുമ്പോഴാണ് അവിടുത്തെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ തൊട്ടറിയാൻ കഴിയുന്നത്. മക്കൾ അനുസരണക്കേടു കാട്ടി അകന്നുപോകുമ്പോഴും ഒരു നല്ല പിതാവ് അവന്റെ മടങ്ങിവരവ് ആഗ്രഹിക്കുന്നുണ്ട്.**

ഒരാളോട് വ്യക്തിപരമായ അടുപ്പവും സ്നേഹവും തോന്നാൻ ഏറ്റവും എളുപ്പമാർഗം ആ വ്യക്തിയുമായി ഉള്ളുതുറന്ന് സംസാരിക്കുക എന്നതാണ്. ഉള്ളുതുറന്ന് സംസാരിക്കുമ്പോഴാണ് പരസ്പരം എല്ലാം തുറന്നുപറയാനുള്ള സ്വാതന്ത്ര്യവും അടുപ്പവും കിട്ടുന്നത്. ഇരുവർക്കുമിടയിൽ ഒരേപോലെത്തെ തരംഗദൈർഘ്യം രൂപപ്പെടുമ്പോഴാണ് ബന്ധം തീവ്രമാകുന്നത്. സാധാരണക്കാരായ രണ്ടുവ്യക്തികൾക്കിടയിൽ പോലും ബന്ധങ്ങളുടെ വളർച്ചയ്ക്ക് തുറന്ന സംസാരം അനിവാര്യമാണെങ്കിൽ അതിനെക്കാൾ പതിന്മടങ്ങ് അനിവാര്യമാണ് ദൈവവുമായുള്ള അടുപ്പത്തിന് ദൈവത്തോടുള്ള തുറന്ന സംസാരം. ദൈവത്തോടുള്ള തുറന്ന സംസാരത്തിന്റെ പേരാണ് പ്രാർഥന.

പ്രാർഥനകൾ പലതരമുണ്ട്. ഓരോ പ്രാർഥനകളും അതിൽത്തന്നെ നല്ലതും അത്യാവശ്യവുമാണ്. എങ്കിലും അതിൽ ഒരിക്കലും ഒഴിവാക്കാനാവാത്തതാണ് വ്യക്തിപരമായ പ്രാർഥന. വ്യക്തിപരമായ പ്രാർഥനയുടെ പ്രസക്തി യേശു വെളിപെടുത്തി തന്നിട്ടുമുണ്ട്. അതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് യേശു പ്രാർഥിച്ചിരുന്നു എന്നത്. സമൂഹ പ്രാർഥനയ്ക്കു പുറമെ യേശു വ്യക്തിപരമായി പ്രാർഥിച്ചിരുന്നതായി ബൈബിളിൽ നിന്നു നാം മനസ്സിലാക്കുന്നു. എന്നാൽ നീ പ്രാർഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിന്റെ പിതാവിനോടു പ്രാർഥിക്കുക. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലം നല്കും. (മത്താ 6:6). പ്രാർഥന എങ്ങനെയുള്ളതായിരിക്കണം എന്ന് നമ്മെ ബോധ്യപ്പെടുത്തുന്ന ഒരു വചനഭാഗം കൂടിയാണ് ഇത്.

ദൈവത്തിന്റെ സ്നേഹം തിരിച്ചറിയാനുള്ള മാർഗമാണ് വ്യക്തിപരമായ പ്രാർഥന. നമ്മുടെ ധാരണ നാം ദൈവത്തിന്റെ കണ്ണുകളിൽ നിന്ന് മറഞ്ഞിരിക്കുന്നുവെന്നും പാപങ്ങൾ മൂലം ദൈവം നമ്മോട് അകന്നിരിക്കുന്നുവെന്നുമാണ്. എന്നാൽ അതു തെറ്റാണ്. ദൈവത്തോട് നാം പ്രാർഥനയിലൂടെ സംസാരിക്കുമ്പോഴാണ് അവിടുത്തെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ തൊട്ടറിയാൻ കഴിയുന്നത്. മക്കൾ അനുസരണക്കേടു കാട്ടി അകന്നുപോകുമ്പോഴും ഒരു നല്ല പിതാവ് അവന്റെ മടങ്ങിവരവ് ആഗ്രഹിക്കുന്നുണ്ട്. അവൻ പറയുന്നത് കേൾക്കാൻ കാതുകൊടുക്കുന്നുമുണ്ട്. ദൈവവും അങ്ങനെയാണ്. വഴിതെറ്റിയാലും ഇടറിപ്പോയാലും നമ്മൾ പറയുന്നത് കേൾക്കാൻ അവിടുന്ന് സന്നദ്ധനാണ്. വീണ്ടുമൊരു പഴയസ്നേഹത്തിലേക്ക് തിരിച്ചുവരാൻ നാം അവിടുത്തോട് ഹൃദയം തുറന്നു സംസാരിക്കണം. നമ്മൾ ദൈവത്തിൽ നിന്ന് അകന്നുപോയിട്ടുണ്ടാകാം. പക്ഷേ ദൈവം നമ്മളിൽ നിന്ന് ഒരിക്കലും അകന്നുപോകുന്നില്ല എന്ന് മനസിലാക്കുന്നത് അവിടുത്തോട് സംസാരിക്കുമ്പോഴാണ്. നമ്മുടെ സംസാരത്തിന് ദൈവം മറുപടി തരുമ്പോഴാണ്.

ദൈവവുമായി സൗഹൃദത്തിലാകാനുള്ള എളുപ്പമാർഗം വ്യക്തിപരമായ പ്രാർഥനയാണ്. ഒരു നല്ല സുഹൃത്ത് നമ്മുടെ ജീവിതത്തെ പ്രകാശപൂരിതമാക്കും. പലതരം കുറവുകളുള്ള വ്യക്തികളായിരിക്കാം നാം. എന്നാൽ ഒരു നല്ല സുഹൃത്തിനെ കിട്ടുകയാണെങ്കിൽ അവൻ വഴി നമ്മുടെ ജീവിതത്തിൽ കുറെയെധികം നന്മകൾ ലഭിക്കും. നമ്മെ മോട്ടിവേറ്റ് ചെയ്യുന്ന, നമ്മെ അംഗീകരിക്കുന്ന, നല്ല വഴികൾ പറഞ്ഞുതരുന്ന സുഹൃത്ത് ഒരു ഭാഗ്യമാണ്. ഇതുപോലെയാണ് ദൈവവും. അവിടുന്ന് നമ്മുടെ ജീവിതത്തിലേക്ക് ഒരു സുഹൃത്തായി കടന്നുവരുന്നതിനുള്ള മാർഗമാണ് പ്രാർഥന. അതിലൂടെ നമ്മുടെ ജീവിതം കൂടുതൽ സ്വതന്ത്രവും മനോഹരവും മഹത്തരവുമാകുന്നു. നമുക്ക് ഒന്നും നഷ്ടപ്പെടുന്നില്ല എന്നുമാത്രമല്ല പല നന്മകളും ലഭിക്കുകയും ചെയ്യുന്നു.

പ്രാർഥന നമ്മെ ധൈര്യപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. അത് നമ്മുക്ക് ആശ്വാസം നല്കുന്നുണ്ട്. ജീവിതത്തിൽ ഒരുപാടു ഭാരങ്ങൾ ചുമക്കുന്നവരാണ് നമ്മൾ. വളരെയധികം സമ്മർദ്ദങ്ങൾക്ക് അടിപ്പെട്ടാണ് ജീവിക്കുന്നതും. എന്നാൽ പ്രാർഥനയിലൂടെ അതെല്ലാം ദൈവത്തിന് സമർപ്പിക്കുന്നതുവഴിയായി നാം ആത്മാവിൽ സ്വാതന്ത്ര്യം അനുഭവിക്കുന്നു. നമ്മുടെ മനസ്സ് ദൈവത്തിനറിയാം; നാം വഹിക്കുന്ന ഭാരങ്ങളും. അതുകൊണ്ടാണ് ക്രിസ്തു ഇങ്ങനെ പറയുന്നത്, അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. (മത്താ. 11: 28). അതുകൊണ്ട് വ്യക്തിപരമായ പ്രാർഥന മുടക്കാതിരിക്കുക. ഇതുവരെ വ്യക്തിപരമായ പ്രാർഥന നടത്തിയിട്ടില്ലെങ്കിൽ ഇന്നുമുതൽ അതാരംഭിക്കുക. പക്ഷേ നിയോഗങ്ങൾക്കുവേണ്ടി മാത്രമായി ദൈവത്തെ പ്രാർഥനയെന്നു പറഞ്ഞു സമീപിക്കാതിരിക്കുക. മറിച്ച് അവിടുത്തെ ഒരു സുഹൃത്തായി കണക്കാക്കുകയും സ്വീകരിക്കുകയും ചെയ്തുകൊണ്ട് അവിടുത്തോട് സംസാരിക്കുക. നിന്റെ ഉള്ളം മടികൂടാതെയും മറകൂടാതെയും അവിടുത്തെ മുമ്പിൽ തുറന്നുവയ്ക്കുക.

നിനക്ക് ഈ ലോകത്തിൽ മറ്റൊരു മനുഷ്യന്റെ മുമ്പിലും അത്രത്തോളം സുതാര്യത പുലർത്താനാവില്ല. നിന്നെ നീയായിരിക്കുന്ന അവസ്ഥയിൽ സ്വീകരിക്കാൻ കഴിയുന്ന ഒരേയൊരാൾ ദൈവം മാത്രമേയുള്ളൂ. ഓരോ ദിവസവും അവിടുത്തോട് സംസാരിക്കുക. ആ സംസാരമാണ് നിന്റെ പ്രാർഥന. യാത്രയ്ക്കിടയിലും ജോലിക്കിടയിലും എല്ലാം ഇങ്ങനെ മനസ്സ് തുറന്നു സംസാരിക്കാനാവും. അപ്പോൾ ജീവിതം മുഴുവൻ പ്രാർഥനയായി മാറും. ■

# രജതജൂബിലി ആഘോഷിക്കുന്ന സന്ന്യാസിനികളുടെ സംഗമം




കാക്കനാട്: സീറോമലബാർസഭയുടെ സമർപ്പിതർക്കുവേണ്ടിയുള്ള കമ്മീഷന്റെ ആഭിമുഖ്യത്തിൽ സഭയുടെ കേന്ദ്രകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ മെയ് 25 നു രജതജൂബിലി ആഘോഷിക്കുന്ന സന്ന്യാസിനികളുടെ സംഗമം സംഘടിപ്പിച്ചു. മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് മുഖ്യപ്രഭാഷണം നടത്തി. ഓരോ ജൂബിലിയും കടന്നുപോയ വഴികളിൽ ലഭിച്ച ദൈവാനുഗ്രഹങ്ങളെ ഓർത്ത് നന്ദി പറയാനും വർദ്ധിത ധൈര്യത്തോടെയും ശക്തിയോടെയും മുന്നോട്ട് പ്രയാണം ചെയ്യാനുമുള്ള അവസരമാണെന്ന് മേജർ ആർച്ചുബിഷപ്പ് സന്ദേശത്തിൽ പറഞ്ഞു. ആത്മീയരംഗത്തും സാമൂഹികആതുരസേവന മേഖലകളിലും സന്യാസിനികൾ ചെയ്യുന്ന ശുശ്രൂഷകൾ വിലമതിക്കാനാവാത്തതാണെന്ന് അദ്ദേഹം അനുസ്മരിച്ചു. പ്രതിസന്ധികളിൽ തളരാതെ, പ്രതിഫലേച്ഛ കൂടാതെ ശുശ്രൂഷകൾ തുടരാൻ വേറോനിക്കാ പുണ്യവതി ഈശോയ്ക്ക് നല്കിയ ആശ്വാസം മാതൃകയാക്കണമെന്നും പിതാവ് ആഹ്വാനം ചെയ്തു.

മെയ് 25 നു രാവിലെ കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ്പ് മാർ സെബാസ്റ്റ്യൻ വടക്കേലിന്റെ കാർമികത്വത്തിൽ ആഘോഷമായ വി. കുർബാനയർപ്പണം നടന്നു. തുടർന്ന് നടന്ന സമ്മേളനത്തിൽ മാർ സെബാസ്റ്റ്യൻ വടക്കേൽ അധ്യക്ഷത വഹിച്ചു. മേജർ ആർക്കിഎപ്പിസ്കോപ്പൽ ചാൻസലർ ഫാ. എബ്രാഹം കാവിൽപുരയിടത്തിൽ, കമ്മീഷൻ സെക്രട്ടറി ഫാ. സെബാസ്റ്റ്യൻ മുട്ടംതൊട്ടിൽ എം.സി.ബി.എസ്., ഓഫീസ് സെക്രട്ടറി സി. ജെസ്സി മരിയ ഓ.പി. എന്നിവർ ആശംസകൾ നേർന്നു. വിവിധ സന്ന്യാസിനി സമൂഹങ്ങളിൽ നിന്നായി നൂറിലധികം സിസ്റ്റേഴ്സ് ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. ഉച്ചഭക്ഷണത്തോടെ ജൂബിലി സംഗമം സമാപിച്ചു.

# 'ജീവൻ ജ്യോതി' കെരിഗ്മ പരിശീലന പരിപാടി സമാപിച്ചു



കാക്കനാട്: സീറോമലബാർസഭയുടെ അല്മായ മിഷനറി പ്രസ്ഥാനമായ 'ജീവൻ ജ്യോതി'യുടെ ആഭിമുഖ്യത്തിൽ സുവിശേഷപ്രഘോഷകർക്കായി സംഘടിപ്പിച്ച നാല് ദിവസത്തെ റെസിഡൻഷ്യൽ പരിശീലന ക്യാമ്പ് മെയ് 12-16 തീയതികളിൽ മൗണ്ട് സെന്റ് തോമസിൽ നടന്നു. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നായി 55 പേർ പങ്കെടുത്തു.

സുവിശേഷവത്കരണത്തിനും പ്രവാസികളുടെ അജപാലനത്തിനും വേണ്ടിയുള്ള കമ്മീഷൻ സെക്രട്ടറി ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ, കെ. കെ. ജോസഫ് എന്നിവർ പരിശീലനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ചു. റിട്ട. പ്രൊഫ. ആലീസുകുട്ടിയുടെ നേതൃത്വത്തിൽ ടോമിച്ചൻ, അഗസ്റ്റിൻ, സീന ക്ലീറ്റസ് എന്നിവരടങ്ങുന്ന മിസ്സിയോ ടീം നാല് ദിവസത്തെ ക്ലാസുകൾക്ക് നേതൃത്വം നൽകി. ജീവൻ ജ്യോതി പ്രേഷിത മുന്നേറ്റത്തിന്റെ അടുത്തഘട്ട ലക്ഷ്യം സീറോമലബാർസഭയുടെ 35 രൂപതകളിലും പ്രവർത്തനങ്ങൾ ആരംഭിക്കുക എന്നതാണെന്ന് യോഗം വിലയിരുത്തി. ജീവൻജ്യോതിയുടെ ആഭിമുഖ്യത്തിൽ പ്രേഷിതർക്കായി ബൈബിൾ പഠനപരമ്പരയും ദൈവശാസ്ത്ര പഠനപരമ്പരയും ആരംഭിക്കണമെന്ന ആവശ്യവും യോഗത്തിൽ ഉയർന്നു.

സമാപനദിവസം സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. സുവിശേഷപ്രഘോഷകരുടെ സമ്മേളനത്തിനും ചർച്ചകൾക്കും സുവിശേഷവത്കരണ കമ്മീഷൻ ചെയർമാൻ മാർ പ്രിൻസ് പാണേങ്ങാടൻ നേതൃത്വം നൽകി. സമാപനസമ്മേളനത്തിൽ അധ്യക്ഷത വഹിച്ച ബിഷപ്പ് സുവിശേഷവത്കരണത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുകയും സഭയോടൊത്ത് എല്ലാ അല്മായരും സുവിശേഷദൗത്യത്തിൽ മുന്നേറണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു. കെറിഗ്മ ട്രെയിനിംഗിൽ പങ്കെടുത്തവർക്ക് മാർ പ്രിൻസ് പാണേങ്ങാടൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ നന്ദി രേഖപ്പെടുത്തി.

# കുടിയേറ്റത്തെ ആസ്പദമാക്കി 64-ാമത് എൽ.ആർ.സി. സെമിനാർ



കാക്കനാട്: മൗണ്ട് സെന്റ് തോമസിലെ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 64-ാമത് എൽ.ആർ.സി. സെമിനാർ സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. കുടിയേറ്റം: ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വെല്ലുവിളികളും സാധ്യതകളും എന്നതായിരുന്നു സെമിനാറിന്റെ വിഷയം. മെയ് 22, 23 തീയതികളിലായി നടന്ന സെമിനാറിൽ കുടിയേറ്റവുമായി ബന്ധപ്പെട്ട 12 ഗവേഷണ പ്രബന്ധങ്ങളാണ് അവതരിപ്പിച്ചത്.

ഉദ്ഘാടനപ്രസംഗത്തിൽ സമൂഹത്തെയും സഭയെയും ബാധിക്കുന്ന സമകാലികവിഷയങ്ങളിൽ അക്കാദമികവും ദൈവശാസ്ത്രപരവുമായ ഗൗരവമേറിയ ചർച്ചകൾക്ക് എൽ.ആർ.സി. നേതൃത്വം നൽകുന്നതിനെ മേജർ ആർച്ചുബിഷപ്പ് അഭിനന്ദിച്ചു. ഈ ഗവേഷണ പ്രബന്ധങ്ങളിലൂടെ കുടിയേറ്റത്തിന്റെ സാമൂഹിക, ദൈവശാസ്ത്ര, മാനവിക വശങ്ങൾ കൃത്യമായി വിശകലനം ചെയ്യുകയാണ് സെമിനാറിന്റെ പ്രധാന ലക്ഷ്യമെന്നും മാർ റാഫേൽ തട്ടിൽ പിതാവ് കൂട്ടിച്ചേർത്തു.

ലിറ്റർജിക്കൽ റിസർച്ച് സെന്റർ ചെയർമാൻ മാർ ടോണി നീലങ്കാവിൽ മുഖ്യപ്രഭാഷണവും മാർ ജോസ് പുളിക്കൽ അനുഗ്രഹപ്രഭാഷണവും നിർവഹിച്ചു. ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ ചടങ്ങിൽ ആശംസകൾ നേർന്നു. എൽ.ആർ.സി. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. ജോബിൻ കാഞ്ഞിരത്തിങ്കൽ സ്വാഗതം നേർന്നു.

വൈദികർ, സമർപ്പിതർ, ഗവേഷണവിദ്യാർഥികൾ, അധ്യാപകർ, സാമൂഹികപ്രവർത്തകർ, തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തു. ഇന്ത്യയിലെയും വിദേശരാജ്യങ്ങളിലെയും കുടിയേറ്റ പ്രശ്നങ്ങൾ, കേരളത്തിലെ യുവജനങ്ങളുടെ വിദേശകുടിയേറ്റം, തൊഴിൽ സാഹചര്യങ്ങൾ, സാമൂഹ്യരാഷ്ട്രീയ വെല്ലുവിളികൾ, സീറോമലബാർ സഭയുടെ കുടിയേറ്റക്കാർക്കിടയിലെ ശുശ്രൂഷ, ബൈബിൾ ദൈവശാസ്ത്ര കാഴ്ചപ്പാടുകൾ, മാർപാപ്പമാരുടെ പ്രബോധനങ്ങൾ, സാംസ്കാരികവും ചരിത്രപരവുമായ വിഷയങ്ങൾ എന്നിവ പ്രബന്ധങ്ങളിൽ ഉൾപ്പെട്ടിരുന്നു. വിവിധ മേഖലകളിലെ പണ്ഡിതന്മാരും ഗവേഷകരുമായ ഡോ. ഗബ്രിയേൽ സൈമൺ, ഡോ. കെ. പി. മാണി, റവ. ഡോ. സിറിയക് വലിയ കുന്നുംപുറത്ത്, റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ, റവ. ഡോ. അൽജോ കരേരക്കാട്ടിൽ, റവ. ഡോ. ജോസഫ് അയ്യങ്കനാൽ എം. എസ്. ടി., റവ. ഡോ. ജോർജ് കുടിലിൽ, റവ. ഡോ. ഫ്രാൻസിസ് എലുവത്തിങ്കൽ, റവ ഡോ. തോമസ് കൂനൻ എസ്. ഡി. ബി., റവ. ഡോ. മാത്യു ഇല്ലത്തുപറമ്പിൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

# ബെനഫാക്ടേഴ്സ് വാർഷികസംഗമം



കാക്കനാട്: സീറോമലബാർസഭയുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്ന ബെനഫാക്റ്റേഴ്സിന്റെ വാർഷിക സംഗമം മൗണ്ട് സെന്റ് തോമസിൽ ഏപ്രിൽ 11 ന് നടന്നു. വിവിധ ഭാഗങ്ങളിൽനിന്നുള്ള അമ്പതോളം ബെനഫാക്റ്റേഴ്സ് പങ്കെടുത്തു. ദിവ്യകാരുണ്യആരാധനയോടും തുടർന്ന് വി. കുർബാനയോടും കൂടിയാണ് സംഗമം ആരംഭിച്ചത്. പൊതുസമ്മേളനത്തിൽ സീറോമലബാർ മിഷൻ സെക്രട്ടറി ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ സ്വാഗതം ആശംസിച്ചു. മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് സമ്മേളനത്തിൽ മുഖ്യസന്ദേശം നൽകി. സീറോമലബാർ സഭയ്ക്കും മിഷൻ പ്രവർത്തനങ്ങൾക്കും മിഷനറി വൈദികർ, സന്യസ്തർ, അല്മായർ എന്നിവരുടെ പരിശീലനത്തിനും മിഷൻ രൂപതകളുടെ നിർമ്മിതിക്കുമായി ബെനഫാക്റ്റേഴ്സ് നൽകിവരുന്ന ഉദാരമായ സഹായത്തെ അദ്ദേഹം നന്ദിയോടെ അനുസ്മരിച്ചു. കൂടുതൽ വ്യക്തികൾ തീക്ഷ്ണതയോടെ സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ മുന്നോട്ട് വരേണ്ടതിന്റെ ആവശ്യകതയും മേജർ ആർച്ചുബിഷപ്പ് സൂചിപ്പിച്ചു.

സമ്മേളനത്തിൽ സംസാരിച്ച ഉപകാരികൾ, 'ജീവൻ ജ്യോതി' എന്ന അല്മായ പ്രേഷിതമുന്നേറ്റത്തിന്റെ ആവശ്യകതയെക്കുറിച്ചും മിഷൻ കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിലൂടെ ലഭിക്കുന്ന നന്മകളെക്കുറിച്ചും സംസാരിച്ചു. മിഷൻ പ്രവർത്തനങ്ങളിൽ പങ്കാളികളായതിലൂടെ തങ്ങൾക്കുണ്ടായ ധന്യമായ അനുഭവങ്ങളും പങ്കുവെച്ചു. സീറോമലബാർസഭയുടെ മിഷൻ ഡയറക്ടർ മാർ പ്രിൻസ് പാണേങ്ങാടൻ ബെനഫാക്റ്റേഴ്സുമായി ചർച്ച നടത്തി. ഉപകാരികൾ തങ്ങളുടെ ഉദാരത വഴി സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ വലിയ പങ്കാളികളാവുകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മിഷൻ പ്രവർത്തനങ്ങൾക്ക് പിന്തുണയേകുന്ന ഉപകാരികളെ ചടങ്ങിൽ ആദരിച്ചു. ഫാ. ഫ്രാൻസിസ് എലവുത്തിങ്കൽ നന്ദി പ്രകാശിപ്പിച്ചു. സ്നേഹവിരുന്നോടെയാണ് വാർഷികസംഗമം സമാപിച്ചത്.

# വിലങ്ങാട് പുനരധിവാസ പദ്ധതിയുടെ ഒന്നാംഘട്ടം 70 വീടുകൾ കൈമാറി




വിലങ്ങാട്: 2024 ജൂലൈ 30 ന് ഉണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിൽ സർവതും നഷ്ടപ്പെട്ട വിലങ്ങാട് പ്രദേശത്തെ ദുരിതബാധിതർക്കായി കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ നേതൃത്വത്തിൽ താമരശ്ശേരി രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയായ സിഒഡി നടപ്പാക്കിയ പുനരധിവാസ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായി. പദ്ധതിയുടെ ഭാഗമായി നിർമിച്ച 70 വീടുകളുടെ താക്കോൽദാനവും രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും മഞ്ഞക്കുന്ന് സെന്റ് അൽഫോൻസ പള്ളി അങ്കണത്തിൽ നടന്നു. കെസിബിസി പ്രസിഡന്റും കോഴിക്കോട് അതിരൂപത ആർച്ചുബിഷപ്പുമായ മോസ്റ്റ്. റവ. ഡോ. വർഗീസ് ചക്കാലക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപത ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി അധ്യക്ഷത വഹിച്ചു. താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആമുഖപ്രഭാഷണം നടത്തി.

ദുരന്തസമയത്ത് വലിയ വാഗ്ദാനങ്ങൾ നൽകി പിന്നീട് പിൻവാങ്ങിയവർക്കിടയിൽ, നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റിക്കൊണ്ട് സഭ മാതൃകയായെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ആർച്ചുബിഷപ്പ് വർഗീസ് ചക്കാലക്കൽ പറഞ്ഞു. സമ്മേളനത്തിൽ വിലങ്ങാട് പുനരധിവാസത്തിന്റെ രണ്ടാം ഘട്ടമായ 'സേഫ് വിതിൻ: റീകണക്ട് വയനാട്' ആൻഡ് വിലങ്ങാട് പദ്ധതിയുടെ ഉദ്ഘാടനവും നിർവഹിച്ചു. ഉരുൾപൊട്ടലിൽ ദുരിതമനുഭവിച്ചവർക്കായി കെസിബിസി വിലങ്ങാട്ടിലും വയനാട്ടിലുമായി 100 വീടുകൾ നിർമിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നതെങ്കിലും പിന്നീട് അത് വർധിപ്പിച്ചു 150 വീടുകളുടെ പദ്ധതിയായി മാറ്റിയതായും അദ്ദേഹം പറഞ്ഞു. വിലങ്ങാടിനായി കെസിബിസി പ്രഖ്യാപിച്ച 41 വീടുകളും വിവിധ സന്യാസസഭകളുടെയും രൂപതകളുടെയും സംഘടനകളുടെയും സഹായത്തോടെ നിർമ്മിച്ച 29 വീടുകളും ഉൾപ്പെടുത്തി 70 വീടുകൾ പുനരധിവാസത്തിന്റെ ആദ്യഘട്ടത്തിൽ നിർമ്മിച്ചപ്പോൾ, പദ്ധതിയുടെ രണ്ടാംഘട്ടമായി 12 വീടുകളുടെ നിർമാണവും പുരോഗമിക്കുകയാണ്. പദ്ധതിക്കായി ഇതുവരെ ഏകദേശം 10.58 കോടി രൂപ ചെലവഴിച്ചു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ നേതൃത്വം കേരള കത്തോലിക്കാ സഭയുടെ സാമൂഹിക സേവന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന കേരള സോഷ്യൽ സർവീസ് ഫോറത്തിനായിരുന്നു (കെ. എസ്. എസ്. എഫ്.) താമരശ്ശേരി രൂപതയിൽ ഈ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല രൂപതയുടെ സാമൂഹിക സേവന വിഭാഗമായ സിഒഡിക്ക് ആയിരുന്നു. സിഒഡി ഡയറക്ടർ ഫാ.സായി പാറൻകുളങ്ങര പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പദ്ധതിയെ പിന്തുണച്ച എല്ലാവർക്കും ഹൃദയപൂർവ്വമായ നന്ദി രേഖപ്പെടുത്തി.

പദ്ധതിയുടെ ഭാഗമായി നിർമിച്ച 70 വീടുകളും 21 മാസങ്ങൾക്കുള്ളിലാണ് പൂർത്തിയാക്കിയത്. എല്ലാ വീടുകളും ഒരേ മാതൃകയിൽ നിർമ്മിക്കാതെ, കുടുംബാംഗങ്ങളുടെ എണ്ണം, ആവശ്യങ്ങൾ എന്നിവ പരിഗണിച്ച് വ്യത്യസ്ത രൂപകല്പനകളിൽ കുറഞ്ഞത് 1000 ചതുരശ്ര അടിയിലുള്ള വീടുകളാണ് നിർമിച്ചിരിക്കുന്നത്. കുടുംബങ്ങളുടെ താൽപ്പര്യപ്രകാരം അവർതന്നെ കണ്ടെത്തിയ സ്ഥലങ്ങളിൽ വീടുകൾ നിർമ്മിച്ചതുവഴിയായി 'സ്വന്തം വീട്' എന്ന ആത്മബന്ധം നിലനിർത്താനായെന്നും സംഘാടകർ വ്യക്തമാക്കി.

പരിപാടിയുടെ ഭാഗമായി പൂർത്തിയായ വീടുകളുടെ കുടുംബങ്ങളെ പ്രതിനിധീകരിച്ച് 70-ാമത്തെ വീടിന്റെ താക്കോൽദാനം മാർ ജോസഫ് പാംപ്ലാനിയും മാനന്തവാടി രൂപത സഹായമെത്രാൻ മാർ അലക്സ് താരാമംഗലവും ചേർന്ന് നിർവഹിച്ചു. രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ സേഫ് വിതിൻ: റീകണക്ട് വയനാട് ആൻഡ് വിലങ്ങാട് പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച ടാസ്ക് ഫോഴ്സിന്റെ ഉദ്ഘാടനം മാർ റെമീജിയോസ് ഇഞ്ചനാനിയിലും മേപ്പയ്യൂർ സലഫിയ കോളജ് അസോസിയേഷൻ പ്രസിഡണ്ട് ഡോ. ഹുസൈൻ മടവൂരും ചേർന്ന് നിർവഹിച്ചു. ദുരന്തബാധിതർക്കായി മാനസിക പിന്തുണ നൽകുന്ന കൗൺസിലിംഗ് സംഘവും സന്നദ്ധ പ്രവർത്തക സംഘവും രണ്ടാംഘട്ട പദ്ധതിയുടെ പ്രധാന ഘടകങ്ങളായിരിക്കും.



രണ്ടാംഘട്ടത്തിൽ 12 പുതിയ വീടുകളുടെ നിർമാണം, ജീവനോപാധി സാധ്യതകൾ വർധിപ്പിക്കുന്ന പദ്ധതികൾ, പ്രകൃതിദുരന്തങ്ങളിൽ പ്രവർത്തിക്കാൻ സജ്ജമായ ടാസ്ക് ഫോഴ്സ് രൂപീകരണവും പരിശീലനവും, മാനസിക പിന്തുണയ്ക്കുള്ള കൗൺസിലിംഗ് ടീമിന്റെ ശക്തീകരണം എന്നിവയ്ക്കാണ് മുൻഗണന നൽകുന്നത്.

സി.ഒ.ഡി പ്രസിഡന്റ് മോൺ. ഏബ്രഹാം വയലിൽ, കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. തോമസ് തറയിൽ, കെസിബിസി ദുരന്തനിവാരണ സമിതി അംഗമായ ഫാ. മൈക്കിൾ വെട്ടിക്കാട്, ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് അഡ്മിനിസ്ട്രേറ്റർ ഫാ. ബോണി അഗസ്റ്റിൻ സി.എം.ഐ., കെസിഎംഎസ് പ്രസിഡന്റും എസ്.ഐ.സി സുപ്പീരിയർ ജനറലുമായ സിസ്റ്റർ ഡോ. ആർദ്ര എസ്.ഐ.സി., അപ്പോസ്തോലിക് കാർമൽ സിസ്റ്റേഴ്സ് പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ജസീന എ.സി., വിലങ്ങാട് ഫൊറോന വികാരി ഫാ. വിൽസൺ മുട്ടത്തുകുന്നേൽ, ഓൾ കേരള ലേ ആനിമേറ്റർ ഓഫ് ജീസസ് യൂത്ത് റെജി ജെ. കരോട്ട്, വാണിമേൽ ഗ്രാമപഞ്ചായത്ത് മെമ്പർ ഷെബി സെബാസ്റ്റ്യൻ, കെ.എസ്.എസ്.എഫ് ഡയറക്ടറായ ഫാ. ജേക്കബ് മാവുങ്കൽ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

രാഷ്ട്രീയസാമൂഹികമത മേഖലകളിലെ പ്രമുഖർ, വിവിധ സംഘടനകളുടെ പ്രതിനിധികൾ, വൈദികർ, സന്ന്യസ്തർ, പ്രദേശവാസികൾ തുടങ്ങി നാടിന്റെ നാനാഭാഗങ്ങളിൽ നിന്നെത്തിയ വൻജനാവലി ചടങ്ങിൽ പങ്കെടുത്തു. മഞ്ഞക്കുന്ന് ഇടവകവികാരി ഫാ. ബോബി പൂവത്തിങ്കൽ, സി ഒ ഡി പ്രൊജക്റ്റ് കോർഡിനേറ്റർ ആൽബിൻ സക്കറിയാസ്, പ്രൊജക്റ്റ് ഓഫീസർ സിദ്ധാർഥ് എസ് നാഥ്,പ്രിൻസ് തോമസ്, ക്രിസ്റ്റീന റോസ് ജോർജ്, ഷാനി ജോസഫ് എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പരിപാടികൾ ഏകോപിപ്പിച്ചു.

# സീറോമലബാർസഭ പ്രതിനിധി സംഘം മുഖ്യമന്ത്രിയെ സന്ദർശിച്ചു



തിരുവനന്തപുരം: സീറോമലബാർസഭയുടെ പ്രതിനിധി സംഘം മെയ് 29 വെള്ളിയാഴ്ച രാവിലെ കേരള മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശനെ സന്ദർശിച്ച് ആശംസകളറിയിച്ചു. ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ചുബിഷപ്പ് മാർ ജോസഫ് പാംബ്ലാനി, ബിഷപ്പ് മാർ റെമജിയോസ് ഇഞ്ചനാനിയിൽ, ബിഷപ്പ് മാർ ജോസ് പുളിക്കൽ, സഭയുടെ പി. ആർ. ഒ. ഫാ. ഡോ. ടോം ഓലിക്കരോട്ട്, പബ്ലിക് അഫയേഴ്സ് കമ്മീഷൻ സെക്രട്ടറി ഫാ. ജെയിംസ് കൊക്കാവയലിൽ തിരുവനന്തപുരത്തെ സഭയുടെ ലയ്സൺ ഓഫീസർ ഫാ. ഡോ. ജോൺ തെക്കേക്കര, കത്തോലിക്ക കോൺഗ്രസ് പ്രസിഡണ്ട് രാജീവ് കൊച്ചുപറമ്പിൽ എന്നിവരാണ് പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നത്.

സഭയും സമുദായവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ പരിഗണനയ്ക്ക് വിവിധ വിഷയങ്ങൾ അടങ്ങിയ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ കത്ത് പ്രതിനിധി സംഘം മുഖ്യമന്ത്രിക്ക് കൈമാറി. സഭ ഉന്നയിച്ച വിഷയങ്ങളിൽ അടിയന്തര ശ്രദ്ധ ചെലുത്തുമെന്നും ക്രൈസ്തവ ന്യൂനപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുമെന്നും മുഖ്യമന്ത്രി പ്രതിനിധി സംഘത്തിന് ഉറപ്പുനൽകി.

മുഖ്യമന്ത്രിയെ കൂടാതെ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല, വൈദ്യുത വകുപ്പ് മന്ത്രി ശ്രീ. സണ്ണി ജോസഫ്, ഉന്നത വിദ്യാഭ്യാസ മന്ത്രി ശ്രീ. റോജി എം. ജോൺ, റവന്യു വകുപ്പ് മന്ത്രി ശ്രീ. എ. പി. അനിൽകുമാർ, ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മോൻസ് ജോസഫ് എന്നിവരുടെയും ഓഫീസുകൾ പ്രതിനിധി സംഘം സന്ദർശിച്ചു ആശംസകൾ അറിയിക്കുകയും പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട സഭയുടെ ആവശ്യങ്ങൾ അറിയിക്കുകയും ചെയ്തു.

# ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻ ദൈവമഹത്വത്തിനായി ജീവിച്ച പുണ്യാത്മാവ്: മേജർ ആർച്ചുബിഷപ്പ്



പാലാ: ചുറ്റുമുള്ള മനുഷ്യർ എല്ലാം കർത്താവിന്റെ ഛായയാണെന്ന തിരിച്ചറിവോടെ കർത്താവിന്റെ മഹത്വത്തിനു വേണ്ടി ജീവിതം സമർപ്പിച്ച പുണ്യാത്മാവാണ് ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചനെന്ന് സീറോമലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ. ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ 91-ാം ചരമവാർഷികാചരണത്തോടനുബന്ധിച്ച് പാലാ എസ് എച്ച് പ്രോവിൻഷ്യൽ ഹൗസ് കപ്പേളയിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയായിരുന്നു മേജർ ആർച്ച് ബിഷപ്പ്.

കദളിക്കാട്ടിൽ മത്തായി അച്ചന്റെ ചരമവാർഷികാചരണത്തോടനുബന്ധിച്ച് നടന്ന നവനാൾ പ്രാർത്ഥനാ ശുശ്രൂഷകളിലും ചരമ വാർഷിക ദിവസവും നാടിന്റെ നാനാ ഭാഗത്തുനിന്നും നിരവധി ഭക്തജനങ്ങളാണ് ധന്യന്റെ കബറിടം സ്ഥിതിചെയ്യുന്ന പാലാ എസ്. എച്ച് പ്രോവിൻഷ്യൽ ഹൗസ് കപ്പേളയിലെത്തിയത്. ചരമവാർഷികത്തോട് അനുബന്ധിച്ചു നടന്ന ശ്രാദ്ധസദ്യയുടെ വെഞ്ചരിപ്പ് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ജാതിമതവർണ്ണ വർഗ വ്യത്യാസമില്ലാതെ എല്ലാവരെയും സ്നേഹിച്ച കദളിക്കാട്ടിലച്ചൻ കേരളത്തിൽ തിരുഹൃദയഭക്തി വളർത്തുന്നതിൽ പ്രധാനപങ്കുവഹിച്ചെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് സന്ദേശത്തിൽ പറഞ്ഞു.

തിരുഹൃദയ സന്യാസിനി സമൂഹം സുപ്പീരിയർ ജനറൽ സിസ്റ്റർ ഉഷാ മരിയ, ജനറൽ എഡ്യുക്കേഷൻ കൗൺസിലർ സിസ്റ്റർ ആൻസി പോൾ, പാലാ പ്രോവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ മെർലിൻ അരീപ്പറമ്പിൽ, വൈസ് പോസ്റ്റുലേറ്റർ സിസ്റ്റർ തെരേസ് കോയിപ്പുറം തുടങ്ങിയവർ നേതൃത്വം നൽകി.

# തൃശൂർ അതിരൂപതാ ദിനം വർണ്ണശോഭയോടെ ആഘോഷിച്ചു




തൃശൂർ: തൃശൂർ അതിരൂപതാ ദിനവും 139-ാമതു രൂപത സ്ഥാപന വാർഷികവും വടക്കാഞ്ചേരി സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് ഫൊറോന പള്ളിയിൽ മെയ് 16 നു വർണ്ണാഭമായി ആഘോഷിച്ചു. തൃശൂർ അതിരൂപത മെത്രാപ്പോലിത്ത മാർ ആൻഡ്രൂസ് താഴത്ത് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. അതിരൂപതാ സഹായ മെത്രാൻ മാർ മാർ ടോണി നീലങ്കാവിൽ ചടങ്ങിൽ സ്വാഗതം ആശംസിച്ചു. സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് അതിരൂപതദിനാഘോഷം ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രസംഗത്തിൽ അതിരൂപതയുടെ വളർച്ചയെ ഉയർത്തികാട്ടി മേജർ ആർച്ചുബിഷപ്പ് സംസാരിച്ചു. ചരിത്രകാരനായിരുന്ന മാർ അഡോൾഫ് മെഡ്‌ലിക്കോട്ട് ആയിരുന്നു തൃശൂർ അതിരൂപതയുടെ ആദ്യ ബിഷപ്. മാർ ജോൺ മേനാച്ചേരിയും മാർ ജോർജ് ആലപ്പാട്ടും തുടർന്നു പാവങ്ങളുടെ പിതാവ് എന്നറിയപ്പെട്ട ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളവും രൂപതയെ നയിച്ചു. കുണ്ടുകുളം പിതാവാണ് മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ആദ്യമായി പെരിങ്ങണ്ടൂരിലെ പോപ്പ് പോൾ മേഴ്സി ഹോം സ്ഥാപിച്ചത്. സർക്കാരിനു ലക്ഷംവീട് പദ്ധതി ഉപദേശിച്ചത് മാർ കുണ്ടുകുളമാണ്. പിന്നീടു ജൂബിലി മെഡിക്കൽ കോളജടക്കം ആരംഭിച്ച മാർ ജേക്കബ് തൂങ്കുഴിയും അതിരൂപതയെ സ്തുത്യർഹമായി നയിച്ചു. ഇപ്പോഴത് മാർ ആൻഡ്രൂസ് താഴത്തു പിതാവിൽ എത്തിനിൽക്കുന്നു. മാർ റാഫേൽ തട്ടിൽ പിതാവ് അനുസ്മരിച്ചു.

പിന്നാക്കംനിൽക്കുന്ന മേഖലയെ മുന്നിലെത്തിക്കാൻ തൃശൂർ രൂപത വഹിച്ച പങ്ക് വലുതാണ്. ഈ കൂട്ടായ്മ, സഹോദര സ്നേഹം കൊണ്ട് സംഭവിക്കുന്നതാണ്. രൂപത ചെയ്ത ശുശ്രൂഷകൾ സ്വത്തു സമ്പാദിക്കാൻ ആയിരുന്നില്ല. സർക്കാർ സാക്ഷരതയ്ക്കുവേണ്ടി ചെയ്തതിന്റെ എത്രയോ ഇരട്ടി സഭയുടെ സ്ഥാപനങ്ങൾവഴി നടപ്പാക്കി. സഭയുടെ ലാഭം സ്വർഗത്തിലെ ലാഭമാണ്. തൃശൂർ നഗരത്തിലുണ്ടായിരുന്ന കുഷ്ഠരോഗികളെ മാറ്റിപ്പാർപ്പിക്കാൻ ചങ്കൂറ്റം കാണിച്ചതു സഭയാണ്. ഇന്നു കുഷ്ഠരോഗം കേരളത്തിൽ തുടച്ചുനീക്കി. പള്ളിക്കുള്ളിൽ തുടങ്ങി പള്ളിക്കകത്ത് അവസാനിക്കേണ്ടതല്ല ക്രൈസ്തവസമൂഹം. സ്വന്തം അൾത്താരയിൽ മുറിക്കപ്പെടുന്ന അപ്പം സ്വന്തം സഹോദരങ്ങൾക്കായി മുറിക്കപ്പെടുന്ന ജീവിതമായി പകർത്താൻ കഴിയണമെന്നും മേജർ ആർച്ചുബിഷപ്പ് കൂട്ടിച്ചേർത്തു.

തൃശൂർ അതിരൂപത വൈദികരായ ഫാ. തോമസ് കാക്കശേരി, ഫാ. ജോസ് വല്ലൂരാൻ എന്നിവർക്കു ലെയോ പതിനാലാമൻ മാർപാപ്പയിൽ നിന്ന് ലഭിച്ച പ്രത്യേക ബഹുമതികളും, ഡേവിസ് എടക്കളത്തൂർ, ഡോ. മേരി റെജീന, പ്രഫ.കെ.എം. ഫ്രാൻസിസ്, അഡ്വ. ബിജു കുണ്ടുകുളം എന്നിവർക്കു ലഭിച്ച ഷെവലിയർ പദവിയും ബ്രദർ ജോസ് ചുങ്കത്ത്, സാന്റി എബ്രഹാം വടയാറ്റുകുഴി എന്നിവർക്ക് അതിരൂപതയുടെ അവാർഡുകളും മാർ റാഫേൽ തട്ടിൽ സമ്മാനിച്ചു.



ഫാ. ജോസ് വള്ളൂരാൻ
പ്രൊ എക്ലേസ്യ
ഏത് പൊന്തെഫിചെ



ഫാ. തോമസ് കാക്കാശ്ശേരി
പ്രൊ എക്ലേസ്യ
ഏത് പൊന്തെഫിചെ



ഷെവലിയാർ ഡേവിസ് എടക്കളത്തൂർ



ഷെവലിയാർ കെ.എം. ഫ്രാൻസിസ്



ഷെവലിയാർ ബിജു കുണ്ടുക്കുളം



ദാമ മേരി റെജീന

# തലശ്ശേരി അതിരൂപത മൈനർ സെമിനാരി വെള്ളരിക്കുണ്ടിൽ പ്രവർത്തനം ആരംഭിച്ചു



വെള്ളരിക്കുണ്ട്: തലശ്ശേരി അതിരൂപതയുടെ മൈനർ സെമിനാരി വെള്ളരിക്കുണ്ടിൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ചു. കഴിഞ്ഞ 65 വർഷമായി തലശ്ശേരിയിൽ പ്രവർത്തിച്ചിരുന്ന സെമിനാരിയാണ് ഈ അധ്യയന വർഷം മുതൽ വെള്ളരിക്കുണ്ടിലേക്ക് പൂർണ്ണമായും മാറ്റിയത്. പുതിയ സെമിനാരി കെട്ടിടത്തിന്റെ ഉദ്ഘാടനവും വെഞ്ചരിപ്പ് കർമ്മവും തൃശൂർ അതിരൂപതാ മെത്രാപ്പോലീത്തയും സി.ബി.സി.ഐ മുൻ പ്രസിഡന്റുമായ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. സമൂഹബലിയിൽ മാർ ആൻഡ്രൂസ് താഴത്ത് മുഖ്യകാർമ്മികത്വം വഹിച്ചു. തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി, മാർ ജോർജ് ഞരളക്കാട്ട്, മാനന്തവാടി രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരമംഗലം, വികാരി ജനറാൾമാരായ മോൺ. ആന്റണി മുതുകുന്നേൽ, മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി എന്നിവരും വിവിധ ഫൊറോനാ വികാരിമാരും നൂറോളം വൈദികരും സമൂഹബലിയിൽ സഹകാർമ്മികരായിരുന്നു.

പൊതുസമ്മേളനത്തിൽ ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി അധ്യക്ഷത വഹിച്ചു. ആർച്ചു ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് സമ്മേളനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ മാർ ജോർജ് ഞരളക്കാട്ട്, മാർ അലക്സ് താരമംഗലം, മോൺ. ആന്റണി മുതുകുന്നേൽ, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, വെള്ളരിക്കുണ്ട് ഫൊറോനാ വികാരി ഫാ. ജോൺസൺ ആന്ത്യംകുളം, ഫാ. ജോർജ് കരോട്ട്, ഫാ. ആന്റണി തെക്കേമുറിയിൽ, സിസ്റ്റർ അഞ്ജലി എഫ്.സി.സി, ജോഷുവാ ഒഴുകയിൽ എന്നിവർ ആശംസകൾ നേർന്നു. മൈനർ സെമിനാരി റെക്ടർ ഫാ. തോമസ് മേൽവെട്ടം നന്ദി രേഖപ്പെടുത്തി.



**ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയായി ചുമതലയേറ്റെടുത്ത ശ്രി റോജി എം ജോണിനെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പ് സ്വികരിച്ചപ്പോൾ**

# വിശ്വാസദീപ്തിയിൽ കോതമംഗലം രൂപതദിനാഘോഷം



കോതമംഗലം : കോതമംഗലം രൂപതാ ദിനാഘോഷവും മാർ ജോർജ് പുന്നക്കോട്ടിലിന്റെ നവതിയും എപ്പിസ്കോപ്പൽ ഗോൾഡൻ ജൂബിലി ആരംഭവും മാർ ജോർജ് മഠത്തികണ്ടത്തിലിന്റെയും കോതമംഗലം രൂപതയുടെയും സപ്തതി ആഘോഷവും മെയ് മൂന്ന് ഞായറാഴ്ച സെന്റ്. ജോർജ് കത്തീഡ്രൽ ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ നടന്നു. സീറോമലബാർ സഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. കോതമംഗലം രൂപതയിലെ കുടുംബങ്ങളുടെ കുലീനതയാണ് ഈ രൂപതയിലെ ദൈവവിളികളുടെ സമ്പന്നതയെന്നും മിഷനറി ദൈവവിളികളെ ഇനിയും കൂടുതൽ നൽകുവാൻ കോതമംഗലം രൂപത തയാറാകണമെന്നും മേജർ ആർച്ചുബിഷപ്പ് ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു. മാതൃകാപരമായ രീതിയിൽ മികച്ച സാമൂഹ്യപ്രവർത്തനം നടത്തുന്ന രൂപതയാണ് കോതമംഗലമെന്നും മാർ പുന്നക്കോട്ടിൽ പിതാവും മഠത്തിക്കണ്ടത്തിൽ പിതാവും സാമൂഹികസേവന കാഴ്ചപ്പാടുകളെ പ്രോത്സാഹിപ്പിച്ചതിന്റെ ഫലമാണിതെന്നും തട്ടിൽ പിതാവ് പറഞ്ഞു. കോതമംഗലം രൂപതയിലും ഇടുക്കി രൂപതയിലും നിറഞ്ഞ് നിന്ന് പ്രവർത്തിച്ച ഇടയശ്രേഷ്ഠനാണു മാർ ജോർജ് പുന്നക്കോട്ടിൽ. ഒരിക്കലും അലസനായിരിക്കാതെ അശ്രാന്ത പരിശ്രമം നടത്തുന്ന വ്യക്തിത്വമാണ് മാർ പുന്നക്കോട്ടിലിന്റേത്. ലാളിത്യവും നിലപാടുകളുമുള്ള ഇടയശ്രേഷ്ഠനാണ് ഇപ്പോഴത്തെ ഇടയൻ മാർ ജോർജ് മഠത്തികണ്ടത്തിലെന്നും മേജർ ആർച്ചുബിഷപ്പ് കൂട്ടിച്ചേർത്തു.

കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുഗ്രഹപ്രഭാഷണം നടത്തി. നവതി ആഘോഷിക്കുന്ന മാർ ജോർജ് പുന്നക്കോട്ടിൽ, സപ്തതി ആഘോഷിക്കുന്ന മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, ജർമനിയിലെ മൈൻസ് രൂപത സഹായമെത്രാനായി ചുമതലയേറ്റ മോസ്റ്റ് റവ ഡോ. ജോഷി പൊട്ടക്കൽ എന്നിവരെ പൊന്നാടയണിയിച്ച് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ആദരിച്ചു.

70 വർഷക്കാലം പൗരോഹിത്യ ശുശ്രൂഷ ചെയ്ത ഫാ. ജോർജ് ഓലിയപ്പുറം സീനിയർ, ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ പഠന സെക്രട്ടറിയായി സേവനം ചെയ്ത വാഴക്കാല ഇടവകാംഗം റിട്ട. ജഡ്ജ് സി.വി. ഫ്രാൻസിസ്, ആതുരശുശ്രൂഷാ മേഖലയിലും കുടുംബ പ്രേഷിതത്വത്തിലും തന്റെ അധ്വാനത്തിന്റെ പാദമുദ്ര പതിപ്പിച്ച എസ്ഡി സന്യാസ സമൂഹത്തിലെ സിസ്റ്റർ ഫൗസ്റ്റിൻ എന്നിവരെയും ചടങ്ങിൽ ആദരിച്ചു.

സമ്മേളനത്തിന് മുന്നോടിയായി സെന്റ് ജോർജ് കത്തീഡ്രലിൽ നവതി ആഘോഷിക്കുന്ന മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ കാർമികത്വത്തിൽ കൃതജ്ഞതാബലി അർപ്പിച്ചു. രൂപതയിൽനിന്നുള്ള ബിഷപ്പുമാരും കോതമംഗലം ഇടുക്കി രൂപതകളിലെ വൈദികരും സഹകാർമികരായി. ദിവ്യബലിമധ്യേ ഇടുക്കി രൂപത ബിഷപ്പ് മാർ ജോർജ് നെല്ലിക്കുന്നേൽ സന്ദേശം നൽകി.

ആഘോഷച്ചടങ്ങുകളിൽ യാക്കോബായ സഭ കോതമംഗലം മേഖല മെത്രാൻ ഏലിയാസ് മാർ ജൂലിയോസ്, കോതമംഗലം രൂപതയിൽ നിന്നുള്ള ബിഷപ്പുമാരായ മാർ തോമസ് പുല്ലോപ്പിള്ളി, മാർ ചാക്കോ തോട്ടുമാരിക്കൽ, മാർ ജോസഫ് കൊടകല്ലിൽ, മാർ ബെന്നി ഇടത്തട്ടേൽ, സി.എം.ഐ കാർമൽ പ്രൊവിൻസ് പ്രൊവിൻഷ്യൽ ഫാ. ജോബി കൊച്ചുമുട്ടം, ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട്, പി.ജെ. ജോസഫ് എം.എൽ.എ, എംപിമാരായ ഫ്രാൻസിസ് ജോർജ്, ഡീൻ കുര്യാക്കോസ്, എം.എസ്.ജെ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ അഭയ, പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ജിബിൻ ജോസ് എന്നിവർ പ്രസംഗിച്ചു. മാർ ജോർജ് പുന്നക്കോട്ടിൽ, മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മാർ ജോഷി പൊട്ടക്കൽ എന്നിവർ മറുപടി പ്രസംഗം നടത്തി. രൂപത വികാരി ജനറാൾമാരായ മോൺ. പയസ് മലേക്കണ്ടത്തിൽ സ്വാഗതവും മോൺ. വിൻസന്റ് നെടുങ്ങാട്ട് നന്ദിയും പറഞ്ഞു.

# കാഞ്ഞിരപ്പള്ളി രൂപത രണ്ടാമത് എപ്പാർക്കിയൽ അസംബ്ലി



കുട്ടിക്കാനം: ചങ്ങനാശ്ശേരി അതിരൂപതയുടെ കിഴക്കൻ മേഖല വിഭജിച്ച് 1977-ൽ സ്ഥാപിതമായ കാഞ്ഞിരപ്പള്ളി രൂപത സുവർണ ജൂബിലി വർഷത്തിൽ. രണ്ടാമത് എപ്പാർക്കിയൽ അസംബ്ലിയോടെ രൂപതയുടെ സുവർണ്ണ ജൂബിലി വർഷാചരണത്തിന് തുടക്കമായി. മെയ് 11 മുതൽ കുട്ടിക്കാനം മരിയൻ കോളജിൽ നടത്തപ്പെടുന്ന രൂപത അസംബ്ലിയിൽ വിവിധ തലങ്ങളിൽ നിന്നും 180 പ്രതിനിധികൾ പങ്കെടുത്തു. കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ മാർ ജോസ് പുളിക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന അസംബ്ലി രൂപതയുടെ അജപാലന സാമൂഹിക സേവനാഭിമുഖ്യങ്ങൾ വിലയിരുത്തി കാലോചിത നവീകരണ ശുപാർശകൾ രൂപപ്പെടുത്തി. രൂപതയുടെ വിവിധ തലങ്ങളിൽ ചർച്ച ചെയ്ത മാർഗരേഖയുടെ വെളിച്ചത്തിൽ തയ്യാറാക്കിയ വിഷയാവതരണരേഖയാണ് അസംബ്ലിയിൽ ചർച്ച ചെയ്തത്.

സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് എപ്പാർക്കിയൽ അസംബ്ലി ഉദ്ഘാടനം ചെയ്തു. സീറോമലബാർ സഭയുടെ സമഗ്രവളർച്ചയ്ക്ക് മാതൃകയും ദിശാബോധവും പകർന്നതിൽ കാഞ്ഞിരപ്പള്ളി രൂപതാ സമൂഹത്തിന്റെയും രൂപതയെ നയിച്ച പിതാക്കന്മാരുടെയും സേവനങ്ങൾ ആദരവോടെ ഓർമിക്കുന്നതായി മേജർ ആർച്ചുബിഷപ്പ് ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു. മാർ ജോസഫ് പവ്വത്തിൽ, മാർ മാത്യു വട്ടക്കുഴി, മാർ മാത്യു അറയ്ക്കൽ, മാർ ജോസ് പുളിക്കൽ എന്നീ പിതാക്കന്മാരുടെ സേവനവും കാഴ്ചപ്പാടും ആത്മീയതയും രൂപതയുടെ വളർച്ചയ്ക്ക് നിമിത്തമായി. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹികസേവനം എന്നിവയിൽ രൂപത ആഗോളസഭയ്ക്കുതന്നെ മാതൃകയാണ്. രൂപതയുടെ സാമൂഹിക സേവന സംരംഭങ്ങളായ പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെയും മലനാട് ഡെവലപ്മെന്റ് സൊസൈറ്റിയുടെയും മരിയൻ കോളജിന്റെയും അമൽ ജ്യോതി എൻജിനീയറിംഗ് കോളജിന്റെയും പ്രവർത്തനശൈലി സമൂഹത്തിന് പാഠപുസ്തകമായി മാറേണ്ടതാണ്. മാർ റാഫേൽ തട്ടിൽ പിതാവ് കൂട്ടിച്ചേർത്തു.

കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ മാർ ജോസ് പുളിക്കൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. നന്മയുടെയും കരുണയുടെയും കരുതലിന്റെയുമായ ശുശ്രൂഷകൾക്കാണ് കാഞ്ഞിരപ്പള്ളി രൂപത പ്രധാന്യം നൽകുന്നതെന്ന് അധ്യക്ഷപ്രസംഗത്തിൽ മാർ ജോസ് പുളിക്കൽ പറഞ്ഞു. ആദിമക്രൈസ്തവ സമൂഹത്തിന്റെ ജീവിത ശൈലിയിൽ ഒരുമയുടെയും പങ്കുവയ്ക്കലിന്റെയും കരുതലിന്റെയും കൂട്ടായ്മയായി രൂപത തുടർന്നും വർത്തിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ദൈവജനം ഒരുമയോടെ വിശ്വാസത്തിലും ഐക്യത്തിലും നിലകൊണ്ടതിന്റെ അടയാളമാണ് രൂപതയുടെ ഇക്കാലവളർച്ചയുടെ അടിസ്ഥാനമെന്ന് മാർ മാത്യു അറയ്ക്കൽ അനുഗ്രഹപ്രഭാഷണത്തിൽ അനുസ്മരിച്ചു. പ്രോട്ടോ സിഞ്ചെല്ലൂസ് റവ. ഡോ. ജോസഫ് വെള്ളമറ്റം, പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി അഡ്വ. ഷാൻസി മോൾ ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

# ഇരിങ്ങാലക്കുട രൂപതയുടെ വിശ്വാസപരിശീലന വർഷത്തിന് പ്രൗഢോജ്ജ്വലമായ തുടക്കം



ക്രിസ്തുദർശനം കരുണാർദ്ര ജീവിതത്തിലൂടെ' എന്ന ആപ്തവാക്യമുയർത്തി ഇരിങ്ങാലക്കുട രൂപതയുടെ 2026-27 വർഷത്തെ വിശ്വാസപരിശീലന അധ്യയനവർഷത്തിന് തെക്കൻ താണിശ്ശേരി സെന്റ് സേവ്യേഴ്സ് ദേവാലയത്തിൽ നടന്ന ചടങ്ങിൽ ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു. ആഘോഷമായ വിശുദ്ധ കുർബാനയ്ക്ക് മാർ പോളി കണ്ണൂക്കാടൻ കാർമ്മികത്വം വഹിച്ചു. ദൈവത്തിന്റെ കരുണ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിലൂടെ മാത്രമേ യഥാർഥമായ ക്രിസ്തുദർശനം സാധ്യമാകൂ എന്ന് മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടന പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. പ്രാർഥനയും കരുണയും മുഖമുദ്രയാക്കിയ ഒരു തലമുറയെ വളർത്തിയെടുക്കുകയാണ് ഈ അധ്യയനവർഷത്തിലൂടെ ലക്ഷ്യമിടുന്നതെന്നും കൂട്ടിച്ചേർത്തു. രൂപത മതബോധന ഡയറക്ടർ ഫാ. റിജോയ് പഴയാറ്റിൽ ഈ വർഷത്തെ ആപ്തവാക്യമായ 'ക്രിസ്തുദർശനം കരുണാർദ്ര ജീവിതത്തിലൂടെ' എന്ന വിഷയത്തെക്കുറിച്ച് വിശകലനം ചെയ്തു സംസാരിച്ചു.

കഴിഞ്ഞ അധ്യയനവർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച മതബോധന യൂണിറ്റു പ്രഖ്യാപനം രൂപത വികാരി ജനറാൾ റവ. മോൺ. ജോസ് മാളിയേക്കൽ നടത്തി. മികച്ച ഐ.എഫ്.എൽ ഡയറി തയ്യാറാക്കിയവർക്കുള്ള അവാർഡുകളുടെ പ്രഖ്യാപനം ഫാ. ലിജോ മണിമലകുന്നേൽ നടത്തി. പുതിയ അധ്യയന വർഷത്തിന്റെ ലോഗോ രൂപകൽപ്പന മത്സരത്തിലെ വിജയികളുടെ പ്രഖ്യാപനം ഫാ. സിബു കള്ളാപ്പറമ്പിൽ നടത്തുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

ഒരു വർഷം മുഴുവൻ വിശുദ്ധ കുർബാനയിൽ മുടങ്ങാതെ പങ്കെടുത്ത മതബോധന വിദ്യാർഥികൾക്കുള്ള പ്രത്യേക സമ്മാനദാനവും ചടങ്ങിൽ നടന്നു. ഇടവക തലത്തിലുള്ള കാരുണ്യനിധി വിതരണത്തിന്റെ ഉദ്ഘാടനവും ഇതോടൊപ്പം നിർവ്വഹിച്ചു. സി. മരിയ തെരേസ് എഫ്.സി.സി നന്ദിയർപ്പിച്ചു.

# 140–ാമത് ചങ്ങനാശ്ശേരി അതിരൂപതാദിനം ആഘോഷിച്ചു



ചങ്ങനാശേരി: ചങ്ങനാശേരി അതിരൂപതയുടെ 140–ാമത് അതിരൂപതാദിനം തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ പള്ളി അങ്കണത്തിലെ ഫാ. ഡൊമിനിക് തോട്ടാശേരി നഗറിൽ നടന്നു. പത്തനംതിട്ട ബിഷപ്പ് ഡോ. സാമുവൽ മാർ ഐറേനിയോസ് അതിരൂപതാദിനം ഉദ്ഘാടനം ചെയ്തു. അപ്പസ്തോലിക പ്രബോധനങ്ങളിൽ നിന്നും വ്യതിചലിക്കാത്ത വിശ്വാസപാരമ്പര്യമാണ് ചങ്ങനാശേരി അതിരൂപതയ്ക്കെന്ന് ബിഷപ്പ് അഭിപ്രായപ്പെട്ടു. നിതാന്ത ജാഗ്രത പുലർത്തുന്ന ഇടയന്മാരുടെ നേതൃത്വവും വിശ്വാസവും വിഭവങ്ങളും പങ്കുവയ്ക്കുന്നതിൽ ഔദാര്യപൂർവമായ മനസുമുള്ള പ്രേക്ഷിത സമൂഹമാണ് ചങ്ങനാശേരി അതിരൂപതയെന്നും ബിഷപ്പ് കൂട്ടിച്ചേർത്തു. മലങ്കര കത്തോലിക്കാ സഭയുടെ രൂപീകരണത്തിനും വളർച്ചയ്ക്കും ചങ്ങനാശേരി അതിരൂപത നൽകിയ സംഭവാനകൾ സ്മരണീയമാണെന്നും അദ്ദേഹം സ്മരിച്ചു.

ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ അധ്യക്ഷത വഹിച്ചു. മെത്രാഭിഷേക രജതജൂബിലിയിലേക്ക് പ്രവേശിക്കുന്ന ആർച്ചുബിഷപ്പ് എമിരിത്തൂസ് മാർ ജോസഫ് പെരുന്തോട്ടത്തിന് മാർ തോമസ് തറയിൽ ആശംസകൾ നേർന്നു. ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണവും സംസ്ഥാന നേവൽ ഓഫീസർ ഇൻചാർജ് കമഡോർ വർഗീസ് മാത്യു കറുകക്കളത്തിൽ മുഖ്യപ്രഭാഷണവും നടത്തി.

തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന പ്രമുഖ ജീവകാരുണ്യ പ്രവർത്തക ശാന്താ ജോസിനും കുട്ടനാടിന്റെ വികസനത്തിൽ നിർണായക പങ്ക് നൽകിയ മുൻ എംഎൽഎ ഡോ. കെ.സി. ജോസഫിനും അതിരൂപതയുടെ എക്സലൻസ് അവാർഡുകൾ മാർ തോമസ് തറയിൽ സമ്മാനിച്ചു. ദേശീയ, സംസ്ഥാന തലങ്ങളിൽ മികവു തെളിയിച്ചവരെയും യുവസംരംഭകരെയും ഏഴു മക്കളിൽ കൂടുതലുള്ള യുവദമ്പതികളെയും ആദരിച്ചു. അതിരൂപത വികാരി ജനറൽ മോൺ. ആന്റണി എത്തയ്ക്കാട്ട്, തൃക്കൊടിത്താനം ഫൊറോന പള്ളി വികാരി ഫാ. സെബാസ്റ്റ്യൻ പുന്നശേരി, അതിരൂപതാദിന കോഓർഡിനേറ്റർ ഫാ. ചെറിയാൻ കക്കുഴി, അതിരൂപത പിആർഒ അഡ്വ. ജോജി ചിറയിൽ, എഫ്സിസി കോൺഗ്രിഗേഷൻ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ബ്രിജി എഫ്സിസി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖാ മാത്യൂസ്, യുവദീപ്തി എസ്എംവൈഎം ഡെപ്യൂട്ടി പ്രസിഡന്റ് ലൂസി പീലിപ്പോസ് എന്നിവർ പ്രസംഗിച്ചു. വികാരി ജനറൽ മോൺ. മാത്യു ചങ്ങങ്കരി അതിരൂപതാദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വികാരി ജനറാൾ മോൺ. സ്കറിയ കന്യാകോണിൽ പ്രാർഥന നയിച്ചു.

# ഡിജിറ്റൽ യുഗത്തിൽ അധ്യാപനരീതികളിൽ മാറ്റം വരണം: ബിഷപ് മാർ ജോസ് പൊരുന്നേടം

ദ്വാരക: പുതിയ കാലത്തെ ഡിജിറ്റൽ തലമുറയുടെ ആവശ്യങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസ രീതികളിൽ കാര്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് മാനന്തവാടി രൂപത മെത്രാൻ ബിഷപ്പ് മാർ ജോസ് പൊരുന്നേടം. സാങ്കേതികവിദ്യ എത്ര വളർന്നാലും അധ്യാപകരും വിദ്യാർഥികളും തമ്മിലുള്ള ആത്മബന്ധത്തിന് പകരമാകാൻ കൃത്രിമബുദ്ധിക്ക് കഴിയില്ലെന്നും മാർ പൊരുന്നേടം ഓർമ്മിപ്പിച്ചു. മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിക്ക് കീഴിലുള്ള അധ്യാപകരുടെ വാർഷിക ജനറൽ ബോഡി യോഗവും വിരമിക്കുന്നവർക്കുള്ള ആദരവും ഉൾപ്പെടുത്തി ദ്വാരക പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച 'സദ്ഗമയ 26' എന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസത്തിലെ മാനുഷികമായ ഇടപെടലുകൾ കുട്ടികളിൽ ശാശ്വതമായ സ്വാധീനമാണ് ചെലുത്തുന്നത്. അതിനെ മറികടക്കാൻ മറ്റൊരു സാങ്കേതികവിദ്യക്കും സാധിക്കില്ല. ശക്തമായൊരു ഭാവിതലമുറയെ വാർത്തെടുക്കുന്നതിനായി കുട്ടികളിൽ ഉന്നതമായ മൂല്യങ്ങൾ വളർത്തിയെടുക്കാൻ അധ്യാപകർ പ്രത്യേകശ്രദ്ധ കേന്ദ്രീകരിക്കണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ മാർ പൊരുന്നേടം ഓർമ്മിപ്പിച്ചു. ഔദ്യോഗിക സർവീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ കഴിവും പരിചയസമ്പത്തും സമൂഹത്തിന്റെ നന്മയ്ക്കായി സന്നദ്ധസേവനങ്ങളിലൂടെ തുടർന്നും ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം നിർദേശിച്ചു.

ചടങ്ങിൽ ബിഷപ്പ് മാർ അലക്സ് താരമംഗലം അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസമേഖലയ്ക്ക് അധ്യാപക സമൂഹം നൽകിയ കൂട്ടായ സംഭാവനകൾക്ക് അദ്ദേഹം ആഴമായ നന്ദി രേഖപ്പെടുത്തി. സർവീസിൽ നിന്ന് വിരമിക്കുന്ന 40 അധ്യാപകരെയും രണ്ട് അധ്യാപകേതര ജീവനക്കാരെയും ചടങ്ങിൽ ആദരിക്കുകയും ഉപഹാരങ്ങൾ സമ്മാനിക്കുകയും ചെയ്തു.



കോർപ്പറേറ്റ് മാനേജർ ഫാ. സിജോ ഇലങ്കുന്നപ്പുഴ പ്രാർഥനയോടെ തുടക്കം കുറിക്കുകയും ആമുഖ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പുതിയ തലമുറയിലെ പഠിതാക്കളുടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് ബിഷപ്പ് പൊരുന്നേടത്തിന്റെ നേതൃത്വത്തിൽ 'ജനറേഷൻ ഇസെഡിനായുള്ള (Gen Z) അധ്യാപന കാഴ്ചപ്പാടുകൾ' എന്ന വിഷയത്തിൽ സെമിനാർ സെഷനും നടന്നു.

സജി ജോസ്, ഷിനോജ് പാപ്പച്ചൻ, ജോൺസൺ കെ.ജി എന്നിവർ ആശംസകൾ നേർന്നു അധ്യാപക പ്രതിനിധി തോമസ് എം.യു നന്ദി പറഞ്ഞു.

# ജീവസംസ്കാരം വളർത്തണം: മാർ ജോൺ നെല്ലിക്കുന്നേൽ




ചോറ്റുപാറ: ജീവൻ ദൈവദാനമാണെന്നും ദൈവം നൽകിയ ജീവനെ എന്തു ത്യാഗം ചെയ്തും വളർത്തണമെന്നും മരണസംസ്കാരം ശക്തിപ്പെടുന്ന ഈ കാലഘട്ടത്തിൽ ജീവന്റെ സംസ്കാരം വളർത്തണമെന്നും ഇടുക്കി രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ. കാഞ്ഞിരപ്പള്ളി രൂപതാ മാതൃവേദിയുടെ നേതൃത്വത്തിൽ പുതുക്കിപ്പണിത ചോറ്റുപാറ വി. ജിയന്ന ദൈവാലയത്തിലേയ്ക്ക് നടത്തിയ ജിയന്ന തീർഥാടനത്തോടുബന്ധിച്ച് പരിശുദ്ധകുർബാനയർപ്പിച്ച് സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. മാതൃവേദിയുടെ സഹമദ്ധ്യസ്ഥയായ വിശുദ്ധ ജിയന്ന തനിക്ക് ലഭിച്ച ജീവനെ ദൈവമാണ് നൽകിയത് എന്ന ബോധ്യത്തിൽ സ്വീകരിച്ചു. സഹപ്രവർത്തകരും പരിചയമുള്ള എല്ലാവരും ഉദരത്തിലുള്ള ജീവനെ നശിപ്പിക്കാൻ നിർബന്ധിച്ചപ്പോൾ ജീവനെ യാതൊരു കാരണവശാലും നശിപ്പിക്കരുതെന്ന് ശഠിച്ച വി.ജിയന്നാ ഏവർക്കും മാതൃകയാകണമെന്നും മാർ ജോൺ നെല്ലിക്കുന്നേൽ ഓർമിപ്പിച്ചു. പരിശുദ്ധ കുർബാനയിൽ വികാരി ജനറാൾ ഫാ. ജോസഫ് വെള്ളമറ്റത്തിൽ, ഫൊറോന ഡയറക്ടർമാർ എന്നിവർ സഹകാർമ്മികരായിരുന്നു.

ഇടുക്കി രൂപതയിലെ വി.ജിയന്നായുടെ നാമത്തിലുള്ള ഏക ദൈവാലയമാണ് ചോറ്റുപാറ പള്ളി. വികാരി ജനറാൾ ഫാ. ജോസഫ് വെള്ളമറ്റം രൂപതാ മാതൃവേദി പ്രസിഡന്റ് ജിജി പുളിയംകുന്നേലിന് പതാക കൈമാറി തീർഥാടനം ഉദ്ഘാടനം ചെയ്തു. ഭക്തിനിർഭരമായ ജപമാല പ്രദക്ഷിണത്തോടെ രൂപതയുടെ 13 ഫൊറോനകളിൽ നിന്നെത്തിയ ആയിരക്കണക്കിനുവരുന്ന തീർഥാടകരെ വികാരിയും ഫൊറോന ഡയറക്ടറുമായ ഫാ. റ്റിനു കിഴക്കേവേലിക്കകത്തും ഇടവകസമൂഹവും ചേർന്ന് സ്വീകരിച്ച് സ്വാഗതം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ നന്ദി അർപ്പിച്ചു.

# വിശ്വാസദൃഢതയുമായി 'സ്പെരാൻസ 3.0'



ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട രൂപതയുടെ യുവജന വർഷാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'സ്പെരാൻസ 3.0' മ്യൂസിക്കൽ റിട്രീറ്റ് കത്തോലിക്കാ യുവജന ശാക്തീകരണത്തിന്റെ ദിശയിൽ ശ്രദ്ധേയമായ ആത്മീയ മുന്നേറ്റമായി. രൂപതയിലെ കെ.സി.വൈ.എം, സി.എൽ.സി, ജീസസ് യൂത്ത് എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലാണ് ത്രിദിന ക്യാമ്പ് സംഘടിപ്പിച്ചത്. സംഗീത ശുശ്രൂഷകൾ, ആത്മീയ സെഷനുകൾ, ജീവിതസാക്ഷ്യങ്ങൾ എന്നിവ വഴി വിശ്വാസത്തിൽ ദൃഢതയുള്ള യുവതലമുറയെ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു റിട്രീറ്റ്.

മെയ് 21ന് വൈകിട്ട് 4 മണിക്ക് ആരംഭിച്ച റിട്രീറ്റ് ഇരിങ്ങാലക്കുട രൂപതാധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് അദ്ദേഹം ദിവ്യബലി അർപ്പിച്ചു സന്ദേശം നൽകി. സമകാലിക ലോകത്ത് ക്രിസ്തീയ മൂല്യങ്ങളിൽ അധിഷ്ഠിതമായി ജീവിക്കാൻ യുവതലമുറ തയ്യാറാകണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. മെയ് 23ന് വൈകിട്ട് 5 മണിയോടെയാണ് റിട്രീറ്റ് സമാപിച്ചത്. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 500–ൽ പരം യുവതീയുവാക്കൾ ആത്മീയ സംഗമത്തിൽ പങ്കെടുത്തു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രമുഖ വൈദികരും അൽമായ ശുശ്രൂഷകരും നയിച്ച ആത്മീയവും പ്രചോദനാത്മകവുമായ സെഷനുകൾ ക്യാമ്പിലുടനീളം യുവജനങ്ങളുമായി സംവദിച്ചു. കുമ്പസാരവും കൗൺസിലിംഗുമുണ്ടായിരുന്നു. വിവിധ യുവജന സംഘടനകളുടെ നേതൃത്വത്തിൽ 180 ലധികം വോളണ്ടിയർമാരാണ് റിട്രീറ്റിന്റെ വിജയത്തിനായി അണിയറയിൽ പ്രവർത്തിച്ചത്.



# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

## 2026 ഏപ്രിൽ 25 മുതൽ മെയ് 25 വരെ

**ഏപ്രിൽ**

- **26 ഞായർ:** തൃശൂർ അതിരൂപതയിലെ പാവറട്ടി സെന്റ് ജോസഫ് തീർഥാടനകേന്ദ്രത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

  എറണാകുളം-അങ്കമാലി അതിരൂപതയിലെ കൊക്കുന്ന് സെന്റ് ജോസഫ് ദൈവാലയം കൂദാശചെയ്തു വിശുദ്ധ കുർബാന അർപ്പിച്ചു.
- **28 ചൊവ്വ:** കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മൈനർ സെമിനാരി ഫോർമേറ്റേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു.
- **29 ബുധൻ:** കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മൈനർ സെമിനാരി ഫോർമേറ്റേഴ്സിനോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ചു.

**മെയ്**

- **1 വെള്ളി:** മുരിങ്ങൂർ ഡിവൈൻ റിട്രീറ്റ് സെന്ററിൽ കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണപ്രസ്ഥാനത്തിന്റെ സുവർണ ജൂബിലിയോടനുബന്ധിച് വിശുദ്ധ കുർബാന അർപ്പിച്ചു.
- **2 ശനി:** അസീറിയൻ ചർച്ച് ഓഫ് ദി ഈസ്റ്റിന്റെ പാത്രിയർക്കീസ് പരിശുദ്ധ ആവ തൃതീയനെ തൃശൂർ മെട്രോപൊളിറ്റൻ പാലസിൽ സന്ദർശിച്ചു.
- **3 ഞായർ:** കോതമംഗലം രൂപതയുടെ എഴുപതാം വാർഷികവും രൂപതാദിനവും കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ ഉദ്ഘാടനം ചെയ്തു. ബിഷപ്പ് എമിരറ്റസ് മാർ ജോർജ് പുന്നക്കോട്ടിലിന്റെ നവതി, മെത്രാഭിഷേക സുവർണജൂബിലി, ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിലിന്റെ എഴുപതാം ജന്മദിനം, ജർമനിയിലെ മൈൻസ് രൂപതയിലെ സഹായ മെത്രാൻ ബിഷപ്പ് ജോഷി പൊട്ടക്കലിന് നൽകിയ സ്വീകരണം എന്നിവയോടനുബന്ധിച്ചു നടത്തിയ ആഘോഷണങ്ങളിൽ പങ്കെടുത്തു.
- **6-10:** പാരിസിൽ നടന്ന ലൂവ്റെ ഡി ഓറിയന്റിന്റെ (L'Oeuvre d'Orient) 170-ാം വാർഷികാഘോഷണങ്ങളിൽ പങ്കെടുത്തു.
- **13 ബുധൻ:** കുട്ടിക്കാനം മരിയൻ കോളേജിൽ കാഞ്ഞിരപ്പള്ളി രൂപതാ അസംബ്ലി ഉദ്ഘാടനം ചെയ്തു.
- **14 വ്യാഴം:** ഇല്ലിത്തോട് എം.സി.ബി.എസ് സന്യാസ സമൂഹത്തിന്റെ സന്നിധാന ആശ്രമം ആശീർവദിച്ചു.
- **16 ശനി:** കൊരട്ടി സയൺ സെമിനാരിയിൽ നടന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കൊച്ചി ഭദ്രാസനത്തിന്റെ 150-ാം വാർഷികത്തിൽ ജൂബിലി സന്ദേശം നൽകി.

  കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർ ജീവൻ ജ്യോതി ലേ മിഷനറി മൂവ്മെന്റിന്റെ മിഷനറി ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

  മഞ്ഞപ്ര ഹോളി ക്രോസ് ഫൊറോന ദൈവാലയത്തിന്റെ 625-ാം വാർഷികം ഉദ്ഘാടനം ചെയ്തു.
- **17 ഞായർ:** മരട് സെന്റ് ജിയാന ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

  കളമശ്ശേരി ഡി പോൾ ക്യാൻസർ കെയർ സെന്റർ ആശീർവദിച്ചു ഉദ്ഘാടനം ചെയ്തു.
- **19 ചൊവ്വ:** എളവൂർ സെന്റ് ആന്റണീസ് ദൈവാലയത്തിൽ എറണാകുളംഅങ്കമാലി അതിരൂപതയിലെ ബഹു. ജോർജ് നെല്ലിശ്ശേരിയച്ചന്റെ സംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗത്തിന് കാർമികത്വം വഹിച്ചു.
- **20 ബുധൻ:** വടക്കാഞ്ചേരി സെന്റ് ഫ്രാൻസിസ് സേവ്യർ ഫൊറോന ദൈവാലയത്തിൽ തൃശൂർ അതിരൂപതാദിനം ഉദ്ഘാടനം ചെയ്തു.
- **21 ബുധൻ:** ആലുവ എഫ്.സി.സി ജനറലേറ്റിൽ നിത്യവ്രത വാഗ്ദാനത്തിന് കാർമികത്വം വഹിച്ചു.
- **22 വെള്ളി:** കാക്കനാട് മൗണ്ട് സെന്റ് തോമസിലെ എച്.ആർ.സി ഓഡിറ്റോറിയത്തിൽ അറുപത്തിനാലാമത് എൽ.ആർ.സി സെമിനാർ ഉദ്ഘാടനം ചെയ്തു.
- **23 ശനി:** പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ ധന്യൻ മാത്യു കദലിക്കാട്ടിന്റെ 91-ാം ചരമവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.
- **25 തിങ്കൾ:** കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സിൽവർ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന്റെ സംഗമം ഉദ്ഘാടനം ചെയ്തു.

# എസ്.എം.സി.എ കുവൈറ്റ് പേൾ ജൂബിലി മെഡിക്കൽ സെന്ററിന്റെ ശിലാസ്ഥാപനം നടത്തി




ഒഡീഷ: കുവൈറ്റ് ആസ്ഥാനമായുള്ള സീറോമലബാർ കൾച്ചറൽ അസോസിയേഷന്റെ (എസ്.എം.സി.എ കുവൈറ്റ്) പേൾ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒഡീഷയിൽ നിർമിക്കുന്ന എസ്.എം.സി.എ കുവൈറ്റ് പോൾ ജൂബിലി മെഡിക്കൽ സെന്റർ എന്ന മഹത്തായ സേവന പദ്ധതിയുടെ ശിലാസ്ഥാപന കർമ്മം ഷംഷാബാദ് ആർച്ചുബിഷപ്പ് മാർ പ്രിൻസ് പാണേങ്ങാടൻ നിർവഹിച്ചു.

വിവിധ സീറോമലബാർ രൂപതകളിലായി നൂറുകണക്കിന് ഭവനങ്ങൾ നിർമ്മിച്ചു നൽകിയ കുവൈറ്റ് എസ്.എം.സി.എ., ഒഡീഷയിലെ ഗ്രാമീണമേഖലകളിൽ അടിസ്ഥാന ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മെഡിക്കൽ സെന്റർ സ്ഥാപിക്കുന്നത്. പ്രദേശവാസികൾക്ക് കുറഞ്ഞ ചിലവിൽ ഗുണമേൻമയുള്ള ചികിത്സയും ആരോഗ്യപരിരക്ഷയും ലഭ്യമാക്കുന്നതിനുള്ള വലിയൊരു മുന്നേറ്റമാണ് ഈ പദ്ധതി. ശിലാസ്ഥാപന ചടങ്ങിൽ വൈദികർ, സിസ്റ്റേഴ്സ്, എസ്.എം.സി.എ. പ്രതിനിധികൾ, സാമൂഹിക പ്രവർത്തകർ, പ്രദേശവാസികൾ എന്നിവർ പങ്കെടുത്തു. കുവൈറ്റ് എസ്.എം.സി.എ. നടത്തുന്ന മനുഷ്യസ്നേഹവും കരുണയും മുൻനിർത്തിയുള്ള ഈ സേവന പ്രവർത്തനം സമൂഹത്തിന് വലിയ അനുഗ്രഹമാകുമെന്ന് മാർ പ്രിൻസ് പാണേങ്ങാടൻ അഭിപ്രായപ്പെട്ടു. ഈ മഹത്തായ കാരുണ്യപ്രവൃത്തിയോട് സഹകരിച്ച എല്ലാ കുടുംബാംഗങ്ങളോടുള്ള നന്ദി അറിയിച്ച പിതാവ്, എല്ലാവർക്കും എല്ലാവിധ ദൈവാനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്ന് ആശംസിച്ചു.

കുവൈറ്റ് എസ്.എം.സി.എ യുടെ 30-ാം വാർഷികത്തോടനുബന്ധിച്ച് മുപ്പതാമത് കേന്ദ്ര ഭരണസമിതിയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന മെഡിക്കൽ സെന്റർ പദ്ധതി, സംഘടനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഒരു പുതിയ അധ്യായമായി മാറുമെന്ന് പ്രസിഡന്റ് ആന്റണി മനോജ്, ജനറൽ സെക്രട്ടറി ബോബിൻ ജോർജ്, ട്രഷറർ സോണി മാത്യു, സോഷ്യൽ വെൽഫെയർ കൺവീനർ ജോർജ് മാനുവൽ എന്നിവർ അറിയിച്ചു. ആരോഗ്യരംഗത്ത് പിന്നാക്കം നിൽക്കുന്ന ജനങ്ങൾക്ക് പ്രത്യാശയും ആശ്വാസവും പകരുന്ന കേന്ദ്രമായി ഇത് വളരുമെന്ന പ്രതീക്ഷയും അവർ പങ്കുവച്ചു.

# ദീപിക ശതോത്തര റൂബിജൂബിലി ആഘോഷങ്ങൾക്ക് കോട്ടയത്ത് പ്രൗഢഗംഭീരമായ തുടക്കം




കോട്ടയം: ഭാരതത്തിലെ ആദ്യത്തെ കത്തോലിക്കാ ദിനപത്രവും മലയാള മാധ്യമരംഗത്തെ വിപ്ലവകരമായ സാന്നിധ്യവുമായ 'ദീപിക' യുടെ ശതോത്തര റൂബി ജൂബിലി (140-ാം വാർഷികം) ആഘോഷങ്ങൾക്ക് അക്ഷരനഗരിയായ കോട്ടയത്ത് പ്രൗഢഗംഭീരമായ തുടക്കമായി. ഒരു വർഷം നീണ്ടുനിൽക്കുന്ന ശതോത്തര ജൂബിലി ആഘോഷപരിപാടികളുടെ ഉദ്ഘാടനം കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ ഭാരതത്തിന്റെ ഉപരാഷ്ട്രപതി ശ്രീ. സി.പി. രാധാകൃഷ്ണൻ നിർവഹിച്ചു. ബഹു. കേരള ഗവർണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, ബഹു. കേരള മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ, കോട്ടയം അതിരൂപത മെത്രാപോലിത്ത മാർ മാത്യു മൂലക്കാട്ട്, സംസ്ഥാന ജല വിഭവ വകുപ്പുമന്ത്രി ശ്രീ. മോൻസ് ജോസഫ്, നിയമസഭ സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവർ ചടങ്ങിൽ വിശിഷ്ടാഥിതികളായിരുന്നു.

1887 ഏപ്രിൽ 15-ന് ചങ്ങനാശ്ശേരിയിൽ നിന്ന് 'നസ്രാണി ദീപിക' എന്ന പേരിൽ വരാന്തപ്പതിപ്പായി ആരംഭിച്ച്, പിന്നീട് കോട്ടയത്തേക്ക് ആസ്ഥാനം മാറ്റിയ ദീപികയുടെ 140 വർഷത്തെ സുദീർഘവും സ്തുത്യർഹവുമായ സേവനങ്ങളെ അനുസ്മരിച്ചായിരുന്നു ആഘോഷങ്ങൾ ക്രമീകരിച്ചത്. സഭയുടെയും സമൂഹത്തിന്റെയും ശബ്ദമായി നിലകൊള്ളുകയും പാർശ്വവത്കരിക്കപ്പെട്ടവരുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടുകയും ചെയ്ത ദീപികയുടെ പാരമ്പര്യം വരുംതലമുറകൾക്ക് മാതൃകയാണെന്ന് ഉദ്ഘാടന സന്ദേശത്തിൽ ഉപരാഷ്ട്രപതി ശ്രി സി.പി. രാധാകൃഷ്ണൻ ഓർമ്മിപ്പിച്ചു.

ശതോത്തര റൂബി ജൂബിലിയോടനുബന്ധിച്ച് വൈവിധ്യമാർന്ന നിരവധി സാമൂഹിക-മാധ്യമ പദ്ധതികൾക്കാണ് ദീപിക മാനേജ്മെന്റ് രൂപം നൽകിയിരിക്കുന്നത്. വായനക്കാർക്കായുള്ള പ്രത്യേക സമ്മാന പദ്ധതികൾ, മാധ്യമ സെമിനാറുകൾ, കാരുണ്യപ്രവർത്തനങ്ങൾ എന്നിവ ജൂബിലി വർഷത്തിൽ ഉടനീളം കേരളത്തിലും ആഗോളതലത്തിലും സംഘടിപ്പിക്കും. ദീപിക ചീഫ് എഡിറ്റർ, മാനേജിംഗ് ഡയറക്ടർ, ചെയർമാൻ എന്നിവർക്കൊപ്പം വൈദികരും സന്യസ്തരും ഉൾപ്പെടെ വൻ ജനപങ്കാളിത്തത്തോടെയാണ് ചടങ്ങുകൾ സമാപിച്ചത്.

# ഓപ്പറേഷൻ തൂഫാൻ; പൂർണ പിന്തുണയുമായി കെസിബിസി

സംസ്ഥാനത്തെ ലഹരി മാഫിയയെ അമർച്ച ചെയ്യാൻ ആഭ്യന്തരവകുപ്പ് രൂപം നൽകിയിരിക്കുന്ന 'ഓപ്പറേഷൻ തൂഫാൻ ദി നാർക്കോ ഹണ്ട്' പദ്ധതിക്ക് സമ്പൂർണ പിന്തുണയും സഹകരണവും നൽകുമെന്ന് കെസിബിസി മദ്യലഹരി വിരുദ്ധ സമിതി. അതിർത്തി സംസ്ഥാനങ്ങളെക്കൂടി ലഹരിവേട്ടയിൽ ഉൾപ്പെടുത്തണമെന്നും സമിതി ചെയർമാൻ ബിഷപ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ, സെക്രട്ടറി ഫാ. തോമസ് സൈജു ചിറയിൽ, സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിള എന്നിവർ ആവശ്യപ്പെട്ടു.

ജൂൺ ഒന്നിന് സ്കൂൾ തുറക്കുന്ന ദിനത്തിലാണ് 'ഓപ്പറേഷൻ തൂഫാന്' തുടക്കമിടുക. വിദ്യാർഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുക എന്നതും ഇതിലെ പ്രധാന ലക്ഷ്യമാണ്. സ്കൂൾ അധികൃതരുമായും എക്സൈസുമായും ചേർന്ന് പോലീസ് പദ്ധതികൾ തയ്യാറാക്കും. ഓപ്പറേഷൻ ഡി ഹണ്ട് എന്ന പേരിൽ നിലവിൽ സംസ്ഥാനത്ത് ലഹരിക്കെതിരെ ഓപ്പറേഷൻ നടക്കുന്നുണ്ടെങ്കിലും പുതിയ പദ്ധതിയിലൂടെ ലഹരി മാഫിയയെ തുടച്ചുനീക്കുക എന്നതാണ് ആഭ്യന്തരവകുപ്പ് ലക്ഷ്യംവെക്കുന്നത്.

# സീറോ മലബാർ രൂപത മിസ്സിസ്സാഗാ, കാനഡ



BISHOP
H.E. MAR JOSE KALLUVELIL



Proto Syncellus
Rev. Fr. Augustine Kallumkatharayil



Syncellus
Rev. Fr. Tenson Paul



Chancellor
Rev. Fr. Harold Jose Ambattupadavil



Finance Officer
Rev. Fr. Jojo Changanamthundathil



Judicial Vicar
Rev. Fr. Boby Joy Muttathuvalayil



## രൂപതാ ചരിത്രം

സീറോ മലബാർ സഭ, കത്തോലിക്കാ സഭയുമായി ഐക്യത്തിൽ ഉള്ള 24 പൗരസ്ത്യ സഭകളിൽ ഒന്നാണ്. ഈ സഭയ്ക്ക് സ്വന്തം ആരാധനക്രമം, ആത്മീയത, ദൈവശാസ്ത്രം, സഭാനിയമപരമ്പരകൾ എന്നിവ ഉണ്ട്.

1960-കളുടെ തുടക്കത്തിൽ മുതൽ സീറോ മലബാർ വിശ്വാസികൾ കാനഡയെ സ്വന്തം നാടായി സ്വീകരിച്ചു. അവർ തങ്ങളുടെ വിശ്വാസവും പാരമ്പര്യവും സംസ്കാരവും കൂടെ കൊണ്ടുവന്നു. കാനഡയിലെ പല പ്രവിശ്യകളിലും പ്രദേശങ്ങളിലുമായി താമസിച്ചിരുന്നെങ്കിലും ഇന്ത്യയിലെ സീറോ മലബാർ മാതൃസഭയുമായുള്ള ബന്ധവും വഴി അവർ തങ്ങളുടെ വിശ്വാസവും സഭാപാരമ്പര്യവും കാത്തുസൂക്ഷിച്ചു.

1960 മുതൽ 1980 വരെ, കാനഡയിലെ വിവിധ ലാറ്റിൻ രൂപതകളിൽ സേവനം ചെയ്തിരുന്ന സീറോ മലബാർ വൈദികരും ഭാരത കത്തോലിക്കാ സന്യാസ സഭകളിലെ വൈദികരുമാണ് ഈ സമൂഹങ്ങൾക്ക് ഭാഗികമായി ശുശ്രൂഷ നൽകിയത്. അക്കാലത്ത് കാനഡയിലെ സീറോ മലബാർ സഭാസമൂഹത്തെ പരിപാലിച്ച എല്ലാ വൈദികർക്കും ഞങ്ങൾ നന്ദി അറിയിക്കുന്നു.

1980 മുതൽ 2015 വരെ, ഇന്ത്യയിൽ നിന്നും മറ്റു രാജ്യങ്ങളിലും നിന്ന് കൂടുതൽ സീറോ മലബാർ വിശ്വാസികൾ കാനഡയിലേക്ക് കുടിയേറിയതോടെ കാനഡയിലെ സീറോ മലബാർ സമൂഹം കൂടുതൽ ശക്തി പ്രാപിച്ച് വളർന്നു. കാനഡയിലെ എല്ലാ കർദ്ദിനാളുമാർക്കും ആർച്ച് ബിഷപ്പുമാർക്കും ബിഷപ്പുമാർക്കും അവർ നൽകിയ വലിയ പിന്തുണക്കും ആത്മീയ ശുശ്രൂഷയ്ക്കും ഞങ്ങൾ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

### സീറോ മലബാർ അപ്പസ്തോലിക് എക്സാർക്കേറ്റിന്റെ സ്ഥാപനം

2015 ആഗസ്റ്റ് 6, കാനഡയിലെ സീറോ മലബാർ വിശ്വാസികളുടെ ചരിത്രത്തിലെ മറക്കാനാവാത്ത ദിവസമാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ "പൗരസ്ത്യ സഭകളുടെ പാരമ്പര്യങ്ങളും അജപാലനപരമായ ആവശ്യങ്ങളും സംരക്ഷിക്കാനും വളർത്താനും" എന്ന ലക്ഷ്യത്തോടെ, കാനഡയിലെ സീറോ മലബാർ വിശ്വാസികൾക്കായി അപ്പസ്തോലിക് എക്സാർക്കേറ്റ് സ്ഥാപിച്ചു. കൂടാതെ, Spiritualem ubertatem എന്ന അപ്പസ്തോലിക പ്രമാണത്തിലൂടെ വെരി റവ. ഡോ. ജോസ് കല്ലുവേലിനെ അപ്പസ്തോലിക് എക്സാർക്കായി നിയമിച്ചു.

2015 സെപ്റ്റംബർ 19-ന്, കനേഡിയൻ കോപ്റ്റിക് സെന്ററിലെ Virgin Mary and Athanasius ദൈവാലയത്തിൽ, സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായിരുന്ന കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി നേതൃത്വം നൽകിയ ശുശ്രൂഷയിൽ അഭിവന്ദ്യ മാർ ജോസ് കല്ലുവേലിൽ പിതാവിന്റെ മെത്രാഭിഷേകവും എക്സാർക്കേറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനവും നടന്നു.

എക്സാർക്കേറ്റ് രൂപീകരിച്ചതിന് ശേഷം വ്യക്തമായ ദർശനവും ദൗത്യവുമായി വിശ്വാസസമൂഹം ആത്മീയപ്രയാണം ആരംഭിച്ചു. ദൈവജനത്തെ രൂപപ്പെടുത്തുക, വിശ്വാസത്തിൽ ശക്തരാക്കുക, സുവിശേഷം പ്രഘോഷിക്കുക, ആവശ്യമായ ആത്മീയ ശുശ്രൂഷ നൽകുക എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ.

"ആദ്യം ദൈവരാജ്യവും അവന്റെ നീതിയും അന്വേഷിക്കുവിൻ; അപ്പോൾ ഇവയൊക്കെയും നിങ്ങൾക്കു ലഭിക്കും" (മത്തായി 6:33) എന്ന ക്രിസ്തുവിന്റെ വാഗ്ദാനത്തെ ആശ്രയിച്ച്, ആദ്യകാല ബുദ്ധിമുട്ടുകൾക്കിടയിലും എക്സാർക്കേറ്റ് ക്രമേണ വളർന്നു.

### എക്സാർക്കേറ്റിൽ നിന്നും രൂപതയിലേക്ക്

2018 ഡിസംബർ 22-ന്, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ കാനഡയിലെ സീറോ മലബാർ അപ്പസ്തോലിക് എക്സാർക്കേറ്റിനെ മിസിസാഗ എന്ന പേരിൽ രൂപത (Eparchy) പദവിയിലേക്ക് ഉയർത്തി.

2019 മേയ് 25-ന്, കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ നേതൃത്വത്തിൽ ഭാരതത്തിലെ പ്രഥമ വിശുദ്ധയായ വിശുദ്ധ അൽഫോൻസാമ്മയുടെ നാമത്തിൽ ഉള്ള സീറോ മലബാർ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് രൂപതയുടെ ഉദ്ഘാടനവും മാർ ജോസ് കല്ലുവേലിൽ പിതാവിന്റെ സ്ഥാനാരോഹണവും നടന്നു.

ഇന്ന്, മാർ ജോസ് കല്ലുവേലിന്റെ ആത്മീയ നേതൃത്വത്തിൽ, കാനഡ ഒട്ടാകെ 66 കേന്ദ്രങ്ങളിലൂടെ (20 പള്ളികൾ, 33 മിഷനുകൾ, 13 വിശുദ്ധ കുർബാന കേന്ദ്രങ്ങൾ) 30,000-ത്തിലധികം വിശ്വാസികൾക്ക് ശുശ്രൂഷ നൽകുന്നു. 35 വൈദികരും 8 സന്യാസിനികളും ഈ ദൗത്യത്തിൽ സഹകരിക്കുന്നു.

## രൂപത ഒറ്റനോട്ടത്തിൽ

| | |
|---|---|
| 1. ബിഷപ്പ് | : 1 |
| 2. രൂപത വൈദികർ | : 4 |
| 3. രൂപതയിൽ സേവനം ചെയ്യുന്ന വൈദികർ | : 31 |
| 4. സന്യാസിനികൾ | : 8 |
| 5. ഡീക്കൻമാർ | : 2 |
| 6. ബ്രദേഴ്സ് | : 7 |
| 7. ഡിപ്പാർട്മെന്റുകൾ, കമ്മീഷനുകൾ, കമ്മിറ്റികൾ | : 31 |
| 8. പള്ളികൾ, മിഷനുകൾ, വിശുദ്ധ കുർബാന കേന്ദ്രങ്ങൾ | : 66 |

9. പള്ളികൾ : 20
10. മിഷനുകൾ : 33
11. വിശുദ്ധ കുർബാന കേന്ദ്രങ്ങൾ : 13
12. സ്വന്തമായ ദേവാലയ കെട്ടിടങ്ങൾ : 7
(കത്തീഡ്രൽ, സ്കാർബറോ, എഡ്മൺട്ടൺ, കാൽഗരി, ഓഷാവ, ലണ്ടൻ ക്നാനായ, ലണ്ടൻ)
13. സ്വന്തമായ റെക്ടറികൾ : 8
(ബിഷപ്പ് ഹൗസ്, കത്തീഡ്രൽ, വാൻകൂവർ, വിന്നിപെഗ്, സസ്കട്ടൂൻ, ഓട്ടവ, സ്കാർബറോ, ലണ്ടൻ ക്നാനായ)
14. കോൺവെന്റുകൾ : 3 (CMC, CHF, AO)
15. കുടുംബങ്ങൾ : 7245
16. സീറോ മലബാർ കത്തോലിക്കർ : 30,000+

### ആദ്യ രൂപത അസംബ്ലി നവംബർ 09 12, 2023



രൂപതയെ സംബന്ധിക്കുന്ന പ്രധാന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി രൂപതാധ്യക്ഷൻ രൂപത അസംബ്ലി വിളിച്ചുചേർക്കുന്നു. മിസിസാഗ സീറോ മലബാർ രൂപതയുടെ ആദ്യ രൂപത അസംബ്ലി 2023 നവംബർ 09 മുതൽ 12 വരെ ഒന്റാറിയോയിൽ ഓറഞ്ച് വില്ലേയിൽ ഉള്ള Valley of Mother of God സെന്ററിൽ നടന്നു.

രൂപതയുടെ ഇപ്പോഴത്തെ ശുശ്രൂഷകളെ വിലയിരുത്തുകയും ഭാവിയിലെ ആത്മീയ പ്രവർത്തനങ്ങൾക്ക് പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുക എന്നതായിരുന്നു അസംബ്ലിയുടെ പ്രധാന ലക്ഷ്യം. 'Be a mission and build the Church" എന്നതായിരുന്നു അസംബ്ലിയുടെ പ്രമേയം. സഭയുടെ മിഷൻ പ്രവർത്തനത്തിന്റെ പ്രാധാന്യമാണ് ഇതിലൂടെ ഊന്നിപ്പറഞ്ഞത്.

അന്നത്തെ സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായിരുന്ന കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവ് അസംബ്ലിക്ക് അനുഗ്രഹവും പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശത്തിനായുള്ള പ്രാർത്ഥനയും നൽകി. മിസിസാഗ സീറോ മലബാർ രൂപതാധ്യക്ഷനായ മാർ ജോസ് കല്ലുവേലിൽ അസംബ്ലിയുടെ അധ്യക്ഷനായിരുന്നു. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പും സീറോ മലബാർ മെത്രാൻ സിനഡിന്റെ സെക്രട്ടറിയുമായ മാർ ജോസഫ് പാംപ്ലാനി ജനറൽ മോഡറേറ്ററായി സേവനം ചെയ്തു.

ഹാമിൽട്ടൺ ബിഷപ്പും CCCB Evangelization and Catechesis കമ്മീഷൻ പ്രസിഡന്റുമായ Douglas Crosby ‘കാനഡയിലെ സഭകളുടെ മിഷനറി-ആത്മീയ സഹകരണം” എന്ന വിഷയത്തിൽ ഉദ്ഘാടന പ്രസംഗം നടത്തി. ടൊറൊന്റോ-യുക്രെയ്നിയൻ രൂപതയുടെ ബിഷപ്പായ Bryan Bayda ‘യുവജനങ്ങളുടെ മിഷനറി വിളി ഇന്നും നാളേയും’ എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ചു. കാനഡയിലെ അപ്പസ്തോലിക് ന്യുൻഷ്യോ Ivan Jurkovic സമാപനച്ചടങ്ങിലെ മുഖ്യാതിഥിയായിരുന്നു.

മൂന്ന് ദിവസത്തെ ഈ സമ്മേളനത്തിൽ അഞ്ച് ബിഷപ്പുമാരുടെ സാന്നിധ്യവും മാർഗ്ഗനിർദ്ദേശവും വലിയ അനുഗ്രഹമായി. വൈദികർ, സന്യാസികൾ, തിരഞ്ഞെടുക്കപ്പെട്ട അൽമായ പ്രതിനിധികൾ എന്നിവരടങ്ങിയ 75 പേർ അസംബ്ലിയിൽ പങ്കെടുത്തു. രൂപതയുടെ ഭാവി ആത്മീയ പ്രവർത്തനങ്ങൾക്കായി സമയപരിധിയോടുകൂടിയ 14 നിർദേശങ്ങൾ അസംബ്ലി രൂപീകരിച്ച് മാർ ജോസ് കല്ലുവേലിൽ പിതാവിന് സമർപ്പിച്ചു.

### ദശാബ്ദാഘോഷത്തിന്റെ ഉദ്ഘാടനം



2024 സെപ്റ്റംബർ 28-ന് എഡ്മൻടൻ സെന്റ് അൽഫോൻസാ ഫോറോനാ ദൈവാലയത്തിൽ വച്ച് മിസിസാഗ രൂപതയുടെ ദശാബ്ദാഘോഷം ഉദ്ഘാടനം ചെയ്തു. കാനഡയിലെ അപ്പസ്തോലിക് ന്യുൻഷ്യോ Ivan Jurkovic ചടങ്ങുകൾ ഉദ്ഘാടനം ചെയ്തു.


മാർ ജോസ് കല്ലുവേലിൽ, 2024 സെപ്റ്റംബർ 28 മുതൽ 2025 സെപ്റ്റംബർ 20 വരെ മിസിസാഗ രൂപതയുടെ പത്താം വർഷം “വിശുദ്ധ കുർബാന വർഷം” ആയി പ്രഖ്യാപിച്ചു. എഡ്മൺട്ടൺ ആർച്ച് ബിഷപ്പായ Richard Smith അനുഗ്രഹപ്രസംഗം നടത്തി, ദശാബ്ദാഘോഷത്തിന്റെ ലോഗോ പ്രകാശനം ചെയ്തു. വർഷം മുഴുവൻ രൂപതയിൽ വ്യത്യസ്തങ്ങളായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി.

### ദശാബ്ദ വർഷ സമാപനാഘോഷം സെപ്റ്റംബർ 20, 2025

2025 സെപ്റ്റംബർ 20-ന്, മിസിസാഗയിലെ St. Alphonsa Cathedral ൽ ദശാബ്ദ വർഷ സമാപനാഘോഷം നടന്നു. കാനഡയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആത്മീയ നേതാക്കളും രാഷ്ട്രീയപ്രവർത്തകരും പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു.


മാർ ജോസ് കല്ലുവേലിൽ പിതാവ് സ്വാഗതപ്രസംഗം നടത്തി. സീറോ മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് വിശുദ്ധ കുർബാന അർപ്പിക്കുകയും സമാപനാഘോഷം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ടൊറൊന്റോയുടെ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് Francis Cardinal Leo അനുഗ്രഹപ്രസംഗം നടത്തി.

ചിക്കാഗോ രൂപതയുടെ സ്ഥാനം ഒഴിഞ്ഞ ബിഷപ്പായ മാർ ജേക്കബ് അങ്ങാടിയത്ത് ദശാബ്ദ സുവനീർ പ്രകാശനം ചെയ്തു. Bishop Bryan Bayda ആശംസാപ്രസംഗം നടത്തി. കാനഡയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വൈദികരും വിശ്വാസികളും സമൂഹനേതാക്കളും ആഘോഷത്തിൽ പങ്കെടുത്തു.















# ലെയോ പതിനാലാമൻ മാർപാപ്പയുടെ പ്രഥമ ചാക്രികലേഖനം 'മാഗ്നിഫിക്ക ഹുമാനിത്താസ്'




വത്തിക്കാൻ സിറ്റി: 'നിർമിത ബുദ്ധിയുടെ യുഗത്തിൽ മനുഷ്യ വ്യക്തിയുടെ സംരക്ഷണം' എന്ന കാലികപ്രസക്തമായ പ്രമേയത്തെ ആധാരമാക്കി മാഗ്നിഫിക്ക ഹുമാനിത്താസ് (Magnifica Humanitas) എന്ന പേരിൽ ലെയോ പതിനാലാമൻ പാപ്പ തയ്യാറാക്കിയ ചാക്രിക ലേഖനം വത്തിക്കാനിലെ സിനഡ് ഹാളിൽ മെയ് 25 പ്രാദേശിക സമയം രാവിലെ 11:30ന് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ പ്രകാശനം ചെയ്തു. വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയത്രോ പരോളിൻ, വിശ്വാസകാര്യങ്ങൾക്കായുള്ള വത്തിക്കാൻ ഡിക്കാസ്റ്ററി അധ്യക്ഷൻ കർദിനാൾ വികർ മാനുവൽ ഫെർണാണ്ടസ്, സമഗ്ര മാനവിക വികസനത്തിനായുള്ള ഡിക്കാസ്റ്ററി അധ്യക്ഷൻ കർദിനാൾ മൈക്കിൾ ചേർനി, ഡർഹാം സർവകലാശാലയിലെ പ്രമുഖ ദൈവശാസ്ത്രജ്ഞ പ്രൊഫസർ അന്ന റോളണ്ട്സ്, ആന്ത്രോപിക്സ് സഹ സ്ഥാപകൻ ക്രിസ്റ്റഫർ ഓല എന്നിവർ ചടങ്ങിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു സംസാരിച്ചു. മാർപാപ്പ നൽകിയ അപ്പസ്തോലിക ആശീർവാദത്തോടെയാണ് പ്രകാശന ചടങ്ങുകൾ സമാപിച്ചത്.

മാഗ്നിഫിക്കാ ഹുമാനിത്താസ്–മഹത്തായ മനുഷ്യവംശം എന്ന പേരിൽ അഞ്ച് അധ്യായങ്ങളായാണ് നൂറ്റി ഇരുപത്തിരണ്ടു പേജുകളുള്ള ഈ ചാക്രിക ലേഖനം തയ്യാറാക്കിയിരിക്കുന്നത് സഭയുടെ സാമൂഹിക സിദ്ധാന്തങ്ങളുടെ പശ്ചാത്തലത്തിൽ സാങ്കേതികവിദ്യ മനുഷ്യന് വിരുദ്ധമായ ഒരു ശക്തിയല്ലെന്ന് ഓർമ്മിപ്പിക്കുന്ന പാപ്പ എന്നാൽ അത് മാനവിക മൂല്യങ്ങളെ തകർക്കാൻ അനുവദിക്കരുതെന്ന് മുന്നറിയിപ്പ് നൽകുന്നു.

നിർമ്മിത ബുദ്ധിയുടെ വികസനത്തെ അതീവ ജാഗ്രതയോടെ സമീപിക്കണമെന്ന് ചാക്രികലേഖനത്തിൽ പാപ്പ വ്യക്തമാക്കുന്നു. എ.ഐ വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും കൃത്യമായ ഉത്തരവാദിത്തം നിശ്ചയിക്കണം. സ്വതന്ത്ര മേൽനോട്ടം, ശക്തമായ നിയത ചട്ടക്കൂടുകൾ, കൃത്യമായ നയരൂപീകരണം എന്നിവയിലൂടെ മാത്രമേ ഇതിന്റെ ദുരുപയോഗം തടയാനാകൂ ഡിജിറ്റൽ ലോകത്തെ വിദ്വേഷ പ്രചാരണങ്ങളെയും വ്യാജ വിവരങ്ങളെയും പ്രതിരോധിക്കേണ്ടതുണ്ട് വ്യക്തിഗത ഡാറ്റാ സുരക്ഷയും സുതാര്യമായ പത്രപ്രവർത്തനവും ഉറപ്പാക്കുന്ന ആശയവിനിമയ പരിസ്ഥിതി കാത്തുസൂക്ഷിക്കണമെന്നും പാപ്പ ഓർമ്മിപ്പിക്കുന്നു.

ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ അന്തസ് കാത്തുസൂക്ഷിക്കാൻ ഗർഭധാരണം മുതൽ സ്വാഭാവിക മരണം വരെയുള്ള ജീവിക്കാനുള്ള അവകാശം സംരക്ഷിക്കപ്പെടണമെന്ന് ലേഖനം ആവശ്യപ്പെടുന്നു. സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുക, ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ അംഗീകരിക്കുക എന്നിവയും പ്രധാനമാണ്. ഒരു രാഷ്ട്രത്തെ ഉന്മൂലനം ചെയ്യാനോ കീഴടക്കാനോ ഉള്ള ഏതൊരു പദ്ധതിയും കടുത്ത അധാർമ്മികവും അസ്വീകാര്യവുമാണെന്ന് പാപ്പ വ്യക്തമാക്കുന്നു.

ആഗോളതലത്തിൽ വർധിച്ചു വരുന്ന ആയുധ വ്യവസായത്തെയും ആണവായുധ മത്സരങ്ങളെയും പുതിയ സായുധ സംഘങ്ങളുടെ ആവിർഭാവത്തെയും പാപ്പ ശക്തമായി അപലപിച്ചു. അധികാരത്തിന്റെയോ ബലത്തിന്റെയോ വ്യക്തിക്ക് പിന്നാലെ പോകാതെ സമാധാനം നിലനിർത്താൻ നിലകൊള്ളാനാണ് ഓരോ വിശ്വാസിയും വിളിക്കപ്പെട്ടിരിക്കുന്നതെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് ചാക്രികലേഖനം അവസാനിക്കുന്നത്.

1891-ൽ ലെയോ പതിമൂന്നാമൻ മാർപാപ്പ പുറത്തിറക്കിയ മൂലധനത്തെയും അധ്വാനത്തെയും കുറിച്ചുള്ള ചാക്രികലേഖനമായ 'റേറും നൊവാരം ഓഫ് ന്യൂ തിംഗ്സ്' പ്രസിദ്ധീകരിച്ചതിന്റെ 135-ാം വാർഷികമായിരുന്ന മെയ് 15 നായിരുന്നു ലെയോ പതിനാലാമൻ പാപ്പ ഈ പുതിയ രേഖയിൽ ഒപ്പുവെച്ചത്.

# ഭക്തിസാന്ദ്രമായി ഐൻസീഡൽ മരിയൻ തീർഥാടനം



സൂറിച്ച്: സ്വിറ്റ്സർലണ്ടിലെ വിഖ്യാതമായ ഐൻസീഡൽ (Einsiedeln Abbey) മരിയൻ തീർഥാടന കേന്ദ്രത്തിലേക്കുള്ള സീറോമലബാർ കമ്മ്യൂണിറ്റിയുടെ വാർഷിക തീർത്ഥാടനം ഭക്തിസാന്ദ്രമായ ചടങ്ങുകളോടെ നടന്നു. മെയ് 30-ന് നടന്ന ഈ വർഷത്തെ ആത്മീയ സംഗമത്തിൽ സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് വിശിഷ്ടാതിഥിയായി പങ്കെടുത്തു.

യൂറോപ്പിലെ ഏറ്റവും പ്രധാനപ്പെട്ടതും നൂറ്റാണ്ടുകൾ പഴക്കമുള്ളതുമായ മരിയൻ തീർഥാടന കേന്ദ്രങ്ങളിലൊന്നാണ് ഐൻസീഡൽ ബെനഡിക്റ്റൈൻ ആശ്രമം. ഒൻപതാം നൂറ്റാണ്ട് മുതൽ പ്രശസ്തമായ ഈ പുണ്യകേന്ദ്രത്തിൽ, അത്ഭുതങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വിശ്വസിക്കപ്പെടുന്ന 'കറുത്ത മാതാവിന്റെ' (Black Madonna) തിരുസ്വരൂപമുണ്ട്. യേശുക്രിസ്തുവിന്റെ കല്ലറയെ അനുസ്മരിപ്പിക്കുന്ന രീതിയിൽ നിർമ്മിച്ച 'ലേഡി ചാപ്പലിലാണ്' (Chapel of Grace) ഈ തിരുസ്വരൂപം പ്രതിഷ്ഠിച്ചിരിക്കുന്നത്. സൂറിച്ചിൽ നിന്ന് 40 മിനിറ്റ് യാത്രാദൂരമുള്ള ഈ ദേവാലയത്തിലേക്ക് എല്ലാ വർഷവും സൂറിച്ചിലെ സീറോമലബാർ കമ്മ്യൂണിറ്റി പ്രത്യേക തീർഥാടനം നടത്തിവരാറുണ്ട്.

തീർഥാടനത്തിന്റെ ഭാഗമായി ദേവാലയത്തിൽ നടന്ന ആഘോഷമായ സമൂഹബലിക്ക് മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് കാർമ്മികത്വം വഹിച്ചു. യൂറോപ്പിലെ സീറോമലബാർ അപ്പോസ്തോലിക് വിസിറ്റേറ്റർ ബിഷപ് മാർ സ്റ്റീഫൻ ചിറപ്പണത്ത്, സ്വിറ്റ്സർലണ്ടിലെ വിവിധ പ്രാദേശിക മിഷനുകളിൽ നിന്നുള്ള വൈദികർ എന്നിവർ സന്നിഹിതരായിരുന്നു. സ്വിറ്റ്സർലണ്ടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അയൽരാജ്യങ്ങളിൽ നിന്നും എത്തിയ നൂറുകണക്കിന് പ്രവാസി മലയാളി വിശ്വാസികൾ ഈ വർഷത്തെ തീർഥാടനത്തിൽ പങ്കുചേർന്ന് ആത്മീയ കൃപകൾ ഏറ്റുവാങ്ങി.

# ല്‌വ്റെ ദ്‌ഓറിയന്ത് 170–ാം വാർഷികാഘോഷം



പാരീസ്: പൗരസ്ത്യ കത്തോലിക്കാ സഭകളുടെ ഉന്നമനത്തിനും സംരക്ഷണത്തിനുമായി നിലകൊള്ളുന്ന പ്രമുഖ ഫ്രഞ്ച് കത്തോലിക്കാ സംഘടനയായ 'ല്‌വ്റെ ദ്‌ഓറിയന്ത്' (L'Œuvre d'Orient)-ന്റെ 170-ാമത് വാർഷികാഘോഷങ്ങളിൽ സിറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് പങ്കെടുത്തു. 2026 മേയ് 9, 10 തീയതികളിൽ പാരീസിലാണ് ആഗോള കത്തോലിക്കാ സമൂഹത്തിന്റെ ശ്രദ്ധയാകർഷിച്ച ചരിത്രപരമായ ഈ സമ്മേളനം നടന്നത്.

ആഘോഷങ്ങളുടെ പ്രധാന ഭാഗമായി മേയ് 10-ാം തീയതി വിഖ്യാതമായ പാരീസ് നോത്രദാം കത്തീഡ്രലിൽ വെച്ച് കൃതജ്ഞതാ ദിവ്യബലി അർപ്പിക്കപ്പെട്ടു. പൗരസ്ത്യ സഭകൾക്കായുള്ള വത്തിക്കാൻ ഡിക്കാസ്റ്ററിയുടെ പ്രിഫെക്ട് കർദ്ദിനാൾ ക്ലോഡിയോ ഗുജറോത്തി ദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. പാരീസ് ആർച്ച്ബിഷപ്പ് ലോറന്റ് ഉൾറിച്ച് ഫ്രാൻസിലെ പൗരസ്ത്യ കത്തോലിക്കർക്കായുള്ള വികാരി ജനറലും ലെയുവ് ദൊറിയാന്തിന്റെ ഡയറക്ടർ ജനറലുമായ മോൺസിഞ്ഞോർ ഹ്യൂഗ്സ് ഡി വോയ്ലെമോണ്ട് എന്നിവർ സഹകാർമ്മികരായിരുന്നു.

രണ്ടു ദിവസങ്ങളിലായി നടന്ന പരിപാടികളിൽ ആഗോളതലത്തിൽ പൗരസ്ത്യ ക്രൈസ്തവർ നേരിടുന്ന വെല്ലുവിളികൾ, സഭകളുടെ മിഷനറി ദൗത്യങ്ങൾ, പാരമ്പര്യങ്ങളുടെ സംരക്ഷണം എന്നിവയെക്കുറിച്ചുള്ള വിവിധ സമ്മേളനങ്ങളും ചർച്ചകളും നടന്നു. പൗരസ്ത്യ സഭകളുടെ ഐക്യത്തിന്റെ ദൃശ്യരൂപമായി നോത്രദാം കത്തീഡ്രലിലെ ഈസ്റ്റേൺ ക്രിസ്ത്യൻസ് ചാപ്പലിൽ പ്രത്യേക പ്രാർത്ഥനകളും നടന്നു. കഴിഞ്ഞ 170 വർഷങ്ങളായി വിദ്യാഭ്യാസ-സാമൂഹിക-ആത്മീയ മേഖലകളിൽ ലെയുവ് ദൊറിയാന്ത് നൽകിവരുന്ന വിലമതിക്കാനാവാത്ത സംഭാവനകളെ യോഗത്തിൽ അനുസ്മരിക്കുകയും ആദരിക്കുകയും ചെയ്തു. തുടർന്ന് നടന്ന സൌഹൃദസമ്മേളനത്തിൽ മാർ റാഫേൽ തട്ടിൽ പിതാവ് ഇതര സഭാതലവന്മാരുമായി കൂടിക്കാഴ്ച നടത്തുകയും സീറോ മലബാർ സഭയുടെ ആഗോള മിഷനറി മുന്നേറ്റങ്ങളെക്കുറിച്ച് പങ്കുവെക്കുകയും ചെയ്തു.